VYAVASAYA KERALAM
May 2018

# വ്യവസായ കേരളം

Volume 50 Issue 12



## എൽ. ഡി. എഫ് സർക്കാർ


## കരുതലിന്റെ രണ്ടു വർഷങ്ങൾ ... കരുത്തോടെ മുന്നോട്ട്...



വിശേഷാൽ പതിപ്പ്

പ്ലാസ്റ്റിക് വ്യവസായം തുടങ്ങാം സി. എഫ്. എസ്. സി യിലൂടെ

മാറുന്ന ബിസിനസ്സ് വിർച്വൽ റിയാലിറ്റിയുടെ മാന്ത്രികലോകം



Refresh, Reenergize, Revive
LEEMAT
AQUAPURE
AQUAPURE
A Brand you can trust for quality
Leemat Aquapure is treated through 5 stage filteration process
R.O
LEEMAT
ENTERPRISES
Kizhakkupuram, Pathanamthitta, Kerala, Pin: 689653
9497387166, 9496952235 www.leematenterprises.com
info@leematenterprises.com



Aadis
ENTERPRISES
JUICES SOFT DRINKS CLUB SODA
Best
QUALITY
guaranteed
Real fresh Real fun
www.aadisenterprises.com

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

മെയ് 2018 പുസ്തകം 50 ലക്കം 12
May 2018 Volume 50 Issue 12

കവർസ്റ്റോറി

06
എൽ. ഡി. എഫ് സർക്കാർ: കരുതലിന്റെ രണ്ടു വർഷങ്ങൾ .... കരുത്തോടെ മുന്നോട്ട്...
അജിത് കട്ടയ്ക്കാൽ




30 പ്ലാസ്റ്റിക് വ്യവസായം തുടങ്ങാം സി. എഫ്. എസ്. സി യിലൂടെ

34 ഗിനിപ്പന്നികൾ ഇനി ധനപ്പന്നികൾ
ഡോ. ഷൈൻകുമാർ



38 ചെറുകിട വ്യവസായം- പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും
എഴുമാവിൽ രവീന്ദ്രനാഥ്

44 വിദ്യാർത്ഥികളിലെ സംരംഭകത്വ വികസനം - സാധ്യതകൾ
ഡോ. ശചീന്ദ്രൻ. വി

49 മാറുന്ന ബിസിനസ്സ് വിർച്വൽ റിയാലിറ്റിയുടെ മാന്ത്രികലോകം
ലോറൻസ് മാത്യു



# മുഖക്കുറിപ്പ്


**ചീഫ് എഡിറ്റർ**
കെ. ബിജു ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ–**
vyavasayakeralam@gmail.com
**വെബ്സൈറ്റ്–**
www.keralaindustry.org

പ്രതിനിധികൾ–
- **തിരുവനന്തപുരം** : കെ. നാരായണൻകുട്ടി
- **കൊല്ലം** : കെ.ബി. ലങ്കേഷ്
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : ബി. സുരേഷ്
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : രഞ്ജിത് ബാബു
- **എറണാകുളം** : പി. സ്വപ്ന
- **തൃശൂർ** : ആർ സ്മിത
- **പാലക്കാട്** : എം.വി. ബൈജു
- **മലപ്പുറം** : എ. അബ്ദുൾ ലത്തീഫ്
- **കോഴിക്കോട്** : വി.ആർ. സിമി ചന്ദ്രൻ
- **വയനാട്** : ടി.ആർ. ബാബുരാജ്
- **കണ്ണൂർ** : ഇ.ആർ. നിധിൻ
- **കാസർഗോഡ്** : കെ. പീതാമ്പരൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഷബീർ എം.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
അരുൺ വി.എൻ., നിഷ,
വിപിൻ വി.എസ്.,
ബേബി. വൈ
രാമകൃഷ്ണൻ എഴുത്തച്ചൻ



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.


## പുത്തൻ പദ്ധതികളുമായി സർക്കാർ മൂന്നാം വർഷത്തിലേക്ക്

2018 മെയ് മാസമാണല്ലോ സംസ്ഥാന മന്ത്രിസഭ അഭിമാനപൂർവ്വം രണ്ടു വർഷം പൂർത്തിയാക്കുന്നത്. വ്യവസായ വാണിജ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടു വർഷം വ്യവസായ മേഖലയ്ക്ക് കരുത്തു നൽകുന്ന ഒരുപിടി പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞു. മൂന്നാം വർഷത്തേക്ക് കടക്കുമ്പോൾ ആ മേഖലയ്ക്ക് കൂടുതൽ ഊർജ്ജം പകരാൻ കഴിയുന്ന ഒരുകൂട്ടം പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറെടുക്കുകയാണ്. അതിൽ പ്രധാനപ്പെട്ട പദ്ധതികളെക്കുറിച്ച് പ്രതിപാദിക്കാം.

സംരംഭകർ മറ്റുള്ളവർക്ക് തൊഴിൽ നൽകുകയും സംരംഭത്തിൽ നിന്ന് ലാഭം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്. ചിലപ്പോൾ അവരുടെ സംരംഭങ്ങൾ പരാജയപ്പെടുകയും കടബാദ്ധ്യതകൾ ഉണ്ടാകുകയും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തന്നെ തകരുകയും ചെയ്യുന്നു. മറ്റു ചിലപ്പോൾ സംരംഭകന് ജീവഹാനി സംഭവിക്കുന്നു. ഇത് മനസ്സിൽ വച്ചുകൊണ്ടാണ് വ്യവസായ വകുപ്പ് "Scheme for Social Security for MSME" പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം സംരംഭകന് അപകടം, സാധാരണ മരണം, ഭാഗിക, സ്ഥിര അംഗവൈകല്യങ്ങൾ എന്നിവ സംഭവിക്കുമ്പോൾ സംരംഭ മേഖലയിലെ ഉടമസ്ഥർക്ക് ഇൻഷുറൻസ് കവറേജ് ലഭിക്കുന്നു.



**കെ. ബിജു,** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതോ, തുടക്കം കുറിച്ചതോ ആയ സംരംഭങ്ങളെല്ലാം വിജയിക്കണമെന്നില്ല. ചില സംരംഭങ്ങൾ നഷ്ടത്തിലാകുകയും യൂണിറ്റിന് ബാധ്യതകൾ ഉണ്ടായി പൂട്ടിപോകുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. ഇങ്ങനെയുള്ള സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് "The Kerala Stressed MSMEs Revival & Rehabilitation Scheme". ഈ പദ്ധതി പ്രകാരം ബാങ്ക് യൂണിറ്റിന്റെ വായ്പ പുനക്രമീകരിച്ചു നൽകാൻ തയ്യാറായാൽ അഡിഷണൽ വർക്കിംഗ് ക്യാപ്പിറ്റൽ ലോണും, റ്റേം ലോണും അനുവദിക്കുന്നതിനുവേണ്ടി ബാങ്ക് ആവശ്യപ്പെടുന്ന മാർജ്ജിന്റെ 50% പരമാവധി 2 ലക്ഷം രൂപ സഹായമായി നൽകുന്നു. ആരംഭവർഷത്തിൽ മുകളിൽ പറഞ്ഞ അഡീഷണൽ ലോണുകളുടെ 6% പരമാവധി ഒരു ലക്ഷം രൂപ പലിശ സബ്സിഡിയും നൽകുന്നു.

മുകളിൽ പ്രതിപാദിച്ച പദ്ധതികൾ കൂടാതെ തൊഴിലുടമയും തൊഴിലാളികളും തമ്മിലുള്ള ബന്ധം ഊഷ്മളമായി നിലനിർത്തുന്നതിനും, തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നതിനും "ESI/EPF Reimbursement Scheme for New Employment" എന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. വിസ്താരഭയത്താൽ ഈ പദ്ധതികളുടെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇപ്രകാരം ഈ സാമ്പത്തികവർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിന് സംരംഭകരും തൊഴിലാളികളും ഉൾപ്പെടെ എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ചീഫ് എഡിറ്റർ

# വ്യാവസായിക കേരളം അഭിമാനത്തോടെ മൂന്നാം വർഷത്തിലേക്ക്

നവ കേരളം ലക്ഷ്യം വെച്ചുള്ള കേരള സർക്കാരിന്റെ പ്രയാണത്തിൽ വ്യാവസായിക മേഖലയാകെ തളർച്ചയിൽ നിന്ന് വളർച്ചയിലേക്കുള്ള പടവുകൾ കയറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് രണ്ടു വർഷം കൊണ്ട് കേരളത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും ലാഭത്തിലാക്കുവാനും, പൊതു വളർച്ചയിലേക്ക് നയിക്കുന്നതിനും കഴിഞ്ഞു. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഊർജ്ജം പകരുന്ന വിധത്തിൽ കൊച്ചി- ബാംഗ്ലൂർ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള നടപടിയും വ്യോമ-റെയിൽ-ജല ഗതാഗത വികസനത്തിലും തീരദേശ, മലയോര ഹൈവേകളുടെ വികസനത്തിലും ഒപ്പം വ്യവസായങ്ങൾക്ക് പശ്ചാത്തല സൗകര്യ വികസനം ഒരുക്കുന്നതിനുള്ള പ്രയത്നവും, ഗെയിൽ പൈപ്പ്ലൈൻ വഴിയുള്ള ഗ്യാസ് വിതരണ പദ്ധതിയും, പെട്രോ കെമിക്കൽ ഇൻഡസ്ട്രിയൽ പാർക്കും ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കും, ലൈഫ് സയൻസ് പാർക്കും, ടെക്നോ- ഇൻഡസ്ട്രിയൽ പാർക്കും, അന്തർദേശീയ ഫർണിച്ചർ ഹബ്ബും, മെഗാ ഫുഡ് പാർക്കുകളും ഉയരങ്ങളിലേക്കുള്ള പടവുകളിലാണ്. ആധുനിക മരുന്ന് നിർമ്മാണ മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിനും ടെക്സ്റ്റൈൽ മേഖലയിൽ അടിസ്ഥാന വളർച്ച കൈവരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

കേരളത്തിന്റെ അഭിമാനമായിരുന്ന കെൽട്രോണിന്റെ വികസനവും, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ച ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളും, വ്യവസായ വികസനത്തിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും, പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ, സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഉള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമനിർമ്മാണം തുടങ്ങിയവ ഈ സർക്കാരിന്റെ ചരിത്ര നേട്ടങ്ങളാണ്.

പരമ്പരാഗത കൈത്തറി, ഖാദി, കരകൗശല മേഖലകളിൽ തൊഴിലാളികളുടെ ജീവിത സംരക്ഷണം ലക്ഷ്യമാക്കി സ്വീകരിച്ച പദ്ധതി പ്രവർത്തനങ്ങളും ഗ്രാമീണ വ്യാവസായിക മേഖലയിൽ വളർച്ചയുടെ പുത്തൻ ഏടുകളാണ് തുന്നിച്ചേർത്തിട്ടുള്ളത്. പ്രതിസന്ധികളുടെ ആഴങ്ങളിലാണ്ടിരുന്ന തൊഴിലാളികൾക്ക് പ്രതീക്ഷയുടെ പുതു വെളിച്ചത്തിലേയ്ക്കു നയിക്കുവാൻ കഴിഞ്ഞു എന്നത് ഏറെ ചാരിതാർത്ഥ്യത്തോടെ കുറിക്കട്ടെ.

മൂന്നാം വർഷത്തേക്കുള്ള ഈ സർക്കാറിന്റെ പ്രയാണത്തിൽ എല്ലാവരുടെയും സഹകരണങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയോടെ.

അജിത് കട്ടയ്ക്കാൽ




# എൽ. ഡി. എഫ് സർക്കാർ: കരുതലിന്റെ രണ്ടു വർഷങ്ങൾ .... കരുത്തോടെ മുന്നോട്ട്...

പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ് സർക്കാർ ഉറച്ച ചുവടുകളോടെ മൂന്നാം വർഷത്തിലേക്ക് പദമൂന്നുകയാണ്. കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ കേരളത്തിലെ വ്യവസായ മേഖലയിലാകെ പുത്തനുണർവ്വും ഉശിരും നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിരവധി വ്യവസായങ്ങളെ പ്രതിസന്ധികളിൽ നിന്ന് കൈപിടിച്ചുയർത്താനും? പ്രതിബന്ധങ്ങളിൽ തളർന്നുപോയ സംരഭകർക്ക് സംരക്ഷ നൽകി പുഷ്ടിപ്പെടുത്താനും വ്യവസായ വാണിജ്യ വകുപ്പിന് സാധിച്ചിട്ടുണ്ട്.

ഒരു ഉപഭോഗ സംസ്ഥാനമെന്ന വിളിപ്പേരിൽ നിന്നും കേരളത്തെ ഒരു ഉല്പ്പാദന-വിപണന സംസ്ഥാനമാക്കി മാറ്റാനുള്ള നിരവധി കർമ്മപദ്ധതികൾക്കാണ് ചുരുങ്ങിയ കാലത്തിനുള്ളിൽ സർക്കാരും വ്യവസായ വകുപ്പും രൂപം നൽകിയത്. കേരളത്തിലെ വ്യവസായ മേഖലയിലെ സമസ്ത സംരംഭകർക്കും ആശ്വാസമാകുന്ന നിരവധി പ്രവർത്തനോന്മുഖമായ ചുവടുവയ്പ്പുകളാണ് ഈ സർക്കാരും വ്യവസായ വാണിജ്യ വകുപ്പും നടത്തിവരുന്നത്.

വ്യവസായ കേരളത്തിന്റെ മുഖച്ഛായതന്നെ അടിമുടി മാറ്റിയെഴുതാൻ സംരംഭങ്ങളെ സജ്ജമാക്കുന്നതിനും, ദൈവത്തിൻറെ സ്വന്തം നാട്ടിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനും, സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളുടെ നിർവ്വചനം തന്നെ മാറ്റിയെഴുതുന്നതിനുമാണ് 'കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ്



ഫെസിലിറ്റേഷൻ ആക്റ്റ്- 2017' എന്നപേരിൽ പുതിയ ഓർഡിനൻസിന് രൂപം നല്കിയത്. സംസ്ഥാനത്തെ വ്യവസായ മേഖല ഇരുകൈകളും നീട്ടിയാണ് 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമാമാക്കലും നിയമത്തെ' സ്വീകരിച്ചത്. ഇതിനെ സംബന്ധിച്ച് മികച്ച പ്രതികരണങ്ങളാണ് വിവിധ തലങ്ങളിൽ നിന്നും സർക്കാരിനും വ്യവസായ വാണിജ്യ വകുപ്പിനും ലഭിക്കുന്നത്.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സൂഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ ഉന്നമനത്തിനായി ലക്ഷ്യമിട്ട പദ്ധതികൾക്കായി 125.74 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ബഡ്ജറ്റ് തുകയുടെ 96.76 ശതമാനം തുകയും ഈ മേഖലയുടെ വികസനത്തിനായി ചിലവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങളായ കരകൌശലം, കൈത്തറി മേഖലയുടെ ഉന്നമനവും വികസനവും ലക്ഷ്യമിട്ട് 1042.25 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയത്. സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന പശ്ചാത്തല വികസനത്തിനായി 4500 ലക്ഷം രൂപ ചിലവിട്ടപ്പോൾ, സംരംഭകത്വ സഹായ പദ്ധതിയിലൂടെ 4700 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം സബ്സിഡി ഇനത്തിൽ സംരംകർക്ക് നൽകാനും വ്യവസായ വാണിജ്യവകുപ്പിന് കഴിഞ്ഞിഞ്ഞു.

കിഫ്ബിയുടെ 1866 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെ പെട്രോ കെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി എഫ്.എ.സി.ടിയുടെ 600 ഏക്കർ സ്ഥലം ഏറ്റെടുത്ത് തുടർപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പാലക്കാടും, ആലപ്പുഴയിലും മെഗാ ഫുഡ് പാർക്കുകൾ, അങ്കമാലിയിൽ അപ്പാരൽ പാർക്ക്, വേളി, പുഴയ്ക്കൽപാടം, വരവൂർ എന്നിവിടങ്ങളിൽ വ്യാപാര സമുച്ചയങ്ങൾ തുടങ്ങിയ പദ്ധതികളെല്ലാം സമയബന്ധിതമായി കർമ്മപഥത്തിൽ എത്തിക്കാനുള്ള ശ്രമങ്ങളും നടക്കുകയാണ്.

കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായിതോടെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ 9127 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിൻറെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിൽ വേരുകൾ ആഴ്ന്നിറങ്ങിയിട്ടുള്ള ഒരു സുപ്രധാന പരമ്പരാഗത തൊഴിൽ മേഖലയാണ് കൈത്തറിയും ഉൽപ്പന്നങ്ങളും. ക്രിസ്തുവിൻറെ ജനനത്തിനും 200 വർഷം മുൻപ് മുതൽ എ.ഡി. 800വരെയുള്ള കാലത്ത് കൈത്തൊഴിലുകളുടെ അടിസ്ഥാനത്തിലാണ് ഓരോ സമൂഹങ്ങൾ ലോകത്ത് രൂപപ്പെട്ടതെന്ന് ചരിത്രകാരന്മാർ പഠനങ്ങളിലൂടെ ചൂണ്ടിക്കാട്ടുന്നു. ഇക്കാലത്താണ് കൈത്തറിയും ഇതിനെ ചുറ്റിപ്പറ്റിയുള്ള സാങ്കേതിക വിദ്യയും ലോകത്ത് ഉടലെടുത്തതെന്നാണ് വിശ്വാസം.

കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും അപചയങ്ങളും ചെറുതായിരുന്നില്ല. ഈ മേഖലക്ക് ഓർക്കാപ്പുറത്ത് സംഭവിച്ച അപജയങ്ങളും പരാജയങ്ങളും ഈ മേഖലയിൽ പണിയെടുത്തിരുന്നരുടെ ജീവിതങ്ങളിലും പ്രതിഫലിച്ചു. പ്രത്യക്ഷമായും പരോക്ഷമായും കൈത്തറിയെ ഉപജീവനമായി കൊണ്ടുനടന്നവർ കടുത്ത സാമ്പത്തിക പ്രതിസന്ധികളിലേക്ക് എടുത്തെറിയപ്പെട്ടു. നെയ്ത്തുകാരൻറെ വീട്ടിലേക്ക് ദാരിദ്ര്യവും നിസഹായതയും അതിഥികളായെത്തി. തീപുകയാത്ത അടുപ്പുകൾ ദാരിദ്ര്യത്തിൻറെ പ്രതീകങ്ങളായി. വിശപ്പ്

സഹിക്കാതെ വാവിട്ടു കരഞ്ഞ കുഞ്ഞുങ്ങളുടെ അരവയർ നിറയ്ക്കാൻ പൊന്നുപോലെ കാത്തുസൂക്ഷിച്ചിരുന്ന തറികൾ പലരും കിട്ടിയ വിലക്ക് വിറ്റ ചരിത്രമുണ്ട് കേരളത്തിലെ കൈത്തറി മേഖലക്ക്. പരമ്പരാഗതവും പൌരാണികവുമായ ഒരു തൊഴിൽ മേഖലയിൽ സംഭവിച്ച അപചയങ്ങൾ തുടച്ചുമാറ്റി കേരളത്തിലെ കൈത്തറി മേഖലക്കും അനുബന്ധ തൊഴിലുകൾക്കും ഉയിർത്തെഴുന്നേൽപ്പിനുള്ള കളമൊരുക്കാൻ വ്യവസായ വകുപ്പിന് കഴിഞ്ഞു. സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിലെ പ്രൈമറിതലം മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ കുരുന്നുകൾക്കും സൌജന്യമായി സ്കൂൾ യൂണിഫോം വിതരണം നടത്താനുള്ള പദ്ധതിയിലൂടെ കൈത്തറി മേഖലയുടെ തിരിച്ചുവരവിന് ഈ സർക്കാർ കളമൊരുക്കി. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കേരളത്തിലെ കൈത്തറി മേഖലയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന മൂവായിരത്തിലധികം കുടുംബങ്ങൾക്കാണ് താങ്ങും തണലുമായത്. പൊതുവിദ്യാഭ്യാസ മേഖലയെ പ്രോത്സാഹിപ്പിക്കാനും സർക്കാർ സ്കൂളിൽ മക്കളെ പഠിപ്പിക്കുന്ന രക്ഷിതാക്കൾക്ക് കൈത്താങ്ങാവാനും ഈ പദ്ധതിക്ക് കഴിഞ്ഞു.

സംസ്ഥാനത്തെ എല്ലാതരം വ്യവസായ സംരംഭങ്ങളെയും അടയാളപ്പെടുത്തുന്നതിനായി സർക്കാരും വ്യവസായ വാണിജ്യ വകുപ്പും സംയുക്തമായി തയ്യാറാക്കിയ 'കേരളത്തിൻറെ വ്യവസായ ഭൂപടം' ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി തീരുകയാണ്. സംസ്ഥാനത്തെ സൂഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വ്യവസായ ഭൂപടത്തിൽ തങ്ങളുടെ സ്വന്തം സംരംഭത്തെ അടയാളപ്പെടുത്താനും അതുവഴി ഈ മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി സർക്കാർ ആസൂത്രണം ചെയ്യുന്ന നിരവധി കർമ്മപദ്ധതികളിൽ ഭാഗഭാക്കാകുവാനും 'വ്യവസായജാലകം' വഴിതുറന്നു. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സമഗ്രമ വിവരങ്ങൾ ശേഖരിക്കുന്നതിനും സംരംഭങ്ങളുടെ ചിത്രങ്ങൾ സഹിതം ഇവയുടെ ഭൌമസ്ഥാനം രേഖപ്പെടുത്തുന്നതിനും ജിയോ പോർട്ടൽ സഹായകമായി. വ്യവസായ ജാലകം പദ്ധതിയിലൂടെ നടത്തിയ വിവര ശേഖരണം വഴി കുറ്റമറ്റരീതിയിൽ രൂപകല്പ്പന ചെയ്തതാണ് കേരളത്തിൻറെ വ്യവാസ ഭൂപടം. സംസ്ഥാനത്തെ മുഴുവൻ വ്യവസായങ്ങളുടെയും അനുബന്ധ സൌകര്യങ്ങളുടെയും വിവരശേഖരണാർത്ഥം 2017ലാണ് വ്യവസായജാലകം പദ്ധതി ആരംഭിച്ചത്. വ്യവസായ വികസന ഉദ്യോഗസ്ഥർ സംസ്ഥാന വ്യാപകമായി മേഖലാതല പ്രവർത്തനങ്ങൾ നടത്തിയാണ് ഇതിനായുള്ള വിവരങ്ങൾ ശേഖരിച്ചത്. ഒരുലക്ഷത്തിപതിനായിരത്തിൽപരം വ്യവസായ യൂണിറ്റുകളുടെയും വ്യവസായ എസ്റ്റേറ്റുകൾ, ബിസിനസ് ഇൻകുബെഷൻ സെൻററുകൾ, കേന്ദ്ര-സംസ്ഥാന വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങൾ, റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഇ. ഡി. ക്ലബ്ബുകൾ, സ്റ്റാർട്ട് അപ്പ് വില്ലേജുകൾ, ക്ലസ്റ്ററുകൾ ഉൾപ്പെടെയുള്ള ജിയോ ടാഗ്ഡ് ആയിട്ടുള്ള ആയിരത്തോളം വ്യവസായ സൌകര്യങ്ങളുടെയും സമഗ്രമായ വിവരങ്ങളാണ് വ്യവസായജാലകം പദ്ധതിയിലൂടെ സമാഹരിക്കപ്പെട്ടത്. സംരംഭങ്ങളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുക വഴി സംരംഭകനും വ്യവസായ വാണിജ്യ വകുപ്പിനും സർക്കാരിനും ഒട്ടേറെ കർമ്മപദ്ധതികളുമായി ഇനിയും ബഹുദൂരം മുന്നോട്ട് കുതിക്കാനാവുമെന്നാണ് പ്രതീക്ഷ.

പ്രതികൂലമായ സാഹചര്യങ്ങളാൽ പ്രതിസന്ധികളിൽ അകപ്പെട്ടുപോയ നിരവധി സംരംഭങ്ങളെയും സംരംഭകരെയും മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് കഴിഞ്ഞ 24 മാസത്തിനിടെ ഈ ഗവൺമെൻറ് നിരവധി കർമ്മപദ്ധതികൾക്ക് രൂപംനൽകിയിട്ടുണ്ട്. കേരളത്തിൻറെ ഉദ്പാദന മേഖലക്കും സമ്പദ് വ്യവസ്ഥക്കും അളവറ്റ സംഭാവനകൾ നൽകുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലക്ക് പുത്തൻ സാങ്കേതിക വിദ്യയുമായി കൂട്ടിയിണക്കി വൈവിധ്യവല്ക്കരിക്കാനുള്ള സർക്കാർ ശ്രമങ്ങൾക്ക് ഇതിനോടകം മികച്ച പ്രതികരണമാണ് ലഭിച്ചത്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ സംരംഭകർക്ക് പരമാവധി സേവനങ്ങളും വിവരങ്ങളും കൃത്യതയോടെ, സമയബന്ധിതമായി എത്തിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് ഒരു ബ്രഹത്തായ കർമ്മപദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്ക് നാന്ദി കുറിച്ചാണ് 'ഇ-ഗവേണൻസ്' ആവിഷ്കരിച്ചത്. ഇ-ഗവേണൻസിലൂടെ സംരംഭകർക്ക് പരമാവധി സേവനം പരമാവധി വേഗത്തിലും കൃത്യതയിലും അളവിലും എത്തിക്കാനാണ് വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യമിടുന്നത്.

സൂഷ്മ ചെറുകിട വ്യവസായങ്ങൾക്ക് കേരളത്തിൽ അനന്തസാധ്യതകളാണുള്ളത്. ഇതിൽത്തന്നെ നാനോ വ്യവസായങ്ങൽക്കാണ് ഏറെ സാധ്യതക്കൂടുതൽ. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളോടെ നടപ്പിലാക്കിവരുന്ന നാനോ വ്യവസായങ്ങൾ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള ഉദ്പാദന സേവന വളർച്ച ത്വരിതഗതിയിലാക്കി. കേരളത്തിലെ നാനോ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപുലമാക്കുന്നതിനുമായി സർക്കാർ ഒരു പ്രത്യേക പദ്ധതിക്ക്തന്നെ രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ ഗാർഹിക നാനോ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 2017ലാണ് ഈ പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. കേരളത്തിൽ വ്യവസായ സംരംഭങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി മുമ്പെങ്ങുമില്ലാത്ത വിധം പ്രവർത്തനങ്ങളാണ് ഈ സർക്കാരും വ്യവസായ വാണിജ്യവകുപ്പും നടത്തിവരുന്നത്.

സംസ്ഥാനത്ത് എല്ലാത്തരം സംരംഭങ്ങളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്താനും വാണിജ്യ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി നിരവധി മേളകൾ സംഘടിപ്പിക്കാനും വ്യവസായ വാണിജ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയറിലെ (IIFT) സജീവ പങ്കാളിത്തത്തിന് പുറമേ, കേരള ബിസിനസ് ടു ബിസിനസ് മീറ്റ്, കേരള അഗ്രോ ഫുഡ് പ്രോ, മലബാർ ക്രാഫ്റ്റ് മേള, ബാംബൂ ഫെസ്റ്റ്, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക വിപണി കണ്ടെത്തുന്നതിനും പൊതുസമൂഹത്തിൽ ഇത്തരം ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുതിനുമായി സംസ്ഥാനത്തെ ജില്ലകൾ കേന്ദ്രീകരിച്ച വ്യവസായ പ്രദർശനങ്ങൾ തുടങ്ങിയവ ഇവയിൽ ചിലത് മാത്രം.

വ്യവസായ വികസനങ്ങളെ സഹായിക്കുന്നതിനായുള്ള യന്ത്രങ്ങളെ പരിചയപ്പെടുത്താനും ആവശ്യമുള്ളവർക്ക് അവ നിർമ്മാതാക്കളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുമായി സംഘടിപ്പിച്ച മെഷീനറി എക്സ്പോകൾക്കും നല്ല പ്രതികരണമാണ് ലഭിച്ചത്.

സംസ്ഥാനത്തെ ചെറുകിട സംരംഭകർ നേരിടുന്ന സ്ഥലദൌർലഭ്യം പരിഹരിക്കുന്നതിനായി 5000 ഏക്കർ ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്ന നടപടിക്രമങ്ങൾ നടക്കുകയാണ്. ഇതോടൊപ്പം തൃശൂർ ജില്ലയിൽ വ്യവസായ വകുപ്പ് ഏറ്റെടുത്ത 44 ഏക്കർ സ്ഥലത്ത് ജെം ആൻഡ് ജൂവലറി പാർക്ക് സ്ഥാപിന്നതിനുള്ള ശ്രമങ്ങളും അവസാന ഘട്ടത്തിലാണ്. സംരംഭകർക്ക് പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങളും സർക്കാർ സജീവമായി പരിഗണനയിലുണ്ട്.

കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ വലിപ്പചെറുപ്പമില്ലാതെ സംസ്ഥാനത്തെ സമസ്ത സംരംഭ മേഖലകളിലേക്കും ശ്രദ്ധ പതിപ്പിക്കാൻ വ്യവസായ വാണിജ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ വെറും പാഴ്‌വാക്കുകളല്ലെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് എൽ.ഡി.എഫ്. സർക്കാറിൻറെ കർമ്മനിരതമായ രണ്ടുവർഷങ്ങൾ.

## കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

**(കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ്)**

കേരളത്തെ രാജ്യത്തെ മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കിമാറ്റിയെടുക്കാനുള്ള ഈ സർക്കാരിൻറെ തീവ്രശ്രമങ്ങളുടെ ഭാഗമാണ് കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ്. വ്യാവസായിക കേരളത്തിൻറെ മുഖച്ഛായതന്നെ മാറ്റിയെഴുതാൻ കെല്പ്പുള്ള പ്രസ്തുത നിയമം 2017 ഒക്ടോബർ 20നാണ് ഓർഡിനൻസായി പ്രാബല്യത്തിൽ വന്നത്. കേരളത്തിലെ സംരംഭ-നിക്ഷേപ മേഖലകളെ വൻ കുതിച്ചുചാട്ടത്തിന് ഇത് വഴിയൊരുക്കുമെന്നത് തർക്കമറ്റ വസ്തുതയാണ്.

ലോകത്തെ ഓരോ രാജ്യങ്ങളിലെയും വ്യവസായ വികസന സാധ്യതകൾ സൂചിപ്പിക്കുന്ന അളവുകോലാണ് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (Ease of doing business)' അഥവാ 'എളുപ്പത്തിൽ വ്യവസായം ചെയ്യൽ'. ഓരോ രാജ്യത്തിൻറെയും സാമ്പത്തിക ശക്തി നിർണ്ണയിക്കുന്നതിനായി 2006ൽ ലോകബാങ്കാണ് ആദ്യമായി ഈ മാനദണ്ഡം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്.

വ്യവസായ മേഖലയിൽ ഒരു സംരംഭം ആരംഭിക്കുന്നതിനായി കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി, കുടിവെള്ളം എന്നിവ



ലഭ്യമാക്കൽ, സ്ഥലം രജിസ്റ്റർ ചെയ്യൽ നടപടികൾ, വായ്പ ലഭ്യമാക്കൽ, നിക്ഷേപക സംരക്ഷണം, ഉൽപ്പന്നങ്ങളുടെ രാജ്യാന്തര വിപണനം, നികുതി അടയ്ക്കൽ, മലിനീകരണ നിയന്ത്രണ അനുമതി മുതലായ പത്തോളം നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി സംരഭകന് ഓരോ രാജ്യത്തും ചിലവിടേണ്ടി വരുന്ന സമയം നിരീക്ഷിച്ചാണ് ലോകബാങ്ക് ഓരോ രാജ്യത്തെയും 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' റാങ്കിംഗ് ഏർപ്പെടുത്തിയിരിക്കുന്നത്. ലോകത്തെ 190 രാജ്യങ്ങൾ ഇടംപിടിച്ച ലോകബാങ്കിൻറെ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' റാങ്കിംഗിൽ 2017ൽ 130മതായിരുന്നു ഇന്ത്യ. എന്നാൽ 2018ൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ഭാരതം ഒരു കുതിച്ചുചാട്ടം നടത്തി നൂറാം സ്ഥാനത്തെത്തി.

ലോകരാഷ്ട്രങ്ങളുടെ വ്യവസായ വികസന സാധ്യതകൾ സൂചിപ്പിക്കുന്ന അളവുകോലായി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' പരിഗണിക്കപ്പെടുന്നപോലെ, ലോകബാങ്കിൻറെ സഹായത്തോടെ കേന്ദ്ര വ്യവസായ വകുപ്പ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ് നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡം അനുസരിച്ച് 2015-ൽ പതിനെട്ടാം സ്ഥാനത്തായിരുന്നു കേരളം. കേരളത്തിൽ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാൻ സംരംഭകർ നേരിടേണ്ടിവന്ന നൂലാമാലകളാലും അവയ്ക്ക് ചിലവിടേണ്ടി വന്ന സമയനഷ്ടവും വർധിച്ചതോടെ 2016-ൽ നിർഭാഗ്യവശാൽ ഈ റാങ്കിംഗിൽ കേരളം ഇരുപതാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.

സംസ്ഥാനത്തെ വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിച്ച പലരും തീരുമാനങ്ങൾ പുനപരിശോധിക്കാൻ നിർബന്ധിതരാവുകയും പുതിയ സംരംഭങ്ങൾ വിരളമാവുകയും ചെയ്തതുൾപ്പെടെ നിരവധി പ്രതിസന്ധികൾ സംസ്ഥാന നേരിട്ട സാഹചര്യം വലിയ ആശങ്കകൾക്കും വിവാദങ്ങൾക്കും വഴിവച്ചു. വ്യവസായമേഖലയിലാകെ നിരവധി ചർച്ചകൾക്കും ഇത് കളമൊരുക്കി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളം പിന്നോട്ടുപോകാനുള്ള കാരണങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കിയതോടെ സംസ്ഥാനത്തെ വിവിധ വകുപ്പുകളും ഏജൻസികളും പ്രതിക്കൂട്ടിലായി. മിക്ക വകുപ്പുകളും ഏജൻസികളും സംരംഭക സൗഹൃദമല്ലെന്ന് പഠനങ്ങൾ വ്യക്തമാക്കി.

സംസ്ഥാനത്തെ വ്യവസായ വാണിജ്യവകുപ്പും അതിനു കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികളും സംരഭക സൗഹൃദങ്ങളായി പ്രവർത്തിക്കുന്നുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളത്തിൽ ഒരു സംരംഭം ആരംഭിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നഗരാസൂത്രണ വകുപ്പ്, ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമനസേനാ വിഭാഗം, മൈനിംഗ് ആൻഡ് ജിയോളജി മുതലായ നിരവധി വകുപ്പുകളുടെ അനുമതിയും നിരാക്ഷേപപത്രങ്ങളും ആവശ്യമാണ്. സംരംഭക അനുമതിക്കായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിലും അവ പരിശോധിച്ച് സമയബന്ധിതമായി അനുമതി നൽകുന്നതിലും വകുപ്പുകളും അധികൃതരും മിക്കപ്പോഴും

കാണിക്കുന്ന അലസതയും കാലതാമസവുമാണ് സംരംഭകനെ വ്യവസായ മേഖലയിൽ നിന്നും അകറ്റി നിർത്തുന്നതെന്ന വസ്തുതയും മറനീക്കി പുറത്തുവന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങളിൽ നിന്നും സംസ്ഥാനത്തെ സംരംഭകരെ സംരക്ഷിക്കുന്നതിനായിട്ടാണ് സംസ്ഥാന സർക്കാർ 'കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ്-2017' എന്നപേരിൽ പുതിയ ഓർഡിനൻസിന് രൂപം നല്കിയത്.

പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള ലിഫ്റ്റ്സ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട്, കേരള ഗ്രൌണ്ട് വാട്ടർ കൺട്രോൾ ആൻഡ് റെഗുലേഷൻ ആക്ട്, കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് തുടങ്ങിയ ഏഴോളം നിയമങ്ങളിൽ ഭേദഗതി വരുത്തിയാണ് പുതിയ ബിൽ പാസാക്കിയിട്ടുള്ളത്.

രാജ്യത്തെ ഇതര സംസ്ഥാനങ്ങളേക്കാൾ വ്യവസായ സൗഹൃദ സൂചികയിൽ കേരളത്തെ വളരെ ഏറെ മുന്നിലെത്തിക്കുകയെന്നതാണ് ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റിൻറെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. കേരളത്തിലെ വ്യവസായ മേഖലയിലെ സംരംഭകരെയും നിക്ഷേപകരെയും

കാലാകാലങ്ങളായി വേട്ടയാടിയിരുന്ന ഒരുകൂട്ടം നൂലാമാലകൾ നിറഞ്ഞ നടപടിക്രമങ്ങളാണ് ഇതോടെ സുതാര്യവും സമയബന്ധിതവുമാക്കപ്പെട്ടത്.

ഇനിമുതൽ 15കോടി രൂപവരെ മൂലധനനിക്ഷേപമുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുവാദവും അംഗീകാരവും ലൈസൻസും ക്ലിയറൻസും നൽകാൻ അതാത് ജില്ലകളിൽ ഏകജാലക ക്ലിയറൻസ് ബോർഡിനായിരിക്കും ചുമതല. മൂലധനനിക്ഷേപം 15കോടി രൂപക്ക് മുകളിലാണെങ്കിൽ സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിനെ സമീപിച്ചാൽ മതിയാകും. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ 30ദിവസത്തിനകം അനുമതിയും ലൈസൻസുകളും നൽകാനുള്ള ഭാരിച്ച ഉത്തരവാദിത്തം ക്ലിയറൻസ് ബോർഡുകൾക്കുണ്ട്. 30 ദിവസങ്ങൾക്കകം അനുമതിലഭിക്കാത്ത സാഹചര്യങ്ങളിൽ കല്പിതാനുമതി ലഭിച്ചതായി കണക്കാക്കി സംരംഭകന് വ്യവസായം തുടങ്ങാമെന്ന പ്രത്യേകതയും ഈ നിയമത്തെ വ്യത്യസ്തവും പ്രസക്തവുമാക്കുന്നു.

കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കാനുള്ള കാലതാമസം തടസങ്ങൾ എന്നിവ ഇല്ലാതാക്കാൻ പുതിയ ഓർഡിനൻസിന് കെൽപ്പും കരുത്തുമുണ്ട്.

സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെയുള്ള അനാരോഗ്യ പ്രവണതകൾക്ക് ഇതോടെ എന്നെന്നേക്കുമായി വിരാമാമാവുകയാണ്.

കേരളത്തെ ഒരു വ്യവസായ-സംരംഭ-നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഈ സർക്കാരിൻറെ സദുദ്ദേശപരമായ ചുവടുവയ്പ്പിന് കേരള നിയമസഭ ഐക്യകണ്ഠമായ പിന്തുണയാണ് നൽകിയതെന്നും ശ്രദ്ധേയം.

കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം (കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ്) വ്യവസായ കേരളത്തിന് പുത്തൻ പ്രതീക്ഷകളും ശോഭനമായ ഭാവിയും വാഗ്ദാനം നൽകുന്നു. കേരളത്തിൻറെ സംരഭക മേഖലയിലെ ചരിത്രത്തിൽത്തന്നെ വലിയൊരു നാഴികക്കലാണ് കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ്.

സംസ്ഥാനത്ത് വലുതും ചെറുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളുടെയും സ്ഥാപങ്ങളുടെയും അനുമതി ഉൾപ്പെടെയുള്ള നൂലാമാലകളും നിരവധി വൈതരണികളുമായിരുന്നു സംരഭകനെ വേട്ടയാടിയിരുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും അധികൃതരുടെയും അനുമതിക്കായി ആഴ്ചകളും മാസങ്ങളും ചിലപ്പോഴൊക്കെ വർഷങ്ങളും വിവിധ ആഫീസ്സുകൾ കയറിയിറങ്ങിയിരുന്ന സംരംഭകൻറെ നരകയാതനകൾക്ക് എന്നെന്നേക്കുമായി വിരാമമിട്ടാണ് കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് പ്രാബല്യത്തിൽ വന്നത്.

ഒട്ടേറെ പഠനങ്ങൾക്കും തയ്യാറെടുപ്പുകൾക്കും ശേഷമാണ് വ്യവസായിക കേരളത്തിൻറെ ചരിത്രത്തിൽ നാഴികക്കല്ലും, സംരംഭകർക്ക് ആശ്വാസവുമായ ഈ നിയമരൂപീകരണം നിർവ്വഹിച്ചിട്ടുള്ളത്.

നിയമരൂപീകരണത്തിന് മുന്നോടിയായി 2016 ജൂൺ മുതൽ കാലാകാലങ്ങളായി പിന്തുടർന്ന് പോന്നിരുന്ന കീഴ്വഴക്കങ്ങളും അവയ്ക്ക് അവലംബമായ നിയമങ്ങളും അടിമുടി

പൊളിച്ചെഴുതി പരിഷ്കരിക്കാനുള്ള പഠനങ്ങളും നടപടികളും ആരംഭിച്ചിരുന്നു. വ്യവസായവുമായി ബന്ധപ്പെട്ട് മെച്ചപ്പെടുത്താൻ കഴിയുന്ന മേഖലകൾ, പ്രയോഗത്തിൽ വരുത്താനുള്ള ഭേദഗതികൾ തുടങ്ങിയവ പഠിക്കുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രവർത്തനങ്ങൾക്കുമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷനെ(കെ.എസ്.ഐ.ഡി.സി) നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

നാല് ഘട്ടങ്ങളിലായാണ് കെ.എസ്.ഐ.ഡി.സി പഠനങ്ങൾ നടത്തിയത്. നാലുമാസം നീണ്ട പഠനങ്ങളിൽ സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നിലവിലെ നിയമ വ്യവസ്ഥകളും നടപടി ക്രമങ്ങളും, ഇക്കാര്യത്തിൽ ഇതര സംസ്ഥാനങ്ങൾ വിജയകരമായി പിന്തുടരുന്ന നിയമ നടപടിക്രമങ്ങൾ, ഇക്കാര്യത്തിൽ കേരളവും ഇതരസംസ്ഥാനങ്ങളും തമ്മിലുള്ള അന്തരങ്ങളുടെ വിശകലനം, ഈ രംഗത്തെ വിദഗ്ദ്ധരുടെ നിർദേശങ്ങൾ, അഭ്യൂദയകാംക്ഷികളുമായുള്ള ചർച്ച എന്നിവയെല്ലാം ഉൾപ്പെടുത്താൻ കെ.എസ്.ഐ.ഡി.സി പ്രത്യേകം ശ്രദ്ധിച്ചു. ഈ മേഖലയുമായി ബന്ധപ്പെട്ട് 20 വകുപ്പുകളുടെ നിയമം, ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ പരിശോധിക്കുകയും ഒഴിവാക്കാൻ കഴിയുന്ന കാലംചെന്ന ലൈസൻസുകൾ കണ്ടെത്തുകയും ചെയ്തു. ഏറെ ശ്രമകരമായ പഠനങ്ങൾക്കും പ്രവർത്തനങ്ങൾക്കും ശേഷം 2016 നവംബർ 22ന് കെ.എസ്.ഐ.ഡി.സി സി ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൻറെ പൂർണ്ണ രൂപത്തിലുള്ളതും സമഗ്രവുമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. 2017 ഏപ്രിൽ അഞ്ചിന് ചേർന്ന ക്യാബിനറ്റ് പ്രസ്തുത റിപ്പോർട്ടിന് അംഗീകാരം നൽകുകയും 2017 ഒക്ടോബർ 20ന് ഓർഡിനൻസായി നിയമം പ്രാബല്യത്തിൽ വരുകയും ചെയ്തതോടെ വ്യാവസായിക കേരളത്തിൻറെ ചരിത്രത്തിൽ മറ്റൊരു യുഗപ്പിറവിക്ക് തുടക്കമായി.

## നിക്ഷേപം പ്രോത്സാഹിപ്പിക്കാനും സുഗമമാക്കാനും പ്രത്യേക സെൽ

സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ നൂലാമാലകൾ ഇല്ലാതാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി വ്യവസായ വകുപ്പ് ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. സെൽ രൂപീകരിക്കുന്നതിനായി 2017 ഒക്ടോബർ 12ന് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്(G.O.(MS) No. 100/2017/ID).സംരംഭങ്ങൾ തുടങ്ങുന്നതിന് നിർദിഷ്ട അനുമതികൾ ആവശ്യമുള്ള വകുപ്പുകളുടെ നോഡൽ ആഫീസർമാരെ ഉൾപ്പെടുത്തിയാണ് സെൽ രൂപീകരിച്ചിട്ടുള്ളത്. ഓൺലൈനിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് വിവിധ വകുപ്പുകളുടെ അനുമതികൾക്കായി സമർപ്പിക്കുന്നതും അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതും സെൽ മുഖ്യപങ്ക് വഹിക്കുന്നു. സംരംഭകർ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ അനുമതി ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ നടപടിക്രമങ്ങൾ ഏകോപിപ്പിച്ച് 30 ദിവസത്തിനുള്ളിൽ സംരംഭത്തിന് അനുമതി നൽകുന്നതിന് സെല്ലിന് നിർണ്ണായക പങ്കുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും സെൽ പ്രവർത്തിക്കും. കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറാണ് ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ സ്റ്റേറ്റ് സെല്ലിൻറെ എക്സ് ഒഫിഷ്യോചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. കെ.എസ്.ഐ.ഡി.സിയുടെ തിരുവനന്തപുരത്തെ ഓഫീസ് മന്ദിരത്തിലാണ് സംസ്ഥാന സെൽ പ്രവർത്തിക്കുന്നത്.

## ഒരു സംരംഭത്തിന് ഒറ്റ അപേക്ഷ; പൂർണ്ണമായും ഓൺ ലൈൻ

കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ വിപ്ലവകരമായ നിരവധി പുത്തൻ മാറ്റങ്ങൾക്ക് തുടക്കമായി.

സംസ്ഥാനത്ത് ഒരു സംരംഭം തുടങ്ങുന്നതിനായി വിവിധ വകുപ്പുകളുടെ അനുമതിക്കായി ഒരൊറ്റ അപേക്ഷ നൽകിയാൽ മതിയെന്ന നിയമഭേദഗതി സംരംഭകർക്ക് ഏറെ ആശ്വാസമാകുന്ന നടപടിയായി. കാലതാമസം,

നടപടിക്രമങ്ങൾ എന്നിവ ലഘൂകരിക്കാൻ അപേക്ഷകൾ പൂർണ്ണമായും ഓൺ ലൈൻ മുഖേനയാക്കി. നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററാണ് ഇതിനായുള്ള സോഫ്റ്റ് വെയർ നിർമ്മിച്ച് വികസിപ്പിച്ചെടുത്തത്. കേരള ഇൻവെസ്റ്റ് മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് 2017 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സംരംഭകന് അനുമതി നൽകിയിരിക്കണം. അപേക്ഷയിലെ അപാകതകൾ, ആവശ്യമായ രേഖകളുടെ അഭാവം എന്നിവ ഉടൻ സംരംഭകനെ അറിയിക്കണം. അഞ്ചുദിവസങ്ങൾക്കുള്ളിൽ രേഖകൾ ഹാജരാക്കി സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കണം. അപേക്ഷകളിന്മേൽ 30 ദിവസങ്ങൾക്കുള്ളിൽ സംരംഭകന് അനുമതി ലഭിച്ചില്ലെങ്കിൽ അനുമതി ലഭിച്ചതായി പരിഗണിച്ച് കല്പ്പിതാനുമതി. ഓൺലൈനായിട്ടായിരിക്കും അപേക്ഷന് കല്പ്പിതാനുമതി ലഭ്യമാക്കുക.

കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് നിലവിൽ വന്നതോടെ അനുബന്ധമായി നിലവിലുണ്ടായിരുന്ന പത്തോളം ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

2017 ഒക്ടോബർ 20 സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഏഴ് പ്രധാനപ്പെട്ട നിയമങ്ങളാണ് ഭേദഗതി ചെയ്യപ്പെട്ടത്.

01. കേരള പഞ്ചായത്ത് രാജ് ആക്ട് 1994.
02. കേരള മുനിസിപ്പാലിറ്റി ആക്ട് 1994.
03. കേരള ലിഫ്റ്റ്സ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട് 2013.
04. കേരള ഗ്രൌണ്ട് വാട്ടർ കൺട്രോൾ ആൻഡ് റെഗുലേഷൻ ആക്ട് 2002.
05. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978.
06. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് 1960.
07. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൌൺഷിപ്പ് ഏരിയ ഡെവലപ്മെൻറ് ആക്ട് 1999 എന്നീ നിയമങ്ങളാണ് ഭേദഗതികൾക്ക് വിധേയമാക്കപ്പെട്ടത്.

## നടപടികൾ സുതാര്യമാകുന്നു; നൂലാമാലകൾക്ക് വിട

കേരളത്തിലെ വ്യവസായ സംരംഭകർ കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റിനെ ഇതിനോടകം ഇരുകൈകളും നീട്ടി സ്വീകരിച്ചുകഴിഞ്ഞു. പുത്തൻ സംരംഭങ്ങൾക്ക് ലൈസൻസ് ഉൾപ്പെടെയുള്ള അനുമതികൾ ലഭിക്കുന്നതിനും നിലവിലുള്ള ലൈസൻസുകൾ പുതുക്കുന്നത്തിനും 20-ഓളം സുതാര്യത നിറഞ്ഞ മാർഗ്ഗങ്ങളും പരിരക്ഷകളുമാണ് വ്യവസായ വകുപ്പും സർക്കാരും അവലംബിച്ചിട്ടുള്ളത്.

അവയിൽ പ്രധാനപ്പെട്ടവ:

01. ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് പ്രകാരം സംരംഭങ്ങൾ ആരംഭിക്കാൻ ഓൺലൈനായി സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിയമാനുസൃത അനുമതി ലഭിച്ചുകഴിഞ്ഞാൽ ഈ അപേക്ഷ നിരസിക്കാനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ വിവേചനാധികാരം അനുമതി നൽകിയിട്ടുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ സാങ്കേതിക ഉപദേശത്തിന് വിധേയമായി മാത്രമായിരിക്കും. ചുരുക്കത്തിൽ പറഞ്ഞാൽ ഗ്രാമപഞ്ചായത്, മുനിസിപ്പൽ, കോർപ്പറേഷൻ ലൈസൻസ് നേടിയെടുക്കുന്നതിനായി സംരംഭകനോട് തദ്ദേശസ്ഥാപനങ്ങൾക്കുള്ള വ്യക്തിപരമായ വിഷയങ്ങൾ, രാഷ്ട്രീയം തുടങ്ങിയവയൊന്നും പ്രതിബന്ധമാവില്ല.

02.കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് പ്രകാരം അഞ്ചുവർഷത്തേക്കായിരിക്കും ട്രേഡ് ലൈസൻസ് അനുവദിക്കുക. ഇനിമുതൽ ലൈസൻസുകൾ പുതുക്കി നൽകുന്നതും അഞ്ചുവർഷത്തേക്ക് തന്നെയാണ്. സംരംഭങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനായി നിശ്ചിത ഫീസ് അടയ്ക്കുന്ന മുറക്ക് മറ്റ് നടപടിക്രമങ്ങൾ ഒഴിവാക്കി സംരംഭകന് ഓൺ ലൈൻ മുഖേന ലൈസൻസ് പുതിക്കിനൽകും.

03. ഇത്തരം നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥർക്ക്കൂടി അധികാരങ്ങൾ നൽകി ചുമതലപ്പെടുത്തും.

04. സംരംഭത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റും മാത്രം മതിയാകും.

05. സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ള ജോലിക്കാരെയോ യന്ത്രങ്ങളുടെയോ സഹായത്തോടെ വ്യവസായ സ്ഥാപനത്തിൽ കയറ്റിറക്ക് നടത്താം. രജിസ്റ്റർ ചെയ്ത

തൊഴിലാളികളെ ഇതിനായി ആശ്രയിക്കേണ്ടി വരുന്ന അവസരങ്ങളിൽ സർക്കാർ അംഗീകരിച്ച വേതനം മാത്രം നൽകിയാൽ മതിയാകും. ഫലത്തിൽ നോക്കുകൂലിയുൾപ്പെടെയുള്ള അനാരോഗ്യ പ്രവണതകൾ ഇല്ലാതാകും.

06. മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തൽ നൽകുന്ന മുറക്ക് അനുമതി നൽകും. ഇതിൽ 25 തൊഴിലാളികളിൽ താഴെമാത്രം ജീവനക്കാരായുള്ള സ്ഥാപനങ്ങൾക്ക് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലും ഇത്തരത്തിലുള്ള സ്വയം സാക്ഷ്യപത്രം സമർപ്പിച്ചാൽ മതിയാകും.

07. ഇനിമുതൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും ഉപദേശവും തേടിയശേഷം മാത്രമായിരിക്കും നിയമാനുസൃതമല്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നടത്തപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോയും നിരോധന നോട്ടീസും നൽകുക.

08. ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവക്ക് മാത്രം ജില്ലാ മെഡിക്കൽ ആഫീസറുടെ നിരാക്ഷേപപത്രം വാങ്ങിയാൽ മതിയാകും. ഇതര അനുബന്ധ സ്ഥാപനങ്ങളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

09. ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ സെൽ സംസ്ഥാന ഏകജാലക ബോർഡിന് വേണ്ടി സൌഹൃദപരമായ പ്രവത്തനങ്ങൾ നടത്തുകയും അപേക്ഷകളിന്മേൽ സമയബന്ധിതമായ തീർപ്പുകൾ ഉണ്ടാക്കുകയും ചെയ്യും. സമ്മിശ്ര അനുമതികൾ നൽകാനുള്ള അധികാരവും ബോർഡിന് ഉണ്ടായിരിക്കും.

10. വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ലിഫ്റ്റുകൾക്ക് വർഷംതോറും ലൈസൻസ് പുതുക്കണമെന്ന മുൻ നിബന്ധനയിൽ ഇളവ് നൽകി. ഇനിമുതൽ മൂന്ന് വർഷത്തിൽ ഒരിക്കൽ മാത്രം ലിഫ്റ്റുകളുടെ ലൈസൻസ് പുതുക്കിയാൽ മതിയാകും.

11. സ്വയം സാക്ഷ്യപ്പെടുത്തിയതോ അല്ലെങ്കിൽ യോഗ്യതയുള്ള മറ്റൊരാൾ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റോ സമർപ്പിച്ചാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ടൌൺ പ്ലാനിംഗ്, അഗ്നിശമന സേനാ വിഭാഗം എന്നീ വിഭാഗങ്ങങ്ങളിൽ നിന്നും ലൈസൻസ് അനുവദിക്കും. എന്നാൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് സമ്പാദിച്ചതെന്ന് തെളിയുന്ന പക്ഷം അഞ്ചു ലക്ഷം രൂപ വരെ പിഴ ഈടാക്കാനും നിയമം വ്യവസ്ഥ ചെയ്യുന്നു.

## ഹാൻഡ്‌ലൂം സ്കൂൾ യൂണിഫോം സ്കീം

ജനകീയ സർക്കാർ അധികാരത്തിലേറി രണ്ടുവർഷം പിന്നിടുമ്പോൾ ദൈവത്തിൻറെ സ്വന്തം നാടായ കേരളത്തിൻറെ വ്യവസായ മുഖത്തിന് പുതിയ അർത്ഥവും മാനങ്ങളും നിർവ്വചനവും എഴുതിച്ചേർക്കപ്പെടുകയാണ്. തുരുമ്പെടുത്ത യന്ത്രശാലകൾക്ക് പുതുജീവൻ പകരാൻ പ്രതിജ്ഞാബദ്ധമാണ് ഈ ഗവൻമെൻറ് . നാശോന്മുഖമായ പരമ്പരാഗത വ്യവസായങ്ങൾക്ക് ഉയിർത്തെഴുന്നേൽപ്പിനുള്ള കളം ഒരുക്കുന്നതിനൊപ്പം സുരക്ഷിതത്വവും കരുതലും വാഗ്ദാനം ചെയ്യുകയാണ് വ്യവസായവകുപ്പും, സർക്കാരും. വാഗ്ദാനങ്ങൾ വെറും പാഴ്വാക്കുകളല്ല കാമ്പും കരുത്തുമുള്ള ഉറപ്പുകളാണെന്ന് ഇതിനോടകം ഈ സർക്കാർ തെളിയിച്ചുകഴിഞ്ഞു.

നിശ്ചലമാക്കപ്പെട്ട കൈതറികൾക്കും ഇഴകൾ പൊട്ടിപ്പോയ ജീവിതങ്ങൾക്കും പുത്തൻ ഉണർവ്വും ഊർജ്ജവും നൽകിയാണ് കഴിഞ്ഞ വേനൽകാലം പിറന്നത്. മാറിയ കാലത്തിൻറെ ശീലക്കേടുകളിൽ പകച്ചും കിതച്ചും ആസന്നമായഭാവിൽ വരാൻപോകുന്ന അശുഭകരമായ വാർത്തകൾക്ക് ചെവിയോർത്തും കഴിഞ്ഞ കൈത്തറി മേഖലക്ക് പ്രതീക്ഷകളുടെ പച്ചപ്പും പുതിയ മാനങ്ങളും നൽകാൻ പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞു.

ഒരുകാലത്ത് തറികളിൽ ഊടുംപാവും സ്വന്തം ജീവിതങ്ങളും നെയ്തെടുത്തിരുന്ന കുടുംബങ്ങൾ അനേകമുണ്ടായിരുന്നു നാട്ടിൽ. ഉദയം മുതൽ അസ്തമയം വരെ നിലയ്ക്കാതെ ചിലച്ചും ചലിച്ചും ഓടിയിരുന്ന തറിയോടങ്ങൾക്ക് അപ്രതീക്ഷിതമായി സംഭവിച്ച സ്തംഭനാവസ്ഥ വരുത്തിവച്ച നഷ്ടങ്ങൾ ചെറുതല്ല. കൈത്തറി



മേഖലയിൽ ഉപജീവനം കണ്ടെത്തിയിരുന്ന അനേകം കുടുംബങ്ങൾ ഭാവിയെന്ന വലിയ ചോദ്യചിഹ്നത്തിന് മുൻപിൽ പകച്ചുനിന്ന നാളുകൾ. കൈത്തറിയുടെ ഉന്നമനത്തിനായി നിലകൊണ്ട സഹകരണ സംഘങ്ങൾക്ക് മിക്കതിനും തുറക്കാനാവാത്ത വിധം താഴുവീണു. ഇവയെ ചുറ്റിപ്പറ്റി ജീവിത സ്വപ്നങ്ങൾ നെയ്ത കുടുംബങ്ങളിൽ നിരാശയുടെ കരിനിഴലുകൾ വന്നുനിറഞ്ഞു. സ്വപ്നങ്ങളും പ്രതീക്ഷകളും ഉപേക്ഷിക്കപ്പെടാൻ ഒരു സമൂഹം നിർബന്ധിതമായ പൊല്ലാക്കാലം. ഓർക്കാപ്പുറത്ത് പട്ടിണിയിലേക്കും കൊടിയ ദാരിദ്ര്യത്തിലേക്കും തള്ളിയിടപ്പെടുകയാണെന്ന തിരിച്ചറിവിൽ പലരും കളംവിടാൻ നിർബന്ധിതരായി.

സമവായങ്ങൾ നഷ്ടപ്പെട്ട പ്രതിസന്ധികളും അധികൃതരുടെ തെറ്റായ നയങ്ങളും പിടിപ്പുകെടുകളും അനാരോഗ്യകരമായ പ്രവണതകളും കൈത്തറി രംഗത്ത് വരുത്തിവച്ച വറുതിക്കാലം താണ്ടാൻ പെടാപ്പാടുപെട്ട നാളുകൾ. ഹൃദയത്തോട് ചേർത്തുപിടിച്ച് ഉപജീവനമായി കൊണ്ടുനടന്നിരുന്ന സ്വന്തം തൊഴിൽ മനസില്ലാമനസോടെ ഉപേക്ഷിച്ച പലരും പുതിയ തട്ടകങ്ങൾ തേടാൻ നിർബന്ധിതരായി. പരമ്പരാഗതമായി നെയ്ത്തെന്ന തൊഴിലിനെ കാത്തുസൂക്ഷിച്ച പലരും ഇതര തൊഴിൽ മേഖലകളിൽ അഭയം തേടാൻ സ്വയം നിർബന്ധിതരായി. പിന്നെയും ബാക്കിയായവർ നാമമാത്രമായി ലഭിക്കുന്ന നെയ്ത്തുജോലികളിൽ അഭയാർഥികളെപോലെ പണിയെടുത്തു. എല്ലുമുറിയെ പണിഞ്ഞിട്ടും അരവയർ നിറക്കാൻ പാടുപെട്ടു. പാർശ്വവൽകൃത സമൂഹമായി ചാപ്പകുത്താൻ മാനസികമായി സ്വയം തയ്യാറെടുത്ത ഒരു സമൂഹത്തിനാകെ ആശ്വാസവും പ്രതീക്ഷകളുടെ പച്ചപ്പും നൽകി അവരെ ജീവിതത്തിൻറെ മുഖ്യധാരയിലേക്ക് കൈപിടിച്ചാനയിച്ചത് എൽ.ഡി.എഫ് സർക്കാറാണ്.

കേരളത്തിലെ കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കാനും ഈ മേഖല ഉപജീവനമായി കൊണ്ടുനടന്നവരെ സംരക്ഷിക്കാനും സർക്കാർ നടപ്പിലാക്കിയ ഭഗീരഥപ്രയത്നങ്ങളുടെ പ്രതിഫലനമാണ് കേരളത്തിലെ ഇപ്പോഴത്തെ തറിയോടങ്ങളുടെ നിലയ്ക്കാത്ത സംഗീതം. കൈത്തറി മേഖലയെ മുഖ്യജീവനോപാധിയായി കരുതി, വറുതിക്കാലത്തിനൊടുവിൽ ഒരു നല്ലകാലം പിറക്കുമെന്ന പ്രതീക്ഷ കൈവിടാതെയുള്ള നെയ്ത്തുകാരുടെ കാത്തിരിപ്പിന് ശുഭപര്യവസാനം കണ്ടെത്താൻ വ്യവസായ വാണിജ്യ വകുപ്പിന് കഴിഞ്ഞന്നെ വസ്തുത മറക്കാവുന്നതല്ല.

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഏഴാം ക്ലാസുവരെയുള്ള വിദ്യാർഥികൾക്ക് വർണ്ണ-വർഗ്ഗ-ലിംഗവ്യത്യാസമില്ലാതെ സൌജന്യമായി കൈത്തറി യൂണിഫാം വിതരണം ചെയ്യാനുള്ള സർക്കാർ നടപടി പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് പുതുജീവൻ നൽകിയിരിക്കുകയാണ്. സമയബന്ധിതമായി സർക്കാർ വിദ്യാലയത്തിലെ കുട്ടികളുടെ കൈകളിൽ കൈത്തറി യൂണിഫാം എത്തിക്കുകയെന്നത് വലിയൊരു ദൌത്യമാണ് 2017-18 അധ്യയാന വർഷം വ്യവസായ വകുപ്പ് ഏറ്റെടുത്ത് പ്രവർത്തിപഥത്തിൽ എത്തിച്ചത്.

സംസ്ഥാനത്തെ 223 പ്രാഥമിക സഹകരണ സംഘങ്ങളിലെയും ഹാൻവീവിലെ 374 നെയ്ത്തുകാരും ഉൾപ്പെടെയുള്ള 2929

നെയ്ത്തുകാർ ഈ ദൌത്യം ഏറ്റെടുക്കാൻ സധൈര്യം മുന്നോട്ടുവന്നതോടെ കേരളത്തിലെ പരമ്പരാഗത വസ്ത്ര നിർമ്മാൻ ചരിത്രത്തിൽ പുതിയൊരു അധ്യായമാണ് എഴുതിച്ചേർക്കപ്പെട്ടത്. സർക്കാരിൻറെ സൌജന്യ കൈത്തറി യൂണിഫാം പദ്ധതി പുതുജീവനേകിയത് സംസ്ഥാനത്തെ മൂവായിരത്തോളം തറികൾക്കും അതിലേറെ കുടുംബങ്ങൾക്കുമാണ്.

മാന്യമായ വേതനവ്യവസ്ഥകളിലൂടെയും സുതാര്യമായ പദ്ധതിയിലൂടെയും കൈത്തറി മേഖലയെ കേരളത്തിൻറെ മുഖ്യവ്യവസായധാരയിലേക്ക് കൈപിടിച്ചുയർത്താനുള്ള സർക്കാരിൻറെ സ്വപ്ന പദ്ധതി ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നവർക്ക് നൽകിയ ആശ്വാസം ചെറുതല്ല.

2017ൽ ആരംഭിച്ച പദ്ധതി തുടർന്നുള്ള അധ്യയന വർഷങ്ങളിലും ആവർത്തിക്കുന്നതിനാൽ ഈ മേഖലയിൽ മുൻകാലങ്ങളിൽ ഉണ്ടായ അപചയങ്ങൾ പാടെ ഇല്ലാതാവുമെന്ന ഉറപ്പും കൈത്തറി മേഖലക്ക് നല്കാൻ വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 2017 ജനുവരി മുതൽ ജൂൺ വരെ രണ്ടുലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.സർക്കാരിൻറെയും വ്യവസായ വകുപ്പിൻറെയും ഈ പദ്ധതിപ്രകാരം പ്രതിസന്ധിയിലായിരുന്ന പല തുണിമില്ലുകളും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാലയളവിൽ മില്ലുകളുടെ പ്രവർത്തന ക്ഷമത 11.8%ൽ നിന്നും 30%ത്തിലേക്ക്കാണ് കുതിച്ചുയർന്നതെന്ന വസ്തുത ഈ മേഖലയിൽ സർക്കാരും വ്യവസായ വകുപ്പും നടത്തിയ ഇടപെടലുകളുടെൻ സാക്ഷ്യപത്രമാണ് .ആശാവഹമായ നിരവധി പദ്ധതികളാണ് കൈത്തറി നെയ്ത്ത് മേഖലയി സർക്കാർ നടപ്പിലാക്കിയത്.

## കൈത്തറിക്ക് കരുതലും തൊഴിലാളിക്ക് പരിരക്ഷയും

കൈത്തറി മേഖലയിൽ സ്ഥാപനങ്ങളുടെ സാമ്പത്തികശേഷി മെച്ചപ്പെടുത്തുന്നതിനായി കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻവീവ്, ഹാൻടെക്സ് എന്നീ സ്ഥാപനങ്ങളിലുള്ള സർക്കാരിൻറെ ഓഹരി പങ്കാളിത്തം വർധിപ്പിച്ചു. ഒപ്പം ഉദ്പാദനത്തിന് ആവശ്യമായ പ്രവർത്തന മൂലധനം വർധിപ്പിക്കുന്നതിന് ആവശ്യമായ മാർജിൻ മണി വായ്പ്പകൾ, അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഏർപ്പെടുത്തിയ സർക്കാരിൻറെ സബ്സിഡി പങ്കാളിത്തം, വിശേഷാവസരങ്ങളിൽ വിപ്പനയെ അടിസ്ഥാനമാക്കി അനുവദിക്കുന്ന റിബേറ്റ് സ ്കീമുകൾ എന്നിവയെല്ലാം കൈത്തറിയെ കൈപിടിച്ചുയർത്താൻ സർക്കാരും വ്യവസായ വകുപ്പും കൈക്കൊണ്ട നടപടികൾക്കും കരുതലിനും ഉദാഹരണങ്ങളാണ്. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി 2445 കോടി രൂപയാണ് ബഡ്ജറ്റിൽ വിഹിതം വർധിപ്പിച്ച് നൽകിയത്.

കൈത്തറി മേഖലയിൽ പണിയെടുക്കുന്നവരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ രൂപം നൽകി നടപ്പിലാക്കാനും വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കോൺട്രിബ്യൂട്ടറി ത്രിഫണ്ട് സ്കീം, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം എന്നിവയാണ് കൈത്തറി രംഗം ഉപജീവനമാക്കിയവർക്കുള്ള ക്ഷേമ പദ്ധതികൾ. ക്ഷേമനിധി മുഖേനയുള്ള പെൻഷൻ വിതരണം, കൈത്തറി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവയ്ക്ക് ധനസഹായം നല്കുന്നതിനായിട്ടാണ് ത്രിഫണ്ട് വിനിയോഗിക്കുന്നത്.കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള നെയ്ത്തുകാർക്കാണ് ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നത്.

കേന്ദ്ര സർക്കാർ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന മഹാത്മാഗാന്ധി ബുൻകർ ബീമാ യോജന പ്രകാരം നെയ്ത്ത് തൊഴിലാളിക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിനായുള്ള പ്രീമിയം തുക സർക്കാർ തന്നെയാണ് നൽകുന്നത്. തൊഴിലാളി മരണപ്പെടുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്താൽ ഈ ഗ്രൂപ്പ് ഇൻഷുറൻസ് പ്രകാരം ഒന്നരലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്ന വിധത്തിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്ഷേമനിധി ബോർഡ് കൈത്തറി തൊഴിലാളികൾക്ക് നൽകിവന്നിരുന്ന പെൻഷൻ വിതരണം കുടിശ്ശികയായിരുന്നു. പെൻഷൻ വിതരണം കാര്യക്ഷമമാക്കാൻ സമയബന്ധിത നടപടികൾ സ്വീകരിച്ചതിന് പുറമേ 2016ലെ ഓണം, വിഷു എന്നീ വിശേഷാവസരങ്ങളിൽ പെൻഷൻ തുക 1000 രൂപയാക്കി വർധിപ്പിക്കാനും സർക്കാരിന് കഴിഞ്ഞു.

കൈത്തറിമേഖലയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് കഴിയുന്നത്ര തൊഴിൽദിനങ്ങൾ

ലഭ്യമാക്കാനുമായി സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന മറ്റൊരു പദ്ധതിയാണ് ഒരുവീട്ടിൽ ഒരുതറി. നെയ്ത്ത് ജോലി അറിയാമെങ്കിലും സ്വന്തമായി തറിവാങ്ങാൻ നിവർത്തി ഇല്ലാത്തവരെ ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. നെയ്ത്തു തൊഴിലാളിക്ക് സ്വന്തം വീട്ടിൽ തറി വാങ്ങി സ്ഥാപിക്കുന്നതിനായി മുതൽ മുടക്കേണ്ടി വരുന്ന ആകെ തുകയുടെ 75%സർക്കാർ സഹായമായി നൽകും. നെയ്ത്ത് അറിഞ്ഞിട്ടും തൊഴിൽ ലഭ്യമല്ലാതെ പോകുന്ന നൂറുകണക്കിന് ആൾക്കാർക്ക് ഈ പദ്ധതി വലിയൊരു കൈത്താങ്ങും ആശ്വാസവുമാകും. ഇത്തരത്തിൽ ഓരോവീട്ടിലും ഒരു തറി സ്ഥാപിക്കുകയെന്ന സർക്കാർ ലക്ഷ്യം സഫലമാകുകയും അതിലൂടെ കൈത്തറി മേഖലയെ കൂടുതൽ ഉയരങ്ങളിൽ എത്തിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## നാലര ലക്ഷം വിദ്യാർഥികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം

സംസ്ഥാനത്തെ കൈത്തറി മേഖലയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് കഴിയുന്നത്ര തൊഴിൽദിനങ്ങൾ ലഭ്യമാക്കാനും നിരവധി പദ്ധതികളാണ് ഈ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കൈത്തറി മേഖലയിൽ കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടെ നിർഭാഗ്യവശാൽ സംഭവിച്ച അപചയങ്ങൾ പ്രാചീനമായ ഒരു പരമ്പരാഗത തൊഴിലിടത്തെത്തന്നെ ശിഥിലമാക്കുമെന്ന് മനസിലാക്കിയ സർക്കാരും വ്യവസായ വകുപ്പും സംയുക്തമായി ആവിഷ്കരിച്ച പദ്ധതികൾ കേരളത്തിലെ കൈത്തറി മേഖലക്ക് തിരിച്ചുവരവിനുള്ള പാതയൊരുക്കി. കൂടിയ അദ്ധ്വാനഭാരവും കുറഞ്ഞ കൂലിയും പുതുതലമുറയെ കൈത്തറി മേഖലയിൽ നിന്നും അകറ്റി നിർത്തുകയായിരുന്നു. കൈത്തറിയെ മുഖ്യധാരാ വ്യവസായത്തിൽ എത്തിക്കുന്നതിനും ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് തൊഴിൽ ഉറപ്പിനോപ്പം അർഹമായ വേതനം നൽകുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലക്ക് അടിമുടി പുത്തനുണർവ്വും പ്രചോദനവുമായി തീർന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളിൽ പഠിക്കുന്ന നാലര ലക്ഷം വിദ്യാർഥികൾക്ക് സൌജന്യമായി കൈത്തറി യൂണിഫോം നൽകുകയെന്ന ശ്രമകരമായ ദൌത്യം വിജയകരമായി നിർവ്വഹിക്കാൻ സർക്കാരിന് കഴിഞ്ഞത് കൈത്തറിയുടെ രണ്ടാം വരവിനും കളമൊരുക്കി.

സ്കൂൾ യൂണിഫോം നെയ്യാൻ തയ്യാറുള്ള നെയ്ത്തുകാരെ കണ്ടെത്തി അവരുമായി ഉണ്ടാക്കിയ കരാറിൻറെ അടിസ്ഥാനത്തിലാണ് സ ്കൂൾ യൂണിഫോം പദ്ധതി സർക്കാർ വിജയപഥത്തിൽ എത്തിച്ചത്. യൂണിഫോം നെയ്യുന്നതിന് മുന്നോടിയായി നെയ്ത്തുകാരുടെ തറികളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനും, അസംസ്കൃത ഉപകരണങ്ങൾ വാങ്ങുന്നതിനും, പണിശാലകൾ കാര്യക്ഷമമാക്കുന്നതിനുമായി ഓരോ തറിക്കും 4000 രൂപവീതം



വിതരണംചെയ്തു. ദേശീയ പൊതുമേഖലാ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷൻറെ കണ്ണൂർ പ്രാദേശിക ആഫീസ് മുഖേന രജിസ്റ്റർ ചെയ്യപ്പെട്ട സാഹകരണ യാൺ ബാങ്കുകൾ വഴിയാണ് നെയ്ത്തുകാർക്ക് ആവശ്യമായ നൂൽ വിതരണം ചെയ്തത്. ദേശീയ കൈത്തറി വികസന കോർപ്പറേഷൻ വിതരണം ചെയ്യുന്ന നൂലിൻറെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിനായി സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷനെയും നെയ്തെടുത്ത തുണികളുടെ ഗുണമേന്മയുടെ പരിശോധനകൾ നടത്തുന്നതിനായി ടെക്സ്റ്റൈൽ കമ്മിറ്റികളെയും ചുമതലപ്പെടുത്തി.

യൂണിഫാം തുണികൾ നെയ്യുന്നതിനായി തറികൾ സജ്ജമാക്കുന്നതിനും ഉദ്പാദനം കാര്യക്ഷമമാക്കുന്നതിനുമായി ഹാൻറക്സ്, ഹാൻവീവ്, ഐ.ഐ.എച്ച്.ടി എന്നീ സ്ഥാപനങ്ങളിലെ മുഴുവൻ ക്വാളിറ്റി കൺട്രോൾമാരുടെയും സേവനം ഉറപ്പാക്കി. തറികളിൽ യൂണിഫാം ഉദ്പാദനം കാര്യക്ഷമമായി നടക്കുന്നത് പരിശോധിച്ച് കൃത്യമായ അളവിൽ തുണികൾ മുറിച്ചെടുത്ത് കളർ ചെയ്യുന്നത് ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തികൾ നടത്തുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾക്ക് നെയ്തുകാരെ കാരെ സഹായിക്കുന്നതിനുമായിട്ടാണ് ക്വാളിറ്റി കൺട്രോൾമാരെ നിയോഗിച്ചത്. നെയ്തെടുത്ത തുണികൾ ജില്ലകളിൽ നിനും ശേഖരിച്ച് തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മിൽ, മേട്ടുപ്പാളയത്ത് പ്രവർത്തിക്കുന്ന യുണൈറ്റഡ് ബ്ലീച്ചേഴ്സ് ലിമിറ്റഡ് എന്നിവിടങ്ങളിൽ എത്തിച്ച് കളറിംഗ് ഉൾപ്പെടെയുള്ള അനുബന്ധ ജോലികൾ പൂർത്തിയാക്കി തിരിച്ചെത്തിക്കാനുള്ള ചുമതലയും ഹാൻറക്സിനും, ഹാൻവീവിനുമായിരുന്നു. തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിൽ കേരളത്തിൽ നിന്നും നിയോഗിക്കപ്പെട്ട രണ്ട് ക്വാളിറ്റി കൺട്രോൾ മാരുടെ സേവനം ഉറപ്പാക്കാനും സർക്കാർ ശ്രദ്ധിച്ചു.

ചായംമുക്കൽ പൂർത്തിയാകുന്ന മുറക്ക് ഓരോ സ്കൂളുകളുടെ എണ്ണവും ആവശ്യമുള്ള തുണിയുടെ അളവും കണക്കാക്കി വിദ്യാഭ്യാസ ഉപജില്ലക്ക് കീഴിൽ വരുന്ന കളക്ഷൻ കേന്ദ്രങ്ങളിൽ എത്തിക്കുന്ന ചുമതല ഹാൻറക്സ്, ഹാൻവീവ് എന്നിവർക്കായിരുന്നു. ഇത്തരത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെ ഹാൻറക്സും, തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഹാൻവീവും യൂണിഫാം വിതരണം നിർവ്വഹിച്ചു.

## നെയ്ത്തുകാരുടെ വേതനം ബാങ്ക് വഴി

സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥികൾക്കായി യൂണിഫാം നെയ്യൽ യജ്ഞത്തിൽ പങ്കാളികളായ നെയ്തുകാർക്ക് ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫെർ വഴിയാണ് അവരുടെ വേതനം സർക്കാർ നൽകിയത്. ഓരോ തൊഴിലാളിക്കും നെയ്തെടുത്ത തുണിയുടെ അളവിന് അനുസരിച്ച് സർക്കാർ ഉറപ്പ് നൽകിയിരുന്ന വേതനം ലഭിച്ചതിനു പുറമേ



നെയ്ത്തുതൊഴിലാളി അംഗമായ പ്രാഥമിക കൈത്തറി സംഘത്തിനുകൂടി സാമ്പത്തികനേട്ടമുണ്ടാക്കുന്ന തരത്തിലായിരുന്നു ഇത് വിഭാവനം ചെയ്യപ്പെട്ടത്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് മേഖലയിലെ മൂവായിരത്തോളം തൊഴിലാളികൾക്കും അയ്യായിരത്തിലധികം അനുബന്ധ തൊഴിലാളികൾക്കും സ്ഥിരമായി തൊഴിൽ നൽകാൻ സർക്കാരിന് കഴിഞ്ഞു.

സംസ്ഥാനത്തെ 223 പ്രാഥമിക സഹകരണ സംഘങ്ങളിലെ നെയ്ത്തുകാരും ഹാൻവീവിലെ 374 നെയ്ത്തുകാരും ഉൾപ്പെടെയുള്ള 2929 നെയ്ത്തുകാരാണ് ഈ മഹായജ്ഞത്തിന് പിന്നിൽ അണിനിരന്നത്. 2017-18 അധ്യയനവർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനായി സമയബന്ധിതമായി 28 ലക്ഷം മീറ്റർ തുണിയാണ് നെയ്തെടുത്തത്. യൂണിഫോം നെയ്യുന്നതിനുള്ള നൂൽ, വേതനം, തറികളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ, നൂൽ, തുണി എന്നിവയുടെ പരിശോധന, കളറിംഗ് ചാർജ്, ഗതാഗതം, ഗുണനിലവാരം പരിശോധിക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥരുടെ പ്രതിഫലം എന്നിവ ഉൾപ്പെടെ 22കോടിയിലധികം രൂപയാണ് കഴിഞ്ഞ ജൂൺ വരെ സർക്കാർ ഇതിനായി ചിലവഴിച്ചത്.

നെയ്ത്തുകാരുടെ വേതനയിനത്തിൽ മാത്രമായി (29 കോടിയിലധികം രൂപയാണ്) സർക്കാർ വിതരണം ചെയ്തത്. സംസ്ഥാനത്തെ 2718 സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ ഏഴാംതരം വരെ പഠിക്കുന്ന നാലര ലക്ഷത്തിലധികം കുരുന്നുകൾക്ക് രണ്ടുജോഡി യൂണിഫോമുകൾ സൌജന്യമായി നൽകി പൊതുവിദ്യാഭ്യാസ മേഖലയെ പ്രോത്സാഹിപ്പിക്കാനും രക്ഷിതാക്കൾക്ക് കൈത്താങ്ങാവാനും ഈ ഗവൻമെൻറിന് കഴിഞ്ഞു.

## നാനോ ഹൗസ്ഹോൾഡ് സ്കീം

കേരളത്തിൻറെ ഭൂപ്രകൃതിയിലുള്ള പ്രത്യേകതയും സാമൂഹിക സാഹചര്യങ്ങളും പരിഗണിച്ചാൽ നമ്മുടെ സംസ്ഥാനത്ത് വൻകിട ഇടത്തരം വ്യവസായ സാധ്യതകൾക്ക് ഏറെ പരിമിതികളുണ്ട്. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കിമാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ കേരള നിക്ഷേപ സൗഹൃദ പ്രോത്സാഹന നിയമം നടപ്പിലാക്കിയത്. സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലും സുതാര്യതയോടും സമയബന്ധിതമായി പൂർത്തിയാക്കാനും നിലവിലുള്ള വ്യവസായങ്ങൾ പ്രതിബന്ധങ്ങൾ ഇല്ലാതെ നടത്തുന്നതിനും ഈ നിയമംമൂലം സാധിക്കുമെന്നത് ഏറെ ആശ്വാസകരമാണ്.

വ്യവസായ സംരംഭങ്ങളിൽ ഉപയോഗിക്കപ്പെടുന്ന പ്ലാൻറ്, മെഷീനറി, നിക്ഷേപം എന്നിവയുടെ അടിസ്ഥാനത്തിലാണ് വ്യവസായ സ്ഥാപനത്തെ വൻകിട, ഇടത്തരം, ചെറുകിട, സൂക്ഷ്മ, നാനോ എന്നിങ്ങനെ തരംതിരിക്കുന്നത്. വസ്തുവും കെട്ടിടവും ഒഴികെ അഞ്ചുലക്ഷം രൂപ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളെ നാനോ വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താം. 25 ലക്ഷം രൂപവരെ മെഷീനറികളിൽ നിക്ഷേപമുള്ള നിർമ്മാണ വ്യവസായങ്ങളാണ് സൂക്ഷ്മ സംരംഭങ്ങൾ. ഈ ഗണത്തിൽ അഞ്ചുകോടി നിക്ഷേപമുള്ളവയാണ് ചെറുകിട വ്യവസായങ്ങൾ. പത്തുകോടിവരെ നിക്ഷേപമുള്ള സംരംഭങ്ങളെ ഇടത്തരമെന്നും, നിക്ഷേപം പത്തുകോടിക്ക് മുകളിലാണെങ്കിൽ അത്തരം വ്യവസായങ്ങളെ വൻകിട സംരംഭങ്ങൾ എന്നുമാണ് വിവക്ഷിച്ചിരിക്കുന്നത്.

കേരളത്തിൽ വൻകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിനും ഇവയുടെ നടത്തിപ്പിനും സ്ഥായിയായ പരിമിതികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ആയാസങ്ങളും നൂലാമാലകളുമില്ലാതെ ചെറിയ മുതൽ മുടക്കിൽ ആരംഭിക്കാൻ കഴിയുന്ന വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിൻറെ ആവശ്യകത ഏറെയാണ്. സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് കേരളത്തിൽ അനന്തസാധ്യതകളാണുള്ളത്. ഇതിൽത്തന്നെ നാനോ വ്യവസായങ്ങൽക്കാണ് ഏറെ സാധ്യതക്കൂടുതൽ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളോടെ നടപ്പിലാക്കിവരുന്ന നാനോ വ്യവസായങ്ങൾ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള ഉത്പാദന സേവന വളർച്ച ത്വരിതഗതിയിലാക്കും. ഇത്തരം വസ്തുതകൾ മുന്നിൽക്കണ്ടാണ് കേരളത്തിലെ നാനോ വ്യവസായങ്ങൾ

പ്രോത്സാഹിപ്പിക്കുന്നതിനും വിപുലമാക്കുന്നതിനുമായി സർക്കാർ ഒരു പ്രത്യേക പദ്ധതിക്ക്തന്നെ രൂപം നൽകിയത്.

കേരളത്തിലെ ഗാർഹിക നാനോ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 2017ലാണ് ഈ പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. സംരംഭകരിൽ നിന്നും മികച്ച പ്രതികരണങ്ങളാണ് ഈ പദ്ധതി ലഭിച്ചുവരുന്നത്. സംരംഭകന് താമസിക്കുന്ന വീട്ടിലോ വീടിനോട് ചേർന്നോ അഞ്ചുലക്ഷം രൂപക്ക് താഴെവരുന്ന യന്ത്രസാമഗ്രികൾ ഉപയോഗിച്ച്, സ്ഥിരനിക്ഷേപം വരുന്ന വ്യവസായങ്ങളെ ലക്ഷ്യമിട്ടാണ് സർക്കാർ നാനോ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചെറിയ മുതൽ മുടക്കിൽ സംരംഭം ആരംഭിച്ച് ലാഭവും വിജയവും കൈവരുന്ന മുറക്ക് കൂടുതൽ മുതൽമുടക്കിറക്കി ഇത്തരം സംരംഭങ്ങളെ വിപുലമാക്കുന്നതരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന സ്ഥിര നിക്ഷേപ വായ്പ്പകളുടെ പലിശയിനത്തിൽ സർക്കാർ നിശ്ചിത ശതമാനം ഇളവും നൽകും. നടപ്പ് സാമ്പത്തിക വർഷത്തിൽത്തന്നെ ഈ പദ്ധതിക്ക് ആവശ്യമായ തുക സർക്കാർ വകയിരുത്തിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി വിപുലീകരിക്കുന്നതിനും ലക്ഷ്യത്തിൽ എത്തിക്കുന്നതിനുമായി അവാശ്യമായ തുക മാറ്റിവയ്ക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിൽ രഹിതർ, വീട്ടമ്മമാർ, സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള വ്യക്തികൾ തുടങ്ങിയവർക്ക് നാനോ വ്യവസായങ്ങളിലേക്ക് കടന്നുവരാൻ പുതിയ പദ്ധതി ഏറെ സഹായകമാകും.

കേരളത്തിലെ വ്യവസായ മേഖലയിൽ ഒട്ടേറെ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും വിജയകരമായി നടത്തിക്കാനും നാനോ വ്യവസായ പദ്ധതിക്ക് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിക്കാമെന്നതും ആത്മാർഥതയോടെ പ്രവർത്തിച്ച് വിജയിച്ചാൽ സംരംഭം കൂടുതൽ വിപുലമാക്കാമെന്നുമുള്ള പ്രത്യേകത ഇതിനെ മറ്റ് പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നു. വിപണിയിലെ വളർച്ച അനുസരിച്ച് കൂടുതൽ നിക്ഷേപം നടത്തി ഉദ്പാദനം വർദ്ധിപ്പിക്കാനും ഈ പദ്ധതിയി സംരംഭകനെ പ്രാപ്തമാക്കും.

## പ്രദർശനങ്ങൾ, മേളകൾ, എക്സ്പോകൾ

സംസ്ഥാനത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കപ്പെട്ട നിരവധി മേളകളിൽ പങ്കാളിത്തം കൊണ്ടും ഉൽപ്പന്ന വൈവിധ്യത്താലും ശ്രദ്ധനേടാൻ കേരളത്തിലെ വ്യവസായ ലോകത്തിന് കഴിഞ്ഞ രണ്ടുവർഷക്കലമായി സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മേളകളിൽ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേകമായ ഒരിടംതന്നെ അനുവദിച്ച് നൽകാറുണ്ട്. ഇതിന് പുറമേ എല്ലാതരം വ്യവസായ സംരംഭകരെയും സമന്വയിപ്പിച്ച് വ്യവസായ വാണിജ്യ വകുപ്പും മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

കേരളത്തിലെ സംരംഭകർക്ക് അവരുടെ സംരംഭങ്ങളെ കുറിച്ച് പുറംലോകത്തെ അറിയിക്കാനും ഇടനിലക്കാരില്ലാതെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും വ്യവസായ ചർച്ചകൾക്കും ബിസിനസ് ഓർഡറുകൾ സ്വീകരിക്കുന്നതിനും ഇത്തരം മേളകൾ വേദിയാകാറുണ്ട്. സംരംഭങ്ങളുടെ ഉദ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന യന്ത്രങ്ങൾ പരിചയപ്പെടാനും ആവശ്യമുള്ളവ സ്വന്തമാക്കുന്നതിനും സാങ്കേതിക സംശയ ദൂരീകരണത്തിനും വിപണിയുടെ പുതിയ വാതായനങ്ങൾ തെടിപ്പോകാനും സംരംഭകരെ പ്രാപ്തമാക്കുകയാണ് മേളകളുടെ ലക്ഷ്യം. ഇത്തരം മേളകൾ കേരളത്തിലെ വ്യവസായ മേഖലയുടെ ഉദ്പാദന ക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ചിട്ടുണ്ടെന്ന വസ്തുതയും മറക്കാവുന്നതല്ല.

## ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയർ (IITF)

രാജ്യത്തെ സംസ്ഥാനങ്ങളെയെല്ലാം കോർത്തിണക്കി വർഷാവർഷം ഇന്ദ്രപ്രസ്ഥത്തിൽ സംഘടിപ്പിക്കുന്ന മാമാങ്കമേളയാണ് ഭാരത അന്താരാഷ്ട്ര വ്യാപാര മേളയെന്ന ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയർ (IITF) ന്യൂഡൽഹിയിലെ പ്രഗതി മൈതാനമാണ് ഭാരത അന്താരാഷ്ട്ര വ്യാപാര മേളക്ക് അരങ്ങാകുന്നത്.

2016- 2017 വർഷങ്ങളിൽ ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ ദൈവത്തിൻറെ സ്വന്തം നാടിന് വ്യവസായ ഭാരതത്തിൻറെ ഭൂപടത്തിൽ സ്വന്തമായി ഒരു മേൽവിലാസം ഉണ്ടാക്കിയെടുക്കാൻ സാധിച്ചതിൽ സംസ്ഥാന സർക്കാരിനും വ്യവസായ വാണിജ്യ വകുപ്പിനും




അകമഴിഞ്ഞ ചാരിതാർത്ഥ്യമുണ്ട്.

സസ്ഥാനത്താകമാനമുള്ള സംരംഭങ്ങളിൽ നിന്നും തെരഞ്ഞെടുത്തവർ കേരളത്തെ പ്രതിനിധീകരിച്ച് ഇന്ദ്രപ്രസ്ഥത്തിലെ മേളക്ക് പങ്കാളിത്തമേകി.

2016-ൽ ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയർ മുന്നോട്ട് വച്ച ആശയം 'ഡിജിറ്റൽ ഇന്ത്യ' യായിരുന്നു. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 136 ചെറുകിട വ്യവസായ സംരംഭകാരാണ് പ്രഗതി മൈതാനത്തെ കേരള പവലിയനിൽ വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ പ്രദർശതിനായി സജ്ജീകരിച്ചത്. കരകൌശല ഉൽപ്പന്നങ്ങൾ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, ആയുർവേദത്തിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങൾ, ഇലട്രോണിക്സ് ഉൽപ്പന്നങ്ങൾ എന്നിവയായിരുന്നു കേരളം രാജ്യത്തിന് മുന്നിൽ പ്രദർശനത്തിനായി സമർപ്പിച്ചത്.

ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നതിനായി സംസ്ഥാനം 17 ലക്ഷം രൂപയാണ് അനുവദിച്ച് നൽകിയത്. ശരാശരി അഞ്ചു ലക്ഷം മുതൽ ആറുലക്ഷം വരെ ജനതയാണ് പ്രദർശനത്തിൽ സജ്ജീകരിച്ച കേരള പവലിയൻ തേടിയെത്തിയത്.

2017ൽ 'സ്റ്റാർട്ട് അപ് കേരള' പ്രമേയത്തിലൂടെ രാജ്യത്തെമ്പാടുമുള്ള സന്ദർശകരുടെ ശ്രദ്ധയാകർഷിക്കാൻ കേരളത്തിന് കഴിഞ്ഞു. കേരളത്തിലെ വ്യവസായ ലോകത്തെ മികച്ച സ്റ്റാർട്ട് അപ്പുകളെ രാജ്യത്തിന് പരിചയപ്പെടുത്താനായി ന്യൂതനങ്ങളായ നിരവധി ഉൽപ്പന്നങ്ങളാണ് കഴിഞ്ഞ തവണ കേരള പവലിയനിൽ പ്രദർശിപ്പിച്ചത്.

## കേരള ബിസിനസ് ടു ബിസിനസ് മീറ്റ്2017 (വ്യാപാർ – 2017)

കേരളത്തിലെ വ്യവസായ വാണിജ്യ മേഖലയെ അഭിവൃദ്ധിപ്പെടുത്താനും സംരംഭങ്ങളിൽ നൂതന ആശയങ്ങൾ ആവിഷ്കരിക്കാനും സംസ്ഥാനത്തെ ഒരു നിക്ഷേപക സൗഹൃദ ഉദ്പാദന കേന്ദ്രമാക്കി മാറ്റാനുമുള്ള നിരവധി പ്രവർത്തനോന്മുഖമായ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. വ്യവസായ സംരംഭങ്ങളെയും അവരുടെ ഉത്പ്പന്നങ്ങളെയും രാജ്യത്തെമ്പാടും പരിച്ചപ്പെടുത്തുക, സംസ്ഥാനത്തെ സംരംഭങ്ങളിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സർക്കാരും വാണിജ്യ വ്യവസായ വകുപ്പും സംയുക്തമായി മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നത്.

വൻകിട വ്യവസായങ്ങൾ മുതൽ നാനോ സംരംഭങ്ങൾക്ക് വരെ ഇത്തരം പ്രദർശനങ്ങൾ സംഘടിപ്പിക്കാറുണ്ട്. സംസ്ഥാനത്ത് അനുദിനം അഭിവൃദ്ധി പ്രാപിച്ച് വരുന്ന ചെറുകിട സൂഷ്മ സംരംഭങ്ങൾക്ക് വേണ്ടിയാണ് 2017-ൽ കൊച്ചിയിൽ കേരള ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിച്ചത്.

'വ്യാപാർ 2017' എന്നപേരിൽ സംഘടിപ്പിച്ച ബിസിനസ് ടു ബിസിനസ് മീറ്റിൽ കേരളത്തിലെ ഭൂരിഭാഗം ചെറുകിട സൂക്ഷ്മ വ്യവസായങ്ങളെയും അണിനിരത്താൻ സർക്കാരിനും വ്യവസായ വകുപ്പിനും കഴിഞ്ഞെന്ന കാര്യം ശ്രദ്ധേയമാണ്.

കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ 2017 ഫെബ്രുവരി 2, 3, 4 തീയതികളിലാണ് കേരള ബിസിനസ് ടു ബിസിനസ് മീറ്റ് വ്യാപാർ 2017 സംഘടിപ്പിച്ചത്.

ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റൈൽസ്, ഗാർമെന്റ്സ് റബ്ബർ, കയർ, ആയുർവേദ, ഹെർബൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയ സംരംഭ മേഖലകളെ കോർത്തിണക്കിയാണ് വ്യാപാർ 2017 സംഘടിപ്പിച്ചത്. കരകൗശലം, മുള തുടങ്ങിയ പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങളെ മേളയിൽ ഉൾപ്പെടുത്താനും ഇവയെ ദേശീയ അന്തർദേശീയ തലത്തിലുള്ള ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്താനും മേള പ്രത്യേകം ശ്രദ്ധപതിപ്പിച്ചു.

കേരളത്തിലെ സൂക്ഷ്മ, ചെറുകിട സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകവഴി വിപണിയിൽ അവയുടെ സാധ്യതകൾ വർദ്ധിപ്പിക്കാനും വിപണനം ത്വരിതപ്പെടുത്താനും കേരള ബിസിനസ് ടു ബിസിനസ് മീറ്റിന് കഴിഞ്ഞു. സംരംഭകർക്ക് ആത്മവിശ്വാസം നല്കുന്നതുവഴി സംസ്ഥാനത്തിൻറെ സാമ്പത്തിക പുരോഗതിക്ക് ആക്കം കൂടുന്നതിനും വ്യവസാരംഗത്തെ വളർച്ച വർദ്ധിപ്പിക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പായിരുന്നു വ്യാപാർ 2017.

മൂന്ന് ദിവസങ്ങളിലായി നടന്ന മേളക്ക് വൻ ജനപങ്കാളിത്തമാണ് ലഭിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള ചെറുകിട ഉദ്പാദകർക്കായി 200ലധികം സ്റ്റാളുകളാണ് ബോൾഗാട്ടി പാലസിൽ ഒരുക്കിയിരുന്നത്. രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിതരണക്കാരും, ബൈയ്യർമാരും സ്റ്റാളുകൾ സന്ദർശിക്കുകയും സംരംഭകരുമായി വ്യാപാര ചർച്ചകൾ നടത്തുകയും ചെയ്തു. ഇത്തരത്തിൽ 7300 വ്യാപാര ചർച്ചകൾക്കും, 3700 വ്യാപാര അന്വേഷണങ്ങൾക്കും കേരള ബിസിനസ് ടു ബിസിനസ് മീറ്റ് വേദിയായി.

## കേരള അഗ്രോ ഫുഡ്പ്രോ – 2018

ഭക്ഷ്യ സംസ്കരണ വിപണന രംഗത്ത് രാജ്യം ഉറ്റുനോക്കുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖലയിൽ നമ്മുടെ സംസ്ഥാനത്തിനുള്ള വിശ്വാസ്യതയും ഉൽപ്പന്നങ്ങളുടെ നിലവാരവും രാജ്യാന്തര വിപണിയിൽ നമുക്ക് സ്വന്തമായൊരിടം നേടിത്തന്നിട്ടുണ്ട്. സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ കോർത്തിണക്കി തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ച കേരള അഗ്രോ ഫുഡ് പ്രോ 2018 സംഘാടന മികവ്കൊണ്ടും, പങ്കാളിത്തം കൊണ്ടും ജനശ്രദ്ധ പിടിച്ചുപറ്റി.



170 സ്റ്റാളുകളിലായി സംഘടിപ്പിച്ച കേരള അഗ്രോ ഫുഡ് പ്രോ 2018-ന് സമൂഹത്തിൻറെ നാനാതുറകളിൽ നിന്നും വിശിഷ്യാ വ്യവസായ വിപണന രംഗത്തുനിന്നും മികച്ച പ്രതികരണങ്ങളാണ് ലഭിച്ചത്.

എം.എസ്. എം. ഇ വിഭാഗങ്ങളിൽ 102 സ്റ്റാളുകളും നാനോ സംരംഭങ്ങൾക്കായി 22ഉം, യന്ത്ര നിർമ്മാതാക്കൾക്കായി 20 സ്റ്റാളുകളും സജ്ജീകരിച്ചതിനു പുറമേ 26 സ്റ്റാളുകളിൽ സാങ്കേതിക വിദ്യാ സ്ഥാപനങ്ങളും അണിനിരന്ന മേളയായിരുന്നു കേരള അഗ്രോ ഫുഡ് പ്രോ 2018 .

മികച്ച സംഘാടനം, ഉയർന്ന ജനപങ്കാളിത്തം, സംരംഭകരുടെയും ബയർമാരുടെയും നിസീമമായ സഹകരണം, അർത്ഥവത്തായ സെമിനാറുകൾ, മാധ്യമപങ്കാളിത്തം, കലാവിരുന്നുകൾ തുടങ്ങിയവയാൽ സമ്പന്നവും സമ്പുഷ്ടവുമായിരുന്നു ഈ മേള. കേരള അഗ്രോ ഫുഡ് പ്രോ 2018 വ്യവസായ മന്ത്രി എ.സി മൊയ്തീൻ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

മേളയിൽ സംഘടിപ്പിച്ച ബിസിനസ് ടു ബിസിനസ് മീറ്റിൽ പങ്കെടുക്കാൻ രാജ്യത്തിനകത്തും പുറത്തും നിന്നായി അനേകംപേർ എത്തിയത് സംരംഭകർക്കും സംഘാടകർക്കും ഒരുപോലെ ആവേശമായി. സംരംഭങ്ങളിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ മികച്ച വിപണന സാധ്യതകൾ തേടുകയെന്ന ലക്ഷ്യത്തോടെയാണ് മേളകളിൽ ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നത്.

കയറ്റുമതിക്കാർ, വ്യാപാര സ്ഥാപനങ്ങൾ, വിതരണക്കാർ, സൂപ്പർ മാർക്കറ്റ് മേധാവികൾ, കച്ചവടക്കാർ തുടങ്ങി വാണിജ്യ രംഗത്ത് പ്രവർത്തിക്കുന്നവരുടെ പങ്കാളിത്തം ബിസിനസ് ടു ബിസിനസ് മീറ്റുകളെ സജീവമാക്കി.

രാജ്യത്തിനകത്തും പുറത്തും നിന്നായി 81 കയറ്റുമതി-വിപണന സ്ഥാപനഗലും മേധാവികളും സംഘങ്ങളും ബിസിനസ് ടു ബിസിനസ് മീറ്റിൽ പങ്കെടുക്കാൻ എത്തി. ഇവരുടെ പങ്കാളിത്തവും സാന്നിധ്യവും സഹകരവും കേരള അഗ്രോ ഫുഡ് പ്രോ 2018ൽ സജീവമായ വ്യാപാരാവസരങ്ങൾ ചർച്ചചെയ്യാനുള്ള അവസരങ്ങൾക്ക് വഴിതെളിച്ചു. ഇത്തരത്തിൽ സംഘടിപ്പിച്ച ബിസിനസ് ടു ബിസിനസ് മീറ്റിലൂടെ 85 കോടിയിലധികം രൂപയുടെ ഓർഡർ നേടിയെടുക്കാൻ മേളക്ക് കഴിഞ്ഞു.

പാരമ്പര്യ ഉൽപ്പന്നങ്ങൾ, ഭാഖ്യ എണ്ണകൾ, ഫുഡ് സപ്ലിമെന്റുകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചക്ക ഉൽപ്പന്നങ്ങൾ, ജൈവ പാക്കേജിംഗ്, ഉണക്കിയ പഴവർഗ്ഗങ്ങൾ, ജൈവ അരിയും അനുബന്ധ ഉൽപ്പന്നങ്ങളും, നാളികേര ഉൽപ്പന്നങ്ങൾ, പഴച്ചാറുകൾ, ജാമുകൾ, സ്കോഷുകൾ, മുളപ്പിച്ച ധാന്യങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ബി ടു ബിയിലൂടെ മികച്ച ഓർഡറുകൾ ലഭിച്ചു.

വ്യവസായ കേരളത്തിൻറെ ചരിത്രത്തിൽ ആദ്യമായി നാനോ സംരംഭങ്ങളുടെ പങ്കാളിത്തവും മേളയെ ആകർഷകമാക്കി. 22 നാനോ യൂണിറ്റുകളെ കേരള അഗ്രോ ഫുഡ് പ്രോ 2018ൽ അണിനിരത്താൻ സംഘാടകർക്ക് കഴിഞ്ഞു.

ന്യൂതന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്ത യന്ത്രങ്ങൾ കാണാനും അവയുടെ പ്രവർത്തനഗൽ നേരിട്ട് മനസിലാക്കാനും വാങ്ങാനും മേളയിൽ അവസരം ഒരുക്കിയിരുന്നു. മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് യന്ത്രങ്ങളുടെ സഹായം ലഭ്യമായാൽ ഉല്പ്പാദന ക്ഷമത വർദ്ധിപ്പിക്കാനും, ഗുണനിലവാരം കൂട്ടാനും മത്സരാധിഷ്ഠിത വിലക്ക് ഇവ വിപണനം ചെയ്യാനും കഴിയുമെന്ന് സംരംഭകരെ ബോധ്യപ്പെടുത്താൻ യന്ത്രങ്ങളുടെ പ്രദർശനം സഹായകമായി.

ഭക്ഷ്യ സംസ്കരണ മേഖല അയാസരഹിതമാക്കുന്ന 20 മെഷീനറി നിർമ്മാതാക്കളാണ് മേളയിൽ പങ്കെടുത്തത്. സ്റ്റാർട്ട് അപ് സംരംഭമായ മെക്സ് എഞ്ചിനീറിംഗ് കോളേജിലെ (മാള, തൃശൂർ) വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത അടയ്ക്ക പറിക്കുന്ന യന്ത്രം, ജാതിക്കായുടെ തോട് പൊളിക്കുന്ന യന്ത്രം എന്നിവ മേളയിൽ ജനശ്രദ്ധ കവർന്നു.

നാളികേരം, ചക്ക, ചെറുധാന്യങ്ങൾ, കപ്പ, അരി, മാങ്ങ, പഴങ്ങൾ, കൈതച്ചക്ക തുടങ്ങിയവയുടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ വൻതോതിൽ മേളയിൽ വിറ്റഴിക്കപ്പെട്ടു.

ഇടനിലക്കാരുടെ സഹായമില്ലാതെ ഉദ്പാദകനിൽ നിന്നും ഉപഭോക്താവിന് നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങാൻ മേള അവസരം ഒരുക്കി.

അരലക്ഷത്തിലധികം പേർ ഓരോ ദിവസവും മേള കാണാൻ തേക്കിൻകാട് മൈതാനത്തിലേക്ക് ഒഴുകിയെത്തി. രണ്ടുലക്ഷംപേർ പ്രദർശന നഗരി സന്ദർശിച്ചതായാണ് കണക്കുകൾ.

മേളയുടെ ഭാഗമായി നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച

സെമിനാറുകൾക്കും മികച്ച പ്രതികരണം ലഭിച്ചു. കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017, ചക്ക സംസ്കരണം, എം.എസ്.ഡി.ഐ പദ്ധതികൾ, സുഗന്ധ വ്യഞ്ജന സംസ്കരണം, പാൽ ഉൽപ്പന്നങ്ങൾ, മത്സ്യം, മാംസം, നാളികേരം, കിഴങ്ങ് വിളകൾ, സ്റ്റാർട്ട് അപ് എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് സെമിനാറുകൾ സംഘടിപ്പിച്ചത്. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം സിദ്ധിച്ചവരും ശാസ്ത്രജ്ഞൻമാരും ഗവേഷകരും ഉൾപ്പെടെ പ്രമുഖർ സെമിനാറുകൾക്ക് നേതൃത്വം നൽകി.

മേളയിൽ ഭിന്നലിംഗക്കാരുടെ സാന്നിധ്യവും ശ്രദ്ധേയമായി. ട്രാൻസ്ജന്ററുകളായ അലീന, മോനിഷ, വർഷ, ഷംന എന്നിവർ തൃശൂരിൽ മൂന്നാം തവണയാണ് ജ്യൂസ് പവലിയനുമായി എത്തുന്നത്. ഡൽഹിയിലും ഷാർജയിലും സംഘടിപ്പിക്കുന്ന ഭക്ഷ്യ മേളകളിൽ പങ്കെടുക്കാൻ ഇവർക്ക് ക്ഷണം ലഭിച്ചിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തകർ ഒരുക്കിയ ഭക്ഷ്യമേളയിൽ വൻജനത്തിരക്കാണ് അനുഭവപ്പെട്ടത്. കുടുംബശ്രീ മേളയിൽ നൂറോളം സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കുടുംബശ്രീ പ്രവർത്തകർ തയ്യാറാക്കിയ ആരോഗ്യ പൊറോട്ട, കൊത്ത് പൊറോട്ട, വിവിധതരം ചക്ക വിഭവങ്ങൾ, കപ്പയും കാന്താരിയും, വിവിധ പായസങ്ങൾ, ജീരകകഞ്ഞി എന്നിവയ്ക്ക് മേളയിൽ വൻ പ്രതികരണമാണ് ലഭിച്ചത്. കുടുംബശ്രീയും അയൽക്കൂട്ടങ്ങളും ഉദ്പാദിപ്പിച്ച ജൈവ അസംസ്കൃത വസ്തുക്കളാണ് മേളയിൽ കൂടുതലും ഉപയോഗിച്ചത്. കുടുംബശ്രീ കഫേയിൽ അഭൂതപൂർവ്വമായ തിരക്കാണ് അനുഭവപ്പെട്ടത്.

## മെഷിനറി എക്സ്പോ 2018

കേരളത്തിലെ വ്യവസായ മേഖലക്ക് ഊർജ്ജവും ഉണർവ്വും നൽകാൻ ചുരുങ്ങിയ കാലത്തിനുള്ളിൽ എൽ.ഡി.എഫ് ഗവൻമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. വലിപ്പച്ചെറുപ്പമില്ലാതെ സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപം ഈ മേഖലയിലേക്ക് കൊണ്ടെത്തിക്കുന്നതിനുമായി നിരവധി കർമ്മോജ്ജ്വലങ്ങളായ പദ്ധതികൾക്കാണ് ?സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും ഇതിനോടകം രൂപം നൽകിയിട്ടുള്ളത്.

വ്യവസായങ്ങൾ ആയാസകരമാക്കുന്നതിനായി യന്ത്രസഹായങ്ങൾ അത്യന്താപേക്ഷിതങ്ങളാണ്. യന്ത്രങ്ങളുടെ ലോകമാവട്ടെ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. മനുഷ്യശേഷിയേക്കാൾ അനായേസേന പ്രവർത്തികൾ നിർവ്വഹിക്കാൻ കഴിയുന്ന യന്ത്രങ്ങൾ വ്യവസായ സംരംഭങ്ങൾക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത ഘടകങ്ങളാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പുത്തൻ യന്ത്രങ്ങളെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനും അവ വാങ്ങുന്നതിനുമായാണ് മെഷിനറി എക്സ്പോകൾ സംഘടിപ്പിക്കുന്നത്. ഇതിൻറെ ഭാഗമായാണ് 2018 ജനുവരി 12മുതൽ 15വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്രാ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചത്. 2016ൽ സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച മെഷിനറി എക്സ്പോയുടെ രണ്ടാം പതിപ്പായിരുന്നു ഇത്.

134 പവലിയനുകളിലായി രാജ്യത്തിൻറെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ യന്ത്രനിർമ്മാതാക്കളും, വിതരണക്കാരും, സേവനദാതാക്കളും അണിനിരന്ന മെഷിനറി എക്സ്പോ 2018ന് വമ്പിച്ച പ്രതികരണമാണ് ലഭിച്ചത്. വ്യവസായ ലോകത്തിലേക്ക് കടന്നുവന്ന പുത്തൻ യന്ത്രങ്ങളെ പരിചയപ്പെടാനും അവയുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസിലാക്കാനും അവ വാങ്ങുന്നതിനും സംരംഭകർക്കുള്ള സുവർണ്ണാവസരം കൂടിയായിരുന്നു മെഷിനറി എക്സ്പോ.

വൈവിധ്യങ്ങളായ യന്ത്രങ്ങളെ കലവറ കാണാൻ നാല് ദിവസങ്ങളിലായി എറണാകുളം കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്രാ സ്റ്റേഡിയത്തിലേക്ക് ജനസമുദ്രം ഒഴുകിയെത്തിയത് മേളയുടെ ജനകീയത വിളിച്ചോതുന്നു.

നാലുദിവസങ്ങളിലായി നടന്ന മേളയിൽ 25 കോടിയോളം രൂപയുടെ നേരിട്ടുള്ള ഇടപാടുകളാണ് നടന്നത്. 60 കോടിയോളം രൂപക്കുള്ള യന്ത്ര സംവിധാനങ്ങൾ വാങ്ങുന്നതിനുള്ള ബിസിനസ് വാഗ്ദാനങ്ങളും മെഷീനറി എക്സ്പോയിലൂടെ നേടാൻ കഴിഞ്ഞതായി മേളയിൽ പങ്കെടുത്ത വിവിധ യന്ത്രനിർമ്മാതാക്കൾ വ്യക്തമാക്കി.

ചപ്പാത്തി, ഇടിയപ്പം മേക്കർ, ലെമൺ കട്ടർ, ഗാർലിക് പീലർ, വെളിച്ചെണ്ണ സംസ്കരണ യന്ത്രം, മാവ് കുഴയ്ക്കുന്ന യന്ത്രം, പാഴ്വസ്തുക്കൾ സംസ്കരിക്കാനുള്ള യന്ത്രം, സുരക്ഷാ യന്ത്രങ്ങൾ, മാംഗോ ഷേക്കർ, ബനാന കട്ടിംഗ് മെഷീൻ, ഹെവി ഡ്യൂട്ടി ബ്ലെൻഡർ, പോപ്കോൺ മെഷീൻ, കൊക്കോ മിൽക്കർ, നാനോ ഗ്രൈൻഡർ, ഡീസൽ ഓവൻ, കറവ യന്ത്രം, ഉരുളക്കിഴങ്ങ്




ചോപ്പർ, ഫോയിൽ സീലിംഗ് മെഷീൻ, കോഡിംഗ് മെഷീനുകൾ, വൈധ്യങ്ങളായ പാക്കിംഗ് യന്ത്രങ്ങൾ, തടിയധിഷ്ഠിത യന്ത്രസാമഗ്രികൾ, വസ്ത്ര നിർമ്മാണവുമായി അനുബന്ധപ്പെട്ട യന്ത്രങ്ങൾ, ബേക്കറി യന്ത്രങ്ങൾ, ഡ്രൈയറുകൾ, ഡാറ്റ കാർഡ് പ്രിൻറർ, ജ്യൂസ് എക്സ്ട്രാറ്ററുകൾ തുടങ്ങി നൂറോളം യന്ത്രങ്ങളും അതിലേറെ സാങ്കേതികതയുമാണ് മെഷിനറി എക്സ്പോയിൽ അണിനിരന്നത്.

കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കിഴങ്ങ് ഗവേഷണ കേന്ദ്രം, ഇന്ത്യൻ പ്ലൈവുഡ് റിസർച്ച് ഇൻഡസ്ട്രീസ് ആൻഡ് ട്രെയിയിനിംഗ് ഇൻസ്റ്റിട്ട്യൂട്ട്, സെൻട്രൽ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, റബ്ബർ റിസർച്ച് ഇൻസ്റ്റിട്ട്യൂട്ട് തുടങ്ങി നിരവധി മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഗവേഷണ കേന്ദ്രങ്ങളുടെയും സാന്നിധ്യം മേളക്ക് മിഴിവേകി.

വ്യവസായ കേരളത്തിൻറെ കരുത്തുറ്റ മന്ത്രി എ.സി മൊയ്തീൻ വീഡിയോ കോൺഫറൻസിലൂടെ മെഷിനറി എക്സ്പോ 2018 ഉദ്ഘാടനം നിർവ്വഹിച്ചതും ഈ മേളയെ വ്യത്യസ്തമാക്കി.

പ്രദർശനത്തിൽ പങ്കെടുത്ത സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ, സംരംഭകർ തുടങ്ങിയവരുടെ വിവരങ്ങൾ അടങ്ങിയ ഒരു ഡയറക്ടറിയും പ്രദർശനത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിച്ചു. കൊച്ചി നഗരസഭാ ഡെപ്യൂട്ടി മേയർ ടി.ജെ വിനോദ് ഡയറക്ടറി പ്രകാശനം നിർവ്വഹിച്ചു.

പ്രൊഫ. കെ.വി തോമസ് എം.പി മെഷിനറി എക്സ്പോ 2018ൻറെ ഉദ്ഘാടന ചടങ്ങുകളിൽ അധ്യക്ഷനായിരുന്നു. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കെ.എൻ. സതീഷ് ഐ.എ.എസ്, എം.എസ്.എം. ഇ.ഡി.ഐ. ഡയറക്ടർ പി.വി. വേലായുധൻ, കെ.എസ്.എസ്..ഐ.എ. സംസ്ഥാന പ്രസിഡന്റ് ദാമോദർ അവനൂർ, ഫിക്കി സംസ്ഥാന പ്രസിഡന്റ് ദീപക്, എൽ. അസ്വാനി, ജോൺ ചാലക്കൽ ( എൻ. എസ്. ഐ. സി. സി. ഇ.ഒ), വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർ എസ്.സുരേഷ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, ഇലക്ട്രിക്കൽ - ഇലട്രോണിക ്സ് ഉപകരണങ്ങൾ, ജനറൽ എഞ്ചിനീറിംഗ്, പാക്കേജിംഗ്, ഫാർമസ്യൂട്ടിക്കൽ-ആയുർവേദ-ഹെർബൽ, അച്ചടി, തടിയധിഷ്ഠിത സങ്കേതങ്ങൾ, ഇതര മേഖലകൾ എന്നിങ്ങനെ തരം തിരിച്ചായിരുന്നു മേളയിൽ യന്ത്രങ്ങൾ പ്രദർശിപ്പിച്ചത്.

സംസ്ഥാനത്തെ സംരംഭകർക്കും, പുതുസംരംഭകർക്കും, വ്യവസായ രംഗത്തേക്ക് കടക്കാൻ തയ്യാറെടുക്കുന്നവർക്കും പൊതു സമൂഹത്തിനും വ്യവസായ ലോകത്തെ നൂതന യന്ത്രങ്ങളെ കുറിച്ചും അവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അവബോധം സൃഷ്ടിക്കാനും പുതിയ സങ്കേതങ്ങൾ പരിചയപ്പെടാനും മെഷിനറി എക്സ്പോ 2018 വഴിതെളിച്ചു. വ്യവസായ സംരഭകർക്ക് അവരവരുടെ സംരംഭങ്ങൾ പുഷ്ടിപ്പെടുത്താനും നവീകരിക്കാനും ഈ മേഖലയിലേക്ക് പുതിയ സങ്കേതങ്ങൾ കൊണ്ടുവരുവാനും മേള വഴിമരുന്നിട്ടു.

നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച മേളക്ക് മുൻ കാലങ്ങളെക്കാൾ അഭൂതപൂർവ്വമായ തിരക്കായിരുന്നു അനുഭവപ്പെട്ടത്. സന്ദർശകരുടെ എണ്ണത്തിൽ മൂന്നിരട്ടിയിലധികം

വർദ്ധനവുണ്ടായത് മേളയുടെ സ്വീകാര്യത വിളിച്ചോതി.

യന്ത്രങ്ങളുടെ വില്പനമാത്രം ലക്ഷ്യം വച്ചുള്ളതായിരുന്നില്ല കൊച്ചിയിൽ സംഘടിപ്പിച്ച മെഷിനറി എക്സ്പോ 2018. സംരംഭകർക്ക് പരസ്പരം കാണാനും പരിചയപ്പെടാനും തങ്ങളുടെ സംരംഭങ്ങളെ കുറിച്ച് സംവദിക്കാനും സംശയനിവാരണം നടത്താനും ഈ മേള വേദിയായി.

ഭക്ഷ്യസംസ്കരണ രംഗത്ത് രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ ഈ മേഖലയിൽ നിന്നുള്ള യന്ത്ര നിർമ്മാതാക്കളും വിതരണക്കാരും സേവനദാതാക്കളും പങ്കാളിത്തബാഹുല്യംകൊണ്ട് മേളയെ സമ്പുഷ്ടമാക്കി. മാലിന്യ സംസ്കരണ യന്ത്ര നിർമ്മാതാക്കളും നാനോ സംരംഭകർക്കായി പ്രത്യേകം വികസിപ്പിച്ചെടുത്ത ചെറുകിട യന്ത്രസാമഗ്രികളും മേളയിൽ കൂടുതലായി ഉൾപ്പെടുത്താൻ വ്യവസായവകുപ്പും യന്ത്ര നിർമ്മാതാക്കളും കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നു.

കേരളസർക്കാർ സംഘടിപ്പിക്കുന്ന യന്ത്ര പ്രദർശനങ്ങളെ വളരെ ഗൌരവമായി കണക്കാക്കി ഇത്തരം മേളകളിൽ പങ്കെടുക്കാൻ നിരവധി നിർമ്മാതാക്കളാണ് മുന്നോട്ട് വന്നിട്ടുള്ളത്.

സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച മെഷിനറി എക്സ്പോ 2018ൽ മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചവർക്ക് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കെ.എൻ. സതീഷ് ഐ.എ.എസ് സമ്മാനങ്ങൾ നൽകി. തമിഴ്നാട്ടിലെ രാജപാളയം ആസ്ഥാനമായി പ്രവർത്തിക്കുന്ന എസ്.ബി. എം. എക്സ്ട്രൂഷൻ ഇന്ത്യയെന്ന സ്ഥാപനത്തിനാണ് ഇക്കുറി മികച്ച പ്രാതിനിധ്യത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചത്. ഈ ഗണത്തിൽ ഗുജറാത്തിലെ അഹമ്മദാബാദിൽ നിന്നുംവന്ന ജയ് ഇൻഡസ്ട്രീസ് രണ്ടാം സ്ഥാനം നേടി. ബംഗളുരുവിൽ നിന്നും മെഷിനറി എക്സ്പോ 2018ൽ പങ്കെടുക്കാൻ എത്തിയ ആൻറ് ടെക്നോളജീസിനാണ് മൂന്നാം സ്ഥാനം ലഭിച്ചത്. മേളയുടെ സമാപന സമ്മേളനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യപ്പെട്ടു.

## മലബാർ ക്രാഫ്റ്റ് മേള– 2018

ഭാവനയും സൂഷ്മതയും ക്ഷമയും സമാസമം ചാലിച്ച് പിറവി കൊള്ളുന്ന കരകൗശലവസ്തുക്കളുടെ പിന്നാമ്പുറങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അതിലും വിസ്മയമാണ് ഇവയുടെ ശില്പികളുടെ കഥ. മനസിൽ അന്തർ ലീനമായി കിടക്കുന്ന ഭാവനയും കരവിരുതും മാത്രംകൈമുതലാക്കി ഒരുകാലത്ത് ഈ മേഖലയിൽ വെന്നികൊടി പാറിച്ചിരുന്നവരുടെ പിൻതല മുറക്കാരും ഇന്ന് ഈ രംഗത്ത് വിജയഗാഥകൾ രചിക്കുകയാണ്. പൂർവ്വികർ പകർന്നുനൽകിയ അറിവും പരമ്പരാഗതമായി തലമുറ കൈമാറി എത്തിയ കൗശലങ്ങളാലും ജീവിതം വാർത്തെടുക്കുകയാണ്ഒരു വിഭാഗം ജനത.? കരകൌശല വിദ്യകളിലൂടെ ജീവിതം കരുപ്പിടിപ്പിക്കുന്നവരെ കണ്ടെത്തി പുതിയ തലമുറയ്ക്ക് അവരെയും അവരുടെ നിർമ്മിതികളെയും പരിച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ക്രാഫ്റ്റ് മേളകൾ സംഘടിപ്പിക്കുന്നത്.

പരമ്പരാഗത വ്യവസായ മേഖലകളിൽ പണിയെടുക്കുന്നവരും ഈ മേഖലയിലെ തൊഴിൽ ദാതാക്കളും ഏറെ പ്രത്യാശയോടും പ്രതീക്ഷയോടും കൂടിയാണ് ഇത്തരം മേളകളെ ?നോക്കിക്കാണുന്നത്.



തങ്ങളുടെ കരകൌശല പാടവം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും ഇത്തരം മേളകളിലൂടെ സർക്കാർ ശ്രമിച്ച് വരുകയാണ്.

മൺമറയാൻ ഒരുങ്ങുന്ന കലാരൂപങ്ങൾക്ക് പുതുജീവൻ നൽകാനും ഇത്തരം വ്യവസായ മേഖലകളെ പ്രോത്സാഹിപ്പിക്കാനും രാജ്യാന്തര വിപണികളിൽ അവയ്ക്ക് സ്വന്തമായൊരിടം കണ്ടെത്താനുമുള്ള ശ്രമങ്ങളുടെ ഭാഗം കൂടിയാണ് ക്രാഫ്റ്റ് മേളകൾ. സംസ്ഥാന സർക്കാരും, വ്യവസായ വകുപ്പും, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ സംയുക്ത ശ്രമഫലമാണ് മലബാർ ക്രാഫ്റ്റ് മേള 2018.

ജനുവരി 16 മുതൽ 30 വരെ പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം ഗ്രൌണ്ടിലായിരുന്നു മലബാർ ക്രാഫ്റ്റ് മേള 2018 സംഘടിപ്പിച്ചത്. ആന്ധ്രാപ്രദേശ്, ബീഹാർ, ഡെൽഹി, ഗുജറാത്ത്, ഒഡീഷ, ഹരിയാന, കർണ്ണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, പോണ്ടിച്ചേരി, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, തെലുങ്കാന, ഉത്തർപ്രദേശ്, വെസ്റ്റ് ബംഗാൾ തുടങ്ങി 18 സംസ്ഥാനങ്ങളിൽ നിന്നായി 143 സ്റ്റാളുകൾ മേളയെ സമ്പന്നമാക്കി. ഇതിന് പുറമേ ശ്രീലങ്കയിൽനിന്നെത്തിയ രണ്ട് സ്റ്റാളുകളും മലബാർ ക്രാഫ്റ്റ് മേളക്ക് മിഴിവേകി.

285 കരകൌശല വിദഗ്ദ്ധന്മാരും മേളയിൽ പങ്കെടുത്തു. കേരളത്തിലെ വിവിധ കരകൌശല ഉൽപ്പന്നങ്ങൾക്കായി 61സ്റ്റാളുകളാണ് മേളയിൽ സജ്ജമാക്കിയിരുന്നത്.

2011ന് ശേഷം നീണ്ട ഏഴുവർഷത്തെ ഇടവേളക്ക് ശേഷമാണ് പാലക്കാടിൻറെ മണ്ണിൽ ഇത്തരമൊരു മേള സംഘടിപ്പിക്കപ്പെട്ടത്. കരകൌശല വസ്തുക്കളുടെ പ്രദർശനത്തിനോപ്പം വിൽപ്പനയും സജ്ജീകരിച്ചിരുന്നതിനാൽ മേള ഏറെ ജനപ്രിയമായി.

15 ദിവസം നീണ്ടുനിന്ന മേള സാംസ ്കാരിക മന്ത്രി എ.കെ.ബാലൻ ഉദ്ഘാടനം ചെയ്തു.

വ്യവസായ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. നവമാധ്യമങ്ങൾ, ഫ്ലാഷ്മോബുകൾ എന്നിവയിലൂടെ മേളയെ പരമാവധി ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു.

## വ്യാവസായിക മേഖലയിലെ കഴിഞ്ഞ രണ്ട്വർഷത്തെ നേട്ടങ്ങൾ

പ്രബുദ്ധ കേരളത്തിൻറെ ഭൂരിപക്ഷപിന്തുണയോടെ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടുവർഷം പൂർത്തിയാകുകയാണ്. ഒട്ടേറെ പ്രതീക്ഷക?ളോടെയാണ് സംസ്ഥാനത്തെ ജനങ്ങൾ ജനാധിപത്യപരമായി പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ് സർക്കാരി?നെ അധികാരം ഏൽപ്പിച്ചത്.

ദൈവത്തിൻറെ സ്വന്തം നാട്ടിലെ മൂന്നരക്കോടിയോളം വരുന്ന ?ജനതതിയുടെ ആശയും അഭിലാഷവുമാണ് എൽ.ഡി.എഫ് സർക്കാർ വീണ്ടും അധികാരത്തിൽ വരാൻ കാരണമായത്. ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കാൻ ഈ സർക്കാർ സദാ പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ 24 മാസങ്ങൾക്കുള്ളിൽ ജനോപകാരപ്രദങ്ങളായ നിരവധി പദ്ധതികളാണ് ഈ സർക്കാരും വിവിധ വകുപ്പുകളും രൂപം നൽകിയത്. വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കേരളത്തിൻറെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ പലതും ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും മാതൃകയായി സ്വീകരിച്ചിട്ടുണ്ടെന്ന വസ്തുത ഇത്തരം പ്രവർത്തനങ്ങളെ ശ്രദ്ധേയമാക്കുന്നു.

ഉപഭോഗസംസ്ഥാനമെന്ന വിളിപ്പേരിൽ നിന്നും ഉല്പ്പാദന സംസ്ഥാനങ്ങളുടെ ശ്രേണിയിലേക്ക് കേരളത്തെ കൈപിടിച്ചാനയിക്കാൻ വ്യവസായ വകുപ്പ് സ്വീകരിച്ച പദ്ധതികൾക്ക് വൻ ജനപിന്തുണയാണ് ലഭിക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള സമസ്ത ഉപഭോഗ വസ്തുക്കൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് കഴിയേണ്ടിവന്ന ദൌർഭാഗ്യകരമായ അവസ്ഥക്ക് അറുതിവരുത്തുകയെന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാരിനും വകുപ്പുകൾക്കും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിൻറെ സമ്പത്തിൽ സിംഹഭാഗവും ഇതര സംസ്ഥാനങ്ങളിക്ക് ഒഴുകുകയും വിവിധ സംസ്ഥാനങ്ങളുടെ പൊതുവിപണിയായി കേരളം മാറുകയും ചെയ്ത സ്ഥിതിവിശേഷത്തിൽ നിന്നും ദൈവത്തിൻറെ സ്വന്തം നാട് മെല്ലെ മെല്ലെ മുക്തമാവുകയാണ്.

കേരളത്തിലെ വ്യവസായ മേഖലയുടെ

മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ കെല്പുള്ള നിരവധി പദ്ധതികളാണ് ഇതിനോടകം കേരളത്തിന് സമർപ്പിക്കപ്പെട്ടത്. ചിതറിപ്പോയ വ്യവസായങ്ങളെ ക്രോഡീകരിച്ചും, സംരംഭങ്ങളെ സ്വഭാവം അനുസരിച്ച് തരംതിരിച്ചും സംസ്ഥാനം ഒട്ടുക്ക് നടപ്പിലാക്കിവരുന്ന കർമ്മ പദ്ധതികൾ വ്യവസായ ലോകത്തിന് പുത്തൻ ഉണർവ്വും ഊർജ്ജവും പകർന്നു നല്കിയിട്ടുണ്ട്. സംരംഭമേഖലയിലെ പുരോഗതിയും ഉദ്പാദന വർധനവും സംസ്ഥാനത്തിൻറെ സമ്പദ്വ്യവസ്ഥയിലും നിക്ഷേപത്തിലും മുമ്പെങ്ങും ഇല്ലാത്തവിധം പ്രതിഫലിച്ച് കണ്ട 24 മാസങ്ങളിലൂടെയാണ് ഈ സർക്കാർ മൂന്നാം വർഷത്തിലേക്ക് കടക്കുന്നത്.

വ്യവസായ കേരളത്തിൻറെ ഉന്നമനവും സംരംഭങ്ങളുടെ വികസനവും ലക്ഷ്യമിട്ട് നിരവധി പദ്ധതികൾക്കാണ് വ്യവസായ വകുപ്പ് രൂപം നൽകിയത്.

## 2016 – 17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

### സംരംഭത്വ പരിശീലന പരിപാടികൾ:

സംരംഭത്വം പ്രോത്സാഹിപ്പിക്കുക, സംരംഭകരുടെ കാര്യക്ഷമത വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിച്ച സംരംഭത്വ പരിശീലന പരിപാടികൾ, ഇ.ഡി.പി, ഇ.എ.പി, ടെക്നോളജി ഇൻവെസ്റ്റേഴ്സ് മീറ്റ് (EDP, EAP, Technology Clinic, Investor's Meet) എന്നിവയിൽ സംസ്ഥാനത്തെ സംരഭക മേഖലകളിൽ നിന്നുള്ള 38,293 പേർ പങ്കെടുത്തു. വ്യവസായ വകുപ്പ് 88.25 ലക്ഷം രൂപ അനുവദിച്ച പ്രസ്തുത പരിപാടിയിലൂടെ 13,552 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

### ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം:

തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള നൈപുണ്യ വികസനം. 35 ലക്ഷം രൂപ ചിലവിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ സംസ്ഥാനത്തെ 350പേർ പങ്കെടുത്തു. പരിശീലനം പൂർത്തിയാക്കിയ 142 പേർ ഇതര സ്ഥാപനങ്ങളിൽ ജോലിനേടി. 102 പേർ സ്വന്തമായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു.

### ഇ.ഡി. ക്ലബ്ബുകൾ:

സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി നടത്തിയ ഈ പരിശീലന ബോധവൽക്കരണ പരിപാടികൾക്കായി 16.80 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാനത്തെ 280 ഇ.ഡി ക്ലബ്ബുകൾക്ക് 6000 രൂപവീതം ഫണ്ട് അനുവദിച്ചതിന് പുറമേ സെമിനാറുകൾ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു.

### ബിസിനസ് ഇൻകുബേഷൻ സെൻറർ:

സംരംഭകർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഇവർക്ക് ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുന്നതിനുമായി രൂപകൽപ്പന ചെയ്തതാണ് ഈ പരിപാടി. സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെൻററുകൾ സ്ഥാപിച്ചാണ് ഈ പരിപാടി വിജയത്തിൽ എത്തിച്ചത്. ഇൻകുബേഷൻ സെൻററുകൾ സ്ഥാപിച്ചതിൻറെ സംസ്ഥാനതല ഉദ്ഘാടനം 2016 സെപ്തംബർ ഒന്നിന് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നടന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ബിസിനസ് ഇൻകുബേഷൻ സെൻററുകൾ സന്ദർശിച്ച സംരംഭകർക്ക് അവരവരുടെ സംരംഭക മേഖലയിൽ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരങ്ങൾ കണ്ടെത്താനും ഇൻറർനെറ്റ് ഉൾപ്പെടെയുള്ള സങ്കേതങ്ങളും സേവനങ്ങളും സ്വീകരിക്കാനും ബിസിനസ് ഇൻകുബേഷൻ സെൻററുകൾ സഹായകമായി. ഇതിലേക്കായി 45 ലക്ഷം രൂപയാണ് വ്യവസായ വകുപ്പ് ചിലവിട്ടത്.

### മാർക്കറ്റിംഗ് കാമ്പെയിൻ ഫുഡ് സേഫ്റ്റി സിസ്റ്റം:

സംസ്ഥാനത്തെ ഉപഭോക്താക്കൾക്കും ബിസിനസ് സ്ഥാപനങ്ങൾക്കും പൊതുസമൂഹത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി വ്യവസായ വകുപ്പ് മുൻകൈയ്യെടുത്ത് നടപ്പിലാക്കിയ പദ്ധതി. കെ-ബിപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിക്കായി വ്യവസായ വകുപ്പ് അരക്കോടി രൂപ അനുവദിച്ചു. ബോധവൽകരണ ക്ലാസ്സുകൾ, ടെക്നോളജി സെഷൻ എന്നിവയും ഇതിലൂടെ സംഘടിപ്പിക്കപ്പെട്ടു

### ക്ലസ്റ്റർ വികസന പദ്ധതി:

2016 – 17 സാമ്പത്തിക വർഷത്തിൽ നോർത്ത് മലബാർ ഓഫ്സെറ്റ് പ്രിൻറേഴ്സിന് 101.



90 ലക്ഷം രൂപയും, തൃശൂർ ട്രേഡിഷണൽ ഫർണ്ണിച്ചർ ക്ലസ്റ്ററിന് 98.10 രൂപയും സംസ്ഥാന വിഹിതമായി അനുവദിച്ചുനൽകി.

## 2017 – 18 സാമ്പത്തിക വർഷത്തെ പദ്ധതികൾ

### സംരംഭത്വ പരിശീലന പരിപാടികൾ:

സംരംഭത്വം പ്രോത്സാഹിപ്പിക്കുക, സംരംഭകരുടെ കാര്യക്ഷമത വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിച്ച സംരംഭത്വ പരിശീലന പരിപാടികൾ, ഇ.ഡി.പി, ഇ.എ.പി, ടെക്നോളജി ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയിൽ സംസ്ഥാനത്തെ സംരഭക മേഖലകളിൽ നിന്നുള്ള 43,122 പേർ പങ്കെടുത്തു. വ്യവസായ വകുപ്പ് ഒരുകോടി മൂന്ന് ലക്ഷം രൂപ അനുവദിച്ച പരിപാടിയിലൂടെ 16,264 തൊഴിൽ അവസരങ്ങളായിരുന്നു സൃഷ്ടിക്കപ്പെട്ടത്.

### ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം:

തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള നൈപുണ്യ വികസനം. 35 ലക്ഷം രൂപ ചിലവിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ 350പേർ പങ്കെടുത്തു. ഇതിൽ 153 പേർ സ്വന്തം സംരംഭങ്ങൾക്കായി മുന്നോട്ട് വന്നപ്പോൾ പരിശീലനം പൂർത്തിയാക്കിയ 213 പേർ ഇതര സ്ഥാപനങ്ങളിൽ ജോലിനേടി.

### ഇ.ഡി. ക്ലബ്ബുകൾ:

ഈ പരിശീലന ബോധവൽക്കരണ പരിപാടികൾക്കായി 33.30 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാനത്തെ 333 ഇ.ഡി ക്ലബ്ബുകൾക്ക് പതിനായിരം രൂപവീതം നൽകി. പുറമേ സെമിനാറുകൾ ബോധവൽക്കരണ ക്ലാസുകൾ, കാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചു.

### തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബോധവല്കരണ പരിപാടി:

14 ലക്ഷം രൂപ ഇതിനായി വ്യവസായവകുപ്പ് അനുവദിച്ചു. സംസ്ഥാനത്ത് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള ലൈസൻസുകൾ, അനുമതികൾ, ക്ലിയറൻസുകൾ തുടങ്ങിയ നടപടിക്രമങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾക്ക് സുതാര്യത ഉറപ്പാക്കാനും സംശയ നിവാരണത്തിനും ബോധവല്കരണത്തിനുമായി സംഘടിപ്പിക്കപ്പെട്ട പരിപാടി. ജില്ലാതലങ്ങളിൽ സംഘടിപ്പിച്ച ഏകദിന ക്ലാസിൽ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിൽ വ്യവസായ വാണിജ്യവകുപ്പ് വിജയിച്ചു.

### ചെറുകിട – സൂഷ്മ സംരംഭങ്ങൾക്കായി പോർട്ടൽ:

സംസ്ഥാനത്തെ ചെറുകിട സുഷ്മ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണിയൊരുക്കുന്നതിനായി വ്യവസായ വകുപ്പ് മുന്നിട്ടിറങ്ങി വെബ് പോർട്ടൽ സ്ഥാപിച്ചു. 65ലക്ഷം രൂപ ചിലവിട്ട പ്രസ്തുത പദ്ധതി കെ-ബിപ്പ് മുഖേനയാണ് യാഥാർത്ഥ്യമാക്കിയത്.

# പ്ലാസ്റ്റിക് വ്യവസായം തുടങ്ങാം സി. എഫ്. എസ്. സി യിലൂടെ

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരിയിൽ പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ൽ പ്ലാസ്റ്റിക് മേഖലയിൽ വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിനുവേണ്ടി ഇൻക്യുബേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. 40,000/- രൂപ മുതൽമുടക്കിൽ ഒരു വ്യവസായ സംരംഭം തുടങ്ങാവുന്ന സാധ്യത സി. എഫ്. എസ്. സി മുന്നോട്ട് വയ്ക്കുന്നു.

ശാസ്ത്രത്തിന്റെ വളരെ വിലപ്പെട്ട സംഭാവനകളിൽ ഒന്നാണ് പ്ലാസ്റ്റിക്കിന്റെ കണ്ടുപിടിത്തം. പ്ലാസ്റ്റിക്കിന്റെ ഏറ്റവും വലിയ മേന്മ അതിന്റെ കുറഞ്ഞ ഭാരം, എങ്ങനെയും രൂപപ്പെടുത്താവുന്ന സ്വഭാവം, പുനരുപയോഗ സാധ്യത, തടിക്കും ലോഹത്തിനും ബദലായി ഉപയോഗിക്കാം തുടങ്ങിയവയാണ്. നമ്മൾ ഉപയോഗിക്കുന്ന ടൂത്ത് ബ്രഷ് മുതൽ ശൂന്യാകാശ പര്യവേഷണ വാഹനത്തിൽ വരെ പ്ലാസ്റ്റിക്കിന് പകരം വയ്ക്കാൻ മറ്റൊന്ന് കണ്ടുപിടിച്ചില്ല. വൈദ്യശാസ്ത്രരംഗത്ത് ലൈറ്റ് വെയിറ്റ് കൃത്രിമ അവയവങ്ങൾ, ഇംപ്ലാന്റുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ തുടങ്ങിയവയ്ക്കായി പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിലൂടെ വാഹനങ്ങളുടെ ഭാരം കുറയ്ക്കുകയും അത് വഴി ഇന്ധന ഉപഭോഗം കുറയുകയും ചുരുങ്ങിയ ചെലവിൽ യാത്ര സാധ്യമാക്കുകയും ചെയ്യുന്നു. ഇങ്ങനെ അനന്തമായ ഉപയോഗങ്ങൾ നമ്മൾ അറിഞ്ഞും അറിയാതെയും പ്ലാസ്റ്റിക് നിർവഹിച്ചുപോരുന്നു.



രണ്ടാം ലോക മഹായുദ്ധ സമയത്ത് വ്യവസായ വിപ്ലവം ഉടലെടുക്കുകയും അതിന്റെ ഫലമായി പ്ലാസ്റ്റിക്കിന്റെ സാധ്യതകൾ മനസ്സിലാക്കി കൂടുതൽ കണ്ടുപിടുത്തങ്ങൾ ഉണ്ടാവുകയും ചെയ്തു.

ഭാരതത്തിൽ പ്ലാസ്റ്റിക് വ്യവസായം ആരംഭിക്കുന്നത് 1957 ൽ ആണ്. ഇപ്പോൾ 30,000 ൽ അധികം പ്ലാസ്റ്റിക് വ്യവസായ സ്ഥാപനങ്ങൾ ഭാരതത്തിലുണ്ട്. നാല് ദശലക്ഷം പേർ പ്രത്യക്ഷമായും അതിലും ഇരട്ടി ആളുകൾ പരോക്ഷമായും ഈ മേഖലയിൽ ജോലി ചെയ്യുന്നു. കേരളത്തിൽ 2000-ൽ അധികം പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ ഉണ്ട്. ഇതിൽ 95% ഉം ചെറുകിട വ്യവസായങ്ങളാണ്. കേരളത്തിൽ പ്ലാസ്റ്റിക് വ്യവസായം തുടങ്ങാൻ വിലങ്ങുതടിയായി നിൽക്കുന്നത് പ്രധാനമായും നാല് കാരണങ്ങളാണ്.

1. സാങ്കേതിക പിരിജ്ഞാനത്തിന്റെ കുറവ്
2. ഉയർന്ന പ്രാരംഭനിക്ഷേപം
3. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
4. തുടർച്ചയായ സാങ്കേതിക പിന്തുണയുടെ അഭാവം

ഈ നാല് പ്രതിബന്ധങ്ങളും മാറ്റി ആളുകളെ ഈ മേഖലയുടെ സാധ്യതയെ ഉപയോഗപ്പെടുത്താൻ സഹായിക്കുന്നതിനായി സി. എഫ്. എസ്. സി. ചങ്ങനാശ്ശേരിയിൽ പ്ലാസ്റ്റിക് വിഭാഗത്തിലെ സൗകര്യങ്ങൾ ഉയർത്തിക്കൊണ്ട് ഒരു പ്ലാസ്റ്റിക് ഇൻകുബേഷൻ സെന്റർ 2016 ൽ ആരംഭിച്ചു. അതിന്റെ ഭാഗമായി ഒരു ഇഞ്ചക്ഷൻ മോൾഡിംഗ് മെഷീൻ, പെറ്റ് ബോട്ടിൽ മാനുഫാക്ചറിംഗ് മെഷീൻ, പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു. ഇൻകുബേഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വ്യവസായം തുടങ്ങാൻ താൽപര്യം ഉള്ള ആളുകൾക്ക് തിയറി ക്ലാസ്സുകളും പ്രായോഗിക പരിശീലനവും നൽകുന്നു. അതിനുശേഷം അവർക്കുള്ള പുതിയ ആശയങ്ങൾ നമ്മളുമായി പങ്കുവെയ്ക്കുകയും അത് പ്രാവർത്തിമാക്കാൻ വേണ്ട ആർ & ഡി സി. എഫ്. എസ്. സി യുടെ ടെക്നിക്കൽ ടീം നടത്തുകയും ചെയ്യുന്നു. തുടർന്ന് പ്രൊഡക്ട് ഡിസൈനിംഗ്, അസംസ്കൃത വസ്തുക്കളുടെ തിരഞ്ഞെടുപ്പ്, മോൾഡ് ഡിസൈനിംഗ് എന്നിവയിൽ സഹായിക്കുന്നു. നമ്മുടെ തന്നെ ടൂൾ റൂമിൽ മോൾഡുകൾ ഉണ്ടാക്കുകയും, ഈ മോൾഡുകൾ ഉപയോഗിച്ച് ഇവിടുത്തെ മെഷീനിൽ വളരെ കുറഞ്ഞ നിരക്കിൽ ഉത്പാദനം നടത്തുവാനുള്ള സൗകര്യം നൽകുകയും ചെയ്യുന്നു. ഉത്പാദകർക്ക് മാർക്കറ്റിങ്ങിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതിയാകും. ഒരിക്കൽ മാർക്കറ്റിൽ അവരുടെ ഉൽപന്നം ഇടംപിടിക്കുകയും വ്യവസായം തുടങ്ങാൻ ഉള്ള ആത്മവിശ്വാസം ലഭിക്കുകയും ചെയ്താൽ അവർക്ക് സ്വന്തമായി ഒരു വ്യവസായ സ്ഥാപനം തുടങ്ങുന്നതു വരെയുള്ള സഹായമാണ് ഇൻക്യുബേഷൻ സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ 23 സംരംഭകർ ഇവിടുത്തെ മെഷീനുകളുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്ത 426



**Table 1**

| Sl. No | Name of Equipment | Purpose |
|---|---|---|
| 1. | Melt Flow Index Tester | As per ASTM D 1238 & ISO 1133- (Test Method A & B) to check the melt flow rate (MFR) & melt volume rate (MVR) of thermoplasics and compounds. |
| 2. | Digital Density Apparatus | Used to measure the apparent density of fine plastic granules. |
| 3. | Computerized Static and Kinetic Friction Tester | To determine the coefficients of friction of plastic film and sheeting as per the ASTM D 1894 |
| 4. | Dart Impact Tester | To check the impact failure weight of film and sheeting by a failing weight impact as per the ASTM D 1709 and IS 2508 standard |
| 5. | Heat Sealing Machine | To check the sealing property of plastic films. |
| 6. | Computerised Single Screw UTM | To check properties of Tensile & elongation of thin plastic sheets as per ASTM D 638/ ASTM D 882 & ISO 527 standards. This equipment will have additional built- in programs for Peel, Bond, Cyclic endurance based on time, counts, load and extension with auto stop & auto reverse facility. |
| 7. | Digital Opacity Tester | To chek the opaqueness of plastic samples as per IS 4985 and IS 12235 |
| 8. | Carbon Content Apparatus | As per ASTM D 1603, IS 4984 and IS 2530 determine carbon black content of plastics. |
| 9. | ESCR Apparatus | As per ASTM D-1693 to determine Environmental Stress Cracking resistance of ethylene plastics. |
| 10. | VSP/ HDT Apparatus | As per ASTM D- 1525 and ASTM D- 648 as well as ISO 306 and ISO 75 to determine vicat softening temperature and heat deflection temperature (heat distortion temperature) of polymers, compounds and engineering plastics. |

പേരിൽ 274 പേർ പ്ലാസ്റ്റിക് സെക്ഷനിൽ ട്രെയിനിംഗ് നേടി.

ഇന്നത്തെ കാലത്ത് ഉപഭോക്താക്കൾ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന് മുമ്പുള്ളതിനേക്കാൾ പ്രാധാന്യം കൊടുക്കുന്നുണ്ട്. തൽഫലമായി ഉൽപാദകനും അതിന് അനുസരിച്ച് മാറേണ്ടത് സ്ഥാപനത്തിന്റെ നിലനിൽപ്പിനും തുടർവളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. ഒരു ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ദേശീയവും അന്തർദേശീയവുമായ മാനദണ്ഡങ്ങൾ നിലവിലുണ്ട് (ASTM, BIS etc). ആ തലത്തിലേയ്ക്ക് ഉൽപാദകരെ ഉയർത്താൻ വേണ്ടി ഇൻക്യുബേഷൻ സെന്ററിന്റെ രണ്ടാം



ഘട്ടത്തിൽ 2017 ൽ സി. എഫ്. എസ്. സി, ചങ്ങനാശ്ശേരിയിൽ പ്ലാസ്റ്റിക് ടെസ്റ്റിംഗ് ലബോറട്ടറി കൂടി സ്ഥാപിക്കുകയും അന്താരാഷ്ട്ര നിലവാരത്തിൽ ഉള്ള ഉപകരണങ്ങൾ സജ്ജമാക്കുകയും ചെയ്തു.

ലബോറട്ടറിയിൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളും അവയുടെ ഉപയോഗവും മുകളിൽ കൊടുത്തിരിക്കുന്നു (ടേബിൾ-1). സാധാരണ ലാബുകളിൽ ഉള്ള നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ഇവയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## ഭാവി പരിപാടികൾ

വളർന്നു വരുന്ന വ്യവസായികവും അക്കാദമികവുമായ ആവശ്യങ്ങൾ ഉൾക്കൊണ്ട് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സി. എഫ്. എസ്. സി. പ്രതിജ്ഞാബദ്ധമാണ്. അതിനാൽ തന്നെ ഈ കാലഘട്ടത്തിലെ നൂതന ആശയമായ ത്രീ ഡി പ്രിന്റിംഗ് മെഷീൻ വാങ്ങാൻ സർക്കാർ അനുവാദം നൽകുകയും അത് നടപടിക്രമങ്ങൾ കഴിഞ്ഞ് ഉടൻ തന്നെ സെന്ററിൽ പ്രവർത്തന സജ്ജമാകുകയും ചെയ്യുന്നതാണ്. മോൾഡോ പരമ്പരാഗത മെഷീനറിയോ ഇല്ലാതെ തന്നെ ഉൽപന്നം നിർമ്മിക്കാവുന്ന നൂതന സാങ്കേതിക വിദ്യയാണ് ത്രീ ഡി പ്രിന്റിംഗ് ടെക്നോളജി. ആരോഗ്യ രംഗത്തും എഞ്ചിനീയറിംഗ് രംഗത്തും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒന്നായി ത്രീ ഡി പ്രിന്റിംഗ് ടെക്നോളജി വളർന്നു കഴിഞ്ഞു. നിർമ്മാണ രീതികളിലെ പരിമിതിയോ രൂപ കൽപ്പനയിലെ സങ്കീർണ്ണതയോ ഈ സാങ്കേതിക വിദ്യയിൽ ബാധകമല്ല എന്നതും ഒരു വലിയ നേട്ടമാണ്. അത് കൂടാതെ, ഈ മേഖലയിലെ ഉൽപന്ന വൈവിധ്യവൽകരണം നടത്താൻ ആവശ്യമുള്ള Twin screw counter rotating blending extruder, ട്രെയിനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ, പ്ലാസ്റ്റിക് കവറുകൾ എളുപ്പത്തിൽ റീസൈക്കിൾ ചെയ്യാൻ ആവശ്യമുള്ള മെഷീൻ തുടങ്ങിയവ സ്ഥാപിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.



ഡോ. ഷൈൻകുമാർ



# ഗിനിപ്പന്നികൾ ഇനി ധനപ്പന്നികൾ

പന്നികളെന്നു കേട്ട് ആരും പരിഭ്രമിക്കേണ്ട. പാവങ്ങളാണ് ഗിനിപ്പന്നികൾ. ലോകമെമ്പാടും അരുമകളായി ആഹാരമായും മാറേണ്ടി വന്ന പാവങ്ങൾ. മരുന്നു പരീക്ഷണങ്ങൾക്ക് നിന്നുകൊടുത്ത് കേവലം 5-6 വർഷങ്ങൾ കൊണ്ട് ജീവിതം അവസാനിപ്പിക്കേണ്ടി വന്നവർ. എങ്കിലും ഗിനിപ്പന്നികളിൽ വലിയ ഓമനത്തമുണ്ട്. ആരെയും ആകർഷിക്കുന്ന സ്നേഹത്തിന്റെ ഘടകം ആ കണ്ണുകളിലുണ്ട്. പുതുകാലത്തെ അരുമപരിപാലനത്തിൽ ഞങ്ങളും പെടുന്നു എന്നവർ ഉറക്കെ വിളിച്ചു പറയുന്നു.

ബീക്ക് ബീക്ക് എന്ന മതിവരാത്ത ശബ്ദത്തിൽ ആഹാരമെത്തുമ്പോൾ ചിലയ്ക്കുന്ന ഗിനിപ്പന്നികൾ സുന്ദരക്കുട്ടപ്പന്മാരാണ്. സ്നിഗ്ദ്ധമായ രോമരാജികളുള്ള പട്ടുപോലത്തെ മേനി. അതിൽ വർണ്ണങ്ങളുടെ കുടമാറ്റം. പ്രകാശം തുളുമ്പുന്ന കണ്ണുകൾ, കയ്യിലെടുത്താൽ നെഞ്ചോട് ചേർന്നിരിക്കുന്ന പ്രകൃതം. അടുത്തകാലത്താണ് ഗിനിപ്പന്നികൾ അരുമ വ്യാപാരരംഗത്തെത്തിയത്. അത് ഒരൊന്നൊന്നര വരവായിരുന്നു.

## മറുനാട്ടിൽ പരീക്ഷണം വരുമാനം അരികെ

മറുനാട്ടിലാണ് ഗിനിപ്പന്നികൾ ഏറ്റവുമധികം ചെലവാകുക. ഹൈദരാബാദിലും ബോംബെയിലും ചെന്നെയിലുമൊക്കെ ഗിനിപ്പന്നികൾക്കയി വലിയ ഏജന്റുമാരുണ്ട്. വൻകിട ലബോറട്ടറികളിലും ആശുപത്രികളിലും ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലുമൊക്കെ ഗിനിപ്പന്നികളുടെ സാന്നിധ്യം ഉറപ്പാണ്. അതുകൊണ്ടുതന്നെ വ്യാപാരം തകൃതിയായി നടക്കുന്നു. ചെറുപ്രായത്തിലെ പ്രമേഹം, ക്ഷയം, സ്കർവി തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ഫലവും പ്രതിപ്രവർത്തനവുമൊക്കെ ഗവേഷണ നിരീക്ഷണങ്ങളുടെ ഭാഗമായി നടത്തുന്നത് ഗിനിപ്പന്നികളിലാണ്. ചെറു ആയുസ്സേ ഉള്ളൂ എന്നതും വളരെ വേഗം പെറ്റുപെരുകുമെന്നതും ചെറുമരുന്നുകളോടു പോലും പെട്ടെന്ന് പ്രതികരിക്കും എന്നുള്ളത് ഗിനിപ്പന്നികളുടെ സാധ്യത ഈ രംഗത്ത് വർദ്ധിപ്പിക്കുന്നുണ്ട്. മരുന്നു പരീക്ഷണം കൂടാതെ തന്നെ വലിയൊരളവിൽ ആഹാരമായും ഗിനിപ്പന്നികൾ മാറുന്നുണ്ട്. ചൈനീസ് ടെയിൽ ഫുഡുകളിലായി പ്രധാനിയാണ് ഗിനിപ്പന്നികൾ. ചൈനീസ് ധാബകളിൽ സ്ഥിരം സാന്നിധ്യമായ ഗിനിപ്പന്നികൾ അത്തരത്തിലും ഒരു വരുമാനം കൊണ്ടുവരുന്നു. ഒരേ സമയം അരുമകളും പ്രജനനഭാവിയിൽ ഭക്ഷണവുമായി മാറുന്ന ചെറുമൃഗങ്ങളെന്ന ഖ്യാതിയും ഗിനിപ്പന്നികൾക്ക് സ്വന്തം.

## ഗിനിപ്പന്നികൾ ചില യാഥാർത്ഥ്യങ്ങൾ

കാവിയ പോർസലസ് എന്നാണ് ഗിനിപ്പന്നികളുടെ ശാസ്ത്രീയനാമം. 4 മുതൽ 8 വർഷം വരെയാണ് ഗിനിപ്പന്നികളുടെ ആയുസ്സ്. കാഴ്ചയിൽ കുഞ്ഞനെങ്കിലും വളർച്ചയിൽ കേമനാണ് ഗിനിപ്പന്നി. 7 മുതൽ 12 കിലോ വരെ പൂർണ്ണവളർച്ചയിലെത്തുവാൻ അവർക്ക് കഴിയും. 20 മുതൽ 25 സെ. മീ. നീളത്തിൽ വരെ വളർച്ചയിലെത്തും. സദാ തീറ്റപ്രിയരായ ഗിനിപ്പന്നികളുടെ ഒരു ഡസൻ കൂട്ടം മതി വലിയ ഒരു തണ്ണിമത്തൻ 5 മിനിട്ട് കൊണ്ട് അകത്താക്കാൻ. 60 മുതൽ 70 ദിവസം വരെ ഗർഭകാലമുണ്ട് ഗിനിപ്പന്നികൾക്ക്. ഒരു പ്രസവത്തിൽ 3-4 കുഞ്ഞുങ്ങളെയെങ്കിലും കിട്ടും. പത്താം ദിവസം മുതൽ പാലുകുടി മാറിയെത്തുന്ന കുഞ്ഞുങ്ങൾ പുല്ലും ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളുമൊക്കെ ആഹാരമാക്കും. നാലാം മാസം കൊണ്ട് അരക്കിലോ തൂക്കമെത്താൻ അവർ റെഡി. ഓരോ രണ്ട് മണിക്കൂർ കൂടുമ്പോഴും തീറ്റയോട് ആർത്തി കാണിക്കുന്ന ഗിനിപ്പന്നികൾ പാകം ചെയ്ത ചോറും ഇഡ്ഡലിയുമെല്ലാം കഴിക്കുമെന്നത് മറ്റൊരു കൗതുകം. ആഹാരമെത്തുന്നതോടെ ബീക്ക് ബീക്ക് എന്ന ശബ്ദത്തിൽ ചിലച്ചുകൊണ്ടിരിക്കുന്ന ഇവർ വലിയ കോമാളികളും ബുദ്ധിമാന്മാരുമാണ്. സ്വന്തം യജമാനനെ തിരിച്ചറിയാൻ ചെറുതലച്ചോറുള്ള ഇവർ കാണിക്കുന്ന ബുദ്ധിവൈഭവം ആരെയും അമ്പരപ്പിക്കും.

## ഇനമേറെ ഗിനിപ്പന്നികളിൽ

യൂറോപ്പിലാണ് ഗിനിപ്പന്നികൾ പ്രമാണികളായത്. പെറുവിലും അമേരിക്കയിലുമൊക്കെ ഗിനിപ്പന്നികൾക്ക് ആരാധകരേറെ. തലയിൽ തൊപ്പിയുള്ളതും രോമങ്ങൾ കുറഞ്ഞവരും സമൃദ്ധമായ രോമരാജിയുള്ളവരും കട്ടിത്തൊലിയുള്ളവരും കമ്പിളി തൊലിയുള്ളവരുമൊക്കെ ഇക്കൂട്ടരിലുണ്ട്. പെറുവിയൻ, അബിസീനിയൻ, അമേരിക്കൻ, പെഡ്ഡി, സ്കിന്നി, ക്രസ്റ്റഡ്, സാറ്റിൻ, ടെക്സൽ, റെക്സ്, ഹിമാലയൻ എന്നിങ്ങനെ രോമവിന്യാസമനുസരിച്ച് ഇനങ്ങളുണ്ട്. നിറങ്ങളാകട്ടെ ഇതിലേറെയും. ശുഭ്രശോഭയുള്ളവരും ശ്യാമശോഭയുള്ളവർക്കുമാണ് ഡിമാന്റ്. മെറൂണും ബ്രൗണും തൊട്ട് പിന്നിലെത്തും. കണ്ണുകളുടെ നിറത്തിനും അരുമവ്യാപാര രംഗത്ത് പ്രിയമുണ്ട്. ചുവന്ന കണ്ണുള്ളവരും കറുത്ത കണ്ണുള്ളവരും തമ്മിലാണ് മത്സരം. ജോഡിക്ക് 600 മുതൽ 6000 വരെ വിലയുള്ള ഗിനിപ്പന്നികൾ മോഹവിലയിൽ മായികപ്രപഞ്ചം സൃഷ്ടിക്കും.

## കൂടുകൾ കുഞ്ഞിക്കൂടാരങ്ങൾ

ആള് കുഞ്ഞനെങ്കിലും ഗിനിപ്പന്നികൾക്ക് യഥേഷ്ടം സ്ഥലം നൽകുന്നതാണ് അരുമലോകത്തിന്റെ മാതൃക. ഓടിക്കളിക്കാനും ക്രിയാത്മക പ്രവർത്തനങ്ങൾക്കും പരമാവധി സ്ഥലം നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഓടിക്കളിക്കുവാനുള്ള സ്ഥലം, തീറ്റ തിന്നുവാനുള്ള സ്ഥലം, ശുദ്ധജലം നുകരാനുള്ള നിപ്പിളുകൾ, പ്രസവ പുര എന്നിവയെല്ലാം കൂടുകളിൽ സജ്ജമാക്കണം. 2 അടി X 2 അടി X 1 അടി എങ്കിലും വേണം ഒരു പ്രജനനപ്പുര. വലിയ കൂട്ടിൽ ഇത് സജ്ജമാക്കാം. ഒരു ആൺപന്നിയും 6 പെൺപന്നിയും അടങ്ങുന്നതാണ് ഒരു ലഘു പ്രജനന യൂണിറ്റ്. എപ്പോഴും തീറ്റ തിന്നുവാനും തീറ്റ നൽകുവാനുമുള്ള സൗകര്യങ്ങൾ കൂട്ടിലൊതുക്കണം. വൃത്തിയും വെടിപ്പും വളരെ പ്രധാനമാണ്. നേർത്ത അഴുക്കിന്റെ പാടുപോലുമില്ലാതിരുന്നാൽ ഗിനിപ്പന്നികൾ അരുമവിപണിയിൽ താരങ്ങളാകും.

## ചൈത്രരഥത്തിൽ പായാൻ ഗിനിപ്പന്നികൾ

പാലക്കാട് ചിറ്റൂർ പട്ടഞ്ചേരിയിലെത്തിയാൽ ഗിനിപ്പന്നികളുടെ സ്നേഹങ്ങൾ നൽകുന്ന മറ്റൊരു മൃഗത്തെയും ഇന്നേവരെ കണ്ടിട്ടില്ല എന്ന് പ്രലോഭ് പറയുന്നു. നല്ലേപ്പള്ളി കമ്പിളിചുങ്കത്ത് സായികൃപ ക്ലിനിക്കിലെ ഡോക്ടറായിരിക്കുമ്പോഴും പ്രലോഭിന്റെ പാതിമനസ്സ് ഗിനിപ്പന്നികളോടൊപ്പമാണ്. ഒന്നും രണ്ടുമല്ല നൂറോളം പ്രജനന ജോഡികളെ സ്വന്തമാക്കിയിട്ടുണ്ട് പ്രലോഭ്. തമിഴ്നാട് ആനമല വിപണിയാണ് ഗിനിപ്പന്നികളുടെ കേന്ദ്രം. വലിയ വ്യവഹാരങ്ങൾ അവിടെ നടക്കുന്നു. ഒപ്പം ഹൈദരാബാദിൽ നിന്നും മറ്റും വൻകിട ഏജന്റുമാർ പ്രലോഭിനെ അന്വേഷിച്ചു വരുന്നു. ഒക്കെയും ലബോറട്ടറി ആവശ്യങ്ങൾക്കായി പന്നികളെ എത്തിക്കുവാൻ വേണ്ടിയാണ്. വീട്ടിലിരുന്നാൽ മതി കച്ചവടം ഉറപ്പാണ് എന്നതാണ് ഗിനിപ്പന്നികളുടെ ലൈൻ. അതുകൊണ്ടുതന്നെ അവയ്ക്കായി പ്രത്യേക കൂടുകളും തീറ്റച്ചട്ടങ്ങളും പ്രലോഭ്




സ്വർഗ്ഗം കാണാം. അരുമകളായി ലോകമെങ്ങും ആരാധിക്കുന്ന ഗിനിപ്പന്നികൾക്കായി ഒരു വിശാലഫാം. അതിന്റെ ശില്പിയാകട്ടെ പ്രലോഭ് എന്ന ഡോക്ടറും ഷോണിമ എന്ന ടീച്ചറും.

ഗിനിപ്പന്നികളോടുള്ള ആരാധന ഇന്നും ഇന്നലെയും തുടങ്ങിയതല്ല എന്ന് പ്രലോഭ് പറയുന്നു. സദാ വിറയ്ക്കുന്ന ആ മേനി തന്നെയാണ് പ്രലോഭിനെ ആകർഷിച്ചത്. വലിയ കളവും കൃഷിയും അറയും പുരയുമുണ്ടായിരുന്ന കുടുംബവീട്ടിൽ തന്നെ പ്രലോഭിന് സ്വന്തമായി ഗിനിപ്പന്നികളുണ്ടായിരുന്നു. ഇത്രയധികം ഏർപ്പെടുത്തി. വീട്ടുമുറ്റത്തു തന്നെ അടി X 2 അടി X 1 അടി ആയ 60 ഓളം കൂടുകൾ ഗിനിപ്പന്നികൾക്കായുണ്ട്. ഒരു ജോഡിക്ക് ഒരു കൂട് എന്നതാണ് കണക്ക്. മേനിയിലെ വർണ്ണ വിന്യാസവും രോമരാജികളുടെ നീളവും കണ്ണിന്റെ തിളക്കവും മേനിഭാരവുമൊക്കെ നോക്കിയാൽ ജോഡികളെ തെരഞ്ഞെടുക്കാം. അന്തർപ്രജനനം വലിയ പ്രശ്നമാവാറില്ല എന്നതാണ് ഒരു മേന്മ. എന്തായാലും 8 മാസം വരെ നമ്മോടൊപ്പം അരുമകളായി നിൽക്കുകയും പിന്നീട് ഇവർ വരുമാനമാവുകയും ചെയ്യുന്നു. പ്രസവിച്ച്

പത്താം ദിവസം മുതൽ കുഞ്ഞുങ്ങൾക്ക് പ്രത്യേകം തീറ്റയാണ്. ഗോതമ്പ് തവിട് മഞ്ഞച്ചോളം പൊടി, പച്ചിലകൾ, ക്യാരറ്റ്, ബീറ്റ്റൂട്ട്, ഉരുളക്കിഴങ്ങ്, തണ്ണിമത്തൻ തുടങ്ങിയ പച്ചക്കറികൾ ചീര, മുരിങ്ങയില, ലെറ്റ്യൂസ് തുടങ്ങിയ ഇലച്ചെടികൾ, നേന്ത്രപ്പഴം, പാളയംകോടൻ എന്നിവയൊക്കെ തീറ്റയാക്കുന്നു. കയ്പില്ലാത്ത എല്ലാ പച്ചക്കറികളും ഗിനിപ്പന്നികൾ തിന്നും. കറയുള്ള പപ്പായ പാടില്ല. പാകം ചെയ്ത ഭക്ഷണം വളരെ ഇഷ്ടമാണ്. ഇഡ്ഡലി ഉൾപെടെ എല്ലാം നൽകാൻ പ്രലോഭും ഷോണിമയും തയ്യാർ. ഉപ്പ് അധികം പാടില്ല. മധുരവും. തണുത്ത ആഹാരങ്ങൾ കഴിവതും ഒഴിവാക്കണം. ഗിനിപ്പന്നികൾ തണുപ്പിനോട് ഇഷ്ടമില്ലാത്തവരാണ്. ഗിനിപ്പന്നികൾ ഉൾപ്പെടെ വൈവിധ്യങ്ങളായ നിരവധി ഓമനകളും ഒന്നിലധികം കൃഷിരീതികളും പരീക്ഷിക്കുന്ന പ്രലോഭും ഷോണിമയും പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ചൈത്രരഥം എന്ന വീട് ഒരു പ്രകൃതി ചികിത്സാ കേന്ദ്രം കൂടിയാണ്. അരുമകളേറെയുണ്ടെങ്കിലും ഗിനിപ്പന്നികളോടാണ് എന്റെ പ്രിയം. വലിയ ഡിമാന്റുണ്ട്. അതിനനുസരിച്ച് നൽകാൻ കഴിയുന്നില്ല എന്ന പ്രശ്നമേയുള്ളൂ. കുറച്ച് ഉപഗ്രഹ യൂണിറ്റുകൾ ആരംഭിക്കുവാനാണ് പദ്ധതി. ഗിനിപ്പന്നികളുടെ മാതൃശേഖരം നൽകി അരുമപ്രേമികളെ പുതിയ യൂണിറ്റുകൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുന്നു. കുഞ്ഞുങ്ങളെ തിരിച്ചെടുക്കുന്ന ബൈബാക്ക് സ്കീം ആരംഭിക്കുവാനും പദ്ധതിയുണ്ട്. കുഞ്ഞന്മാർ വമ്പൻ വ്യവസായം കൊണ്ടുവരും എന്നതിൽ സംശയമില്ല. ആഴത്തിലുറച്ച അനുഭവപാരമ്പര്യം പ്രലോഭ് പുറത്തെടുത്തു.

ഫോൺ: പ്രലോഭ്: 9447370883




എഴുമാവിൽ രവീന്ദ്രനാഥ്

# ചെറുകിട വ്യവസായം- പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും

വൈവിധ്യമാർന്ന ഭൂപ്രകൃതിയും കാർഷിക വിളകളും കൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ സംസ്ഥാനം. ഗതാഗത-വാർത്താ വിനിമയ സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന കാലത്ത് ഏഴുകടലും താണ്ടി വിദേശ വണിക്കുകൾ നമ്മുടെ തീരങ്ങളിലടുക്കുകയും കപ്പലുകൾ നിറച്ച സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള വിഭവങ്ങളുമായി മടങ്ങുകയും ചെയ്തിരുന്ന പ്രദീപ്തമായ ഭൂതകാലം നമുക്കുണ്ട്. രാജഭരണകാലം മുതൽക്കേ ചെറുകിട സംരംഭങ്ങൾ മലയാളക്കരയിലുണ്ടായിരുന്നു. ചില സമുദായങ്ങളേയോ, ഭൂവിഭാഗങ്ങളേയോ കേന്ദ്രീകരിച്ചായിരുന്നു അവയൊക്കെ നിലനിന്നിരുന്നത്. അത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടിരുന്നവരുടെ കൂട്ടായ്മകളായി നാടെങ്ങും മൺട്രങ്ങളും രൂപീകരിക്കപ്പെട്ടിരുന്നു. വിഖ്യാതമായ അഞ്ചുവണ്ണവും, മണിക്കിരാമവും അവയിൽപ്പെട്ടതാണ്.

വിദേശവണിക്കുകളുടെ തുടർച്ചയായുള്ള വരവോടെയാണ് നമ്മുടെ ചെറുകിട സംരംഭങ്ങൾക്ക് പുതുതായി ഒരു ഉണർവ്വ് കൈവന്നത്. ഉല്പാദിപ്പിക്കുന്നവയ്ക്കും, സംഭരിക്കുന്നവയ്ക്കുമായി ആവശ്യക്കാരെത്തുമ്പോൾ മാത്രമേ സംരംഭകർക്ക് ഉത്തേജനമുണ്ടാവുകയുള്ളൂ. ആവശ്യക്കാരുടെ താല്പര്യങ്ങൾക്കനുസരിച്ച് വൈവിധ്യവൽകരണത്തിനും അങ്ങനെ തുടക്കമിട്ടു. ഉദാഹരണത്തിന് പച്ചയ്ക്കുണക്കിയതും പഴുത്തുണക്കിയതും തൊലി നീക്കിയതുമായി കുരുമുളക് സംഭരിക്കാനും സംസ്കരിക്കാനും നമ്മുടെ കച്ചവടക്കാരെ പഠിപ്പിച്ചത് വിദേശികളായിരുന്നു. മൂന്നും മൂന്നുവിധത്തിൽ സംഭരിച്ച്, സംസ്കരിച്ച് വിപണിയിലെത്തിക്കുവാൻ പ്രത്യേക ചെറുകിട യൂണിറ്റുകൾ നാടെങ്ങും സ്ഥാപിതമായി.



ഇതുപോലെതന്നെയാണ് വനവിഭവങ്ങളും, മറ്റു കരകൗശലവസ്തുക്കളുമൊക്കെ വൈവിധ്യവൽക്കരണത്തിന്റെ പാതയിലേക്കു വന്നത് മുത്തുകൾ, പവിഴങ്ങൾ, ആകർഷകമായ ശംഖുകൾ, വർണാതീതമായ കക്കകൾ,

മറ്റു പുറന്തോടുകൾ ഇവയൊക്കെ ശേഖരിയ്ക്കാനും വിപണിയിലെത്തിക്കാനും സഹസ്രാബ്ദങ്ങൾക്കു മുമ്പേ നമ്മുടെ പൂർവ്വികർക്കു കഴിഞ്ഞു. അതിലൂടെ നല്ല വരുമാനമുണ്ടാക്കാനും വാണിജ്യരംഗത്ത് സ്വന്തം മുദ്ര ചാർത്തുവാനും അവർക്കായി. കേരളത്തിന്റെ ചെറുകിട വ്യവസായരംഗത്തിന്റെ ജാജ്ജ്വല്യമാനമായ ഒരു മുഖമാണിത്. സഹസ്രാബ്ദങ്ങൾക്കു മുമ്പു തുടക്കമിട്ട ഇത്തരം സംരംഭങ്ങളൊക്കെ ആധുനികതയുടെ വേലിയേറ്റത്തിൽ വിസ്തൃതമാവുകയോ പരിണാമങ്ങൾക്കു വിധേയമാവുകയോ ചെയ്തു.

ആവശ്യക്കാരേറിയും ഉല്പന്നങ്ങൾ കുറഞ്ഞും ആയിരുന്നു അന്നത്തെ അവസ്ഥ. ധനതത്വശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ സപ്ലൈ, ഡിമാൻഡിനെക്കാൾ കുറവ്. തന്മൂലം വിലപേശലിന്റെ വിളഭൂമിയായി നമ്മുടെ നാടുമാറി. വിലപേശലിന്റെ ജയാപജയങ്ങളെ തുടർന്ന് വിദേശികൾ തമ്മിലുണ്ടായ കിടമത്സരങ്ങളും അതെത്തുടർന്നുണ്ടായ രാഷ്ട്രീയമാറ്റങ്ങളും നാം ചരിത്രത്തിൽ പഠിച്ചതാണ്. കാഴ്ചക്കാരായിരുന്നവർ കാര്യക്കാരാവുകയും പിന്നീട് ഭരണാധികാരികളാവുകയും ചെയ്തത് നാം കണ്ടതാണ്. കച്ചവടക്കമ്പനികൾ ഭരണകൂടങ്ങളായി. ഉടമകളെല്ലാം അടിമകളുമായി. എല്ലാറ്റിന്റെയും അടിസ്ഥാനം നമ്മുടെ നാടിന്റെ പ്രകൃതി വിഭവങ്ങൾ തന്നെ.

ജനാധിപത്യം പുലർന്നതോടെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പുതിയ രൂപവും ഭാവവും കൈവന്നു. വനവിഭവങ്ങൾ, തോട്ടവിളകൾ, മറ്റു കാർഷികോല്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കൈത്തറി, കയർ, കശുവണ്ടി, കരകൗശലവസ്തുക്കൾ എന്നിവയായിരുന്നു തുടക്കമെങ്കിലും പിന്നീട് ആ പട്ടികയിലേക്ക് നിരവധി ഉല്പന്നങ്ങൾ ചേർക്കപ്പെട്ടു. ജീവിതശൈലിയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി മനുഷ്യന്റെ ആവശ്യകതകളും കൂടിവന്നു. പുതിയ പുതിയ ആശയങ്ങൾ, അതനുസരിച്ചുള്ള പ്രോജക്ടുകൾ എന്നിവ ദിനംപ്രതി വന്നുകൊണ്ടേയിരുന്നു. ഇപ്പോളിതാ ചക്കയെ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചതോടെ ജാക്ക്ഫ്രൂട്ട് ഇൻഡസ്ട്രി എന്ന പുതിയൊരു പ്രോജക്ട് കൂടി കളത്തിലെത്തി. (ഇതു നവീനാശമല്ലെങ്കിലും, സംസ്ഥാന സർക്കാരിന്റെ കൈത്താങ്ങ് എത്തിയതോടെയാണ് സംരംഭകർ ഈ രംഗത്തേയ്ക്ക് ഇരച്ചു കയറാൻ തുടങ്ങിയിരിക്കുന്നത്).

ഇതൊക്കെയാണെങ്കിലും നമ്മുടെ ചെറുകിട വ്യവസായരംഗം പ്രതിസന്ധി ഘട്ടത്തിലൂടെത്തന്നെയാണ് കടന്നുപോകുന്നത്. നന്നായി പ്രവർത്തിക്കുന്നവ, തരക്കേടില്ലാതെ പോകുന്നവ, അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നവ, അടച്ചു പൂട്ടിയവ എന്നിങ്ങനെ സംരംഭങ്ങളെ തരംതിരിക്കാനാവും. നന്നായി പ്രവർത്തിക്കുന്നവയുടെ വിജയരഹസ്യങ്ങൾ



വിശകലനം ചെയ്യുന്നതോടൊപ്പം അടച്ചുപൂട്ടിയവയുടെയും ഭീഷണി നേരിടുന്നവയുടെയും പ്രശ്നങ്ങള കൂടി ആഴത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ നാളെകളിൽ സംരംഭകർക്ക് വഴികാട്ടിയാകാൻ നമുക്കു കഴിയൂ.

പ്രതിസന്ധികൾക്കു പൊതുവെയുള്ള കാരണങ്ങളിലേക്കു കടക്കുംമുമ്പ് ഉല്പാദനപ്രക്രിയയിലെ ചതുർഘടകങ്ങളിലൂടെ ഒന്നു കണ്ണോടിയ്ക്കാം. ഭൂമിയും കെട്ടിടവും, തൊഴിലാളികൾ, മൂലധനം, സംഘാടനം എന്നിവയാണല്ലോ ഫാമേഴ്സ് ഓഫ് പ്രൊഡക്ഷൻ ആയി കണക്കാക്കിയിരിക്കുന്നത്. ഇവയ്ക്കു കീഴിൽ വീണ്ടും വിഭജനങ്ങൾ ഉണ്ടാവും ഉദാഹരണത്തിനായി തൊഴിലാളികൾ (ലേബർ) എന്ന വിഭാഗത്തിൽ പ്രത്യക്ഷത്തിലും പരോക്ഷത്തിലും ഉള്ളവർ, വിദഗ്ദ്ധപരിശീലനം നേടിയവരും അല്ലാത്തവരും സ്ഥിരമായും താൽക്കാലികമായും ഉള്ളവർ എന്നിങ്ങനെയുള്ള തരംതിരിവുകൾ ഉണ്ട്. മൂന്നാമത്തേതാണ് മൂലധനം (ക്യാപ്പിറ്റൽ) ഇതിനു സ്വന്തം പണവും, ബാങ്ക് വായ്പയും കടമായോ താൽക്കാലിക ധനമായോ എത്തുന്ന പണവും ചെലവഴിക്കപ്പെടുന്നു അല്ലെങ്കിൽ നിക്ഷേപിയ്ക്കപ്പെടുന്നു. നാലാമതു സംഘാടനമാണ്. പൂർണ്ണമായും സംരംഭകന്റെ റോൾ ഇവിടെയുണ്ടാകണം. ഉല്പാദനപ്രക്രിയ എങ്ങനെ വേണം, അസംസ്കൃത വസ്തുക്കൾ എങ്ങനെ സംഭരിയ്ക്കണം, ഏതൊക്കെ സാങ്കേതികവിദ്യകൾ ഉപയോഗിക്കണം, എപ്രകാരം ജീവനക്കാരെ വിശ്വസിക്കണം, എങ്ങനെ വിപണിയിലെത്തിക്കണം തുടങ്ങിയവയെല്ലാം സംഘാടനത്തിന്റെ ഭാഗമാണ്. ഇപ്രകാരം നാലു ഘടകങ്ങളുടെയും ശരിയാംവണ്ണമുള്ള ഏകോപനമാണ് ഒരു സംരംഭത്തിന്റെ വിജയരഹസ്യം.

ഇനി ഓരോ ഘടകങ്ങളും അതുമായി ബന്ധപ്പെട്ട പ്രതിസന്ധികളും നോക്കാം. ഒരു യൂണിറ്റ് ബീജാവാപം ചെയ്യുമ്പോൾത്തന്നെ അതിനെ എപ്രകാരം നിരുത്സാഹപ്പെടുത്താം എന്ന ചിന്താഗതി സമൂഹത്തിൽ വളർന്നുവരുന്നുണ്ട്. പെട്ടെന്നു തട്ടിക്കൂട്ടുന്ന ആക്ഷൻ കൗൺസിലുകൾ രംഗത്തെത്തുമ്പോൾത്തന്നെ സംഗതി കൊഴുപ്പിക്കാനായി മാധ്യമങ്ങൾ നിരക്കും. ഇതോടെ സംരംഭകൻ തളർന്നതു തന്നെ.

ഓരോന്നിനും അതിന്റേതായ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ലേബർഫോഴ്സ് അത്യന്താപേക്ഷിതമാണ്. പുതുതലമുറ ചെറുകിട സംരംഭങ്ങളിലെ ജോലി



അവസാനകൈ എന്ന നിലയ്ക്കാണ് തെരഞ്ഞെടുക്കുന്നത്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ പോയി പണിയെടുക്കുവാൻ അവർക്കു യാതൊരു മടിയുമില്ലാതാനും. ഇന്നും ഈ മനോഭാവം സംസ്ഥാനത്തു നിലനിൽക്കുന്നത് ലജ്ജാകരം തന്നെ. അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ടുവന്ന് പരിശീലനം നൽകി യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ നിർബന്ധിതരായിരിയ്ക്കുകയാണ് നമ്മുടെ സംരംഭകരിൽ ഭൂരിഭാഗവും.

ധനകാര്യ സ്ഥാപനങ്ങൾ അവയുടെ പരസ്യങ്ങളിൽ കാട്ടുന്ന ജഗപൊഗയെന്നും യാഥാർത്ഥ്യത്തിൽ ഇല്ലാത്തതാണ് സത്യം. അണ്ടിയോടടുക്കുമ്പോളറിയാം മാങ്ങയുടെ പുളിപ്പ് എന്ന പഴഞ്ചൊല്ല് ഇവിടെ വളരെ പ്രസക്തമാണ്. കൈവശസർട്ടിഫിക്കറ്റ്, കരം രസീത്, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ലൈസൻസ്, വിവിധ ഏജൻസികളിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ, പ്രോജക്റ്റ് റിപ്പോർട്ട്, ഫീസിബിലിറ്റി സ്റ്റഡി, ജാമ്യം എന്നിവയെല്ലാം തയ്യാറാക്കിക്കൊണ്ടു ചെന്നാലും ധനകാര്യസ്ഥാപനങ്ങളുടെ സംശയം തീരുന്നില്ല. ബ്രാഞ്ച് ഓഫീസിൽ നിന്നും സോണൽ ഓഫീസിലേക്കും, ഏരിയ ആഫീസിലേക്കും ഹെഡ് ഓഫീസിലേക്കുമൊക്കെ ഫയൽ പറക്കുന്നു. ബ്രാഞ്ചുമാനേജർമാരുടെ ഭീതിമൂലം സംരംഭകൻ നെട്ടോട്ടവും കുറിയോട്ടവുമോടുന്നതു നോക്കണേ (ഇതൊന്നും മല്ല്യ, — അംബാനിമാർക്കു ബാധകമല്ലേ)

വിപണനം ഒരു കലയാണ്. അത്യന്തം മത്സരാധിഷ്ഠിതമായ ഒരന്തരീക്ഷത്തിലാണ് സംരംഭങ്ങൾ പ്രവർത്തനം തുടങ്ങേണ്ടത് ലോക്കൽ പ്രോഡക്ട് മുതൽ മൾട്ടി നാഷണൽ ബ്രാന്റുകൾ വരെ ഇവിടെ മത്സരിക്കാനുണ്ടാവും. നവീന വിപണന തന്ത്രങ്ങളിലൂടെ വേണം ഈ വെല്ലുവിളികൾ ഏറ്റെടുക്കാൻ. ഗുണമേന്മ കുറഞ്ഞ ചില വിദേശ ബ്രാന്റുകൾ വിപണനത്തിനെന്നും ഭീഷണിയാണ്. ഇതിനെതിരെ നടപടികളെടുക്കേണ്ടതു കേന്ദ്രമാണ്. ഉപഭോക്താക്കളിൽ ബോധവൽക്കരണമുണ്ടാകുക മാത്രമേ ഇവിടെ ഉല്പാദനം ചെയ്യാനാവൂ. ഇവയ്ക്കൊക്കെ പ്രതിവിധികൾ ഇല്ലാതെയില്ല. ചെറുകിട സംരംഭങ്ങൾക്കെതിരെ പ്രാദേശികമായി നടക്കുന്ന മുന്നേറ്റങ്ങൾക്കെതിരെ വളരെ തന്ത്രപരമായ സമീപനമാണുണ്ടാവേണ്ടത്. പരിസ്ഥിതി പ്രശ്നങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഇവയുടെ കാര്യത്തിൽ വിട്ടുവീഴ്ച വേണമെന്നല്ല ഇതിനർത്ഥം. ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും പ്രത്യേകമായി പഠിച്ച് അവയ്ക്കു പരിഹാരം കണ്ടെത്താനാവും. അതല്ലാതെ സിവിൽ കേസ്സുകളിലൂടെ സംരംഭകന്റെ ജന്മം വലിച്ചിഴയ്ക്കരുത്.

ലേബർ ഫോഴ്സ് നാം തന്നെ സൃഷ്ടിച്ചെടുക്കണം. ഇതിനായി ലേബർ ബാങ്കുകൾ രൂപീകരിക്കുകയും താല്പര്യമുള്ള ട്രേഡുകളിൽ അപേക്ഷകർക്കു പരിശീലനം നൽകുകയും അവരെ യോഗ്യമായ സ്ഥാനങ്ങളിൽ വിന്യസിക്കുകയും വേണം. അന്യ സംസ്ഥാന തൊഴിലാളികളുടെ ഒഴുക്കിനു തടയിടാനും നമ്മുടെ മനുഷ്യവിഭവം ഫലപ്രദമായി ഇവിടെ ഉപയോഗിക്കുവാനുമുള്ള പ്രോജക്ട് തയ്യാറാക്കണം.

സംസ്ഥാന സർക്കാരിന്റെ സ്വന്തം ബാങ്ക് എന്ന പേരിൽ രൂപം കൊള്ളുന്ന "കേരള ബാങ്ക്" സംരംഭകർക്ക് ഒരു അത്താണിയായി മാറണം. പ്രധാനപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ പലിശയ്ക്കുള്ള വായ്പകൾ അവർക്കു ലഭിക്കണം. ഇതോടെ ഷെഡ്യൂൾഡ് ബാങ്കുകളുടെയും നാഷണലൈസ്ഡ് ബാങ്കുകളുടെയും കടുംപിടുത്തങ്ങൾ അയയും. മാനേജേരിയൽ എക്സ്പീരിയൻസ് ഉള്ള യുവനിരയുടെ വിന്യാസവും എൺട്രപ്രണുവർ സ്കിൽ ഡവലപ്മെന്റ് ട്രയിനിങ്ങും സംഘാടനത്തിൽ ആവശ്യമാണ്. അക്കൗണ്ടിങ്ങ്, ലേബർ മാനേജ്മെന്റ്, റോ മെറ്റീരിയൽ പർച്ചേസ്, മാർക്കറ്റ് സ്ട്രാറ്റജി ഇവ നിലവാരമുള്ളതായാൽ മാത്രമേ സംഘാടനം ഗുണമേന്മയുള്ളതാവൂ. ഇതിനുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ കൂടുതൽ വ്യാപകമാക്കണം.

**(കേരള സഹകരണ ജേർണൽ മുൻ എഡിറ്ററും കോപ്ഫെഡ് ഡയറക്ടറുമാണ് ലേഖകൻ)**

*With best compliments from:*

Rotographics

DP NO. 6 & 14, INDUSTRIAL AREA, MUNDAKKAL, KOLLAM - 691001
TEL: 0474 2740284, 2741023, 9061553300
e-mail: mail@rotographics.org web: www.rotographics.org

MANUFACTURERS OF MULTI LAYER PRINTED AND LAMINATED PACKING MATERIALS

*With Best Regards,*

INDUSTRIAL
ENGINEERING
CORPORATION

**(MANUFACTURERS OF STEEL DRUMS& BARRELS)**

Plot No.50, Major Industrial Estate, South Kalamassery,
Ernakulam 683 104, Kerala, India

Phone: +91 484 255 8677, 255 6181, 255 8607
www.iecdrums.in

ഡോ. ശചീന്ദ്രൻ. വി

# വിദ്യാർത്ഥികളിലെ സംരംഭകത്വ വികസനം – സാധ്യതകൾ



ഒരു രാജ്യത്തെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും വ്യവസായ സംരംഭകത്വത്തിനു നിർണായകമായ പങ്കാണുള്ളത്. വിവിധങ്ങളായ വിഭവങ്ങളെ കണ്ടെത്തുകയും അവയെ ഫലപ്രദമായ രീതിയിൽ ഏകോപിപ്പിക്കുകയും അവ ഉപയോഗിച്ച് ഒരു സംരംഭത്തിന്റെ കീഴിൽ ഉത്പന്നങ്ങളും സേവനങ്ങളും നൽകുക എന്നതാണ് അതിൽ പ്രധാനം. അതോടൊപ്പം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ദാരിദ്ര്യം ഇല്ലാതാക്കാനും ജീവിത നിലവാരം ഉയർത്താനും സംരംഭകത്വത്തിനു സാധിക്കുന്നു. വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ സമ്പദ്ഘടനയുടെ വളർച്ചയും വികസനവും ത്വരിത ഗതിയിലാക്കാനും സംരംഭകത്വം സഹായിക്കുന്നു.

സംരംഭകത്വത്തിന്റെ നെടുംതൂണായി നിൽക്കുന്നത് സംരംഭകരാണ്. സംരംഭകാശയങ്ങൾ കണ്ടെത്തുന്നതും വികസിപ്പിക്കുന്നതും സാക്ഷാത്കരിക്കുന്നതും അവരാണ്. അതിനാൽ സംരംഭകത്വ വികസനത്തിന് സംരംഭകരാകാൻ കഴിവുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സംരംഭങ്ങൾ തുടങ്ങുവാനും അവ നടത്തിക്കൊണ്ടു പോകുവാനും കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ നിരവധി പദ്ധതികളും സഹായങ്ങളും ലഭ്യമാണെങ്കിലും, വിദ്യാസമ്പന്നരായ യുവ തലമുറ സംരംഭകത്വം ജീവിതോപാധി എന്ന നിലയിൽ മുഖ്യപരിഗണന നൽകിയിട്ടില്ല. ഏതൊരു തൊഴിലിലും കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ വിദ്യാഭ്യാസം സഹായിക്കാറുണ്ട്. അതുകൊണ്ടു തന്നെ സംരംഭകരെ സൃഷ്ടിക്കാൻ ഏറ്റവുമാദ്യം ശ്രദ്ധ ചെലുത്തേണ്ടത് വിദ്യാഭ്യാസം നേടുന്ന യുവാക്കളിൽ തന്നെയാണ്. ഒന്നാം ക്ലാസ് മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള



പടവുകൾ, എല്ലാ വിഷയങ്ങളും പഠിക്കുന്നത് മുതൽ പ്രത്യേകം താല്പര്യമുള്ള വിഷയങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ നയിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഭാഷ, ശാസ്ത്ര വിഷയങ്ങൾ തുടങ്ങി വിവിധതരം വിഭാഗങ്ങളുണ്ട്. ആഴത്തിലുള്ള പഠനം ഏതു വിഷയത്തിലുമാകട്ടെ, എല്ലാ മേഖലയിലെയും വിഭവങ്ങളുടെയും വിജയകരമായ വിനിയോഗത്തിന് സംരംഭകത്വത്തിന്റെ ബാലപാഠങ്ങൾ ആവശ്യമാണ്. അതിനാൽ തന്നെ സ്കൂൾതലം തൊട്ടേ സംരംഭകത്വത്തിന്റെ വിവിധ വശങ്ങൾ, സംരംഭകരുടെ വിജയപാഠങ്ങൾ, അനുഭവങ്ങൾ എന്നിവ കുട്ടികളിലേയ്ക്ക് പകർന്നു നൽകേണ്ടതാണ്. അതിലൂടെ വിദ്യാർത്ഥികളെ വളരെ ചെറുപ്പത്തിൽത്തന്നെ സംരംഭകത്വത്തിലേയ്ക്ക് താല്പര്യമുള്ളവരാക്കാൻ കഴിയും. അതിനായി ഇ. ഡി. ക്ലബ്ബുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളത്തിൽ 2010 മുതലുള്ള തൊഴിൽ അന്വേഷകരുടെ കണക്കാണ് താഴെയുള്ള ടേബിളിൽ കൊടുത്തിരിക്കുന്നത് (എണ്ണം ലക്ഷത്തിൽ)

| വർഷം | പൊതുവായ തൊഴിലന്വേഷകർ | പ്രൊഫഷണൽ/ സാങ്കേതിക തൊഴിലന്വേഷകർ |
|---|---|---|
| 2010 | 41.6 | 1.50 |
| 2011 | 41.98 | 1.64 |
| 2012 | 43.29 | 1.70 |
| 2013 | 34.83 | 1.68 |
| 2014 | 36.21 | 1.51 |
| 2015 | 34.09 | 1.63 |
| 2016 | 32.67 | 1.70 |

അവലംബം: സാമ്പത്തിക സർവ്വേ 2016, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്, കേരള ഗവൺമെന്റ്

കേരളത്തിൽ ലഭ്യമായിട്ടുള്ള പൊതുവായതും പ്രൊഫഷണൽ/ സാങ്കേതിക മേഖലയിലുമുള്ള തൊഴിലന്വേഷകരുടെ എണ്ണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സംരംഭകത്വ വികസനത്തിന് മുന്തിയ പരിഗണനയാണ് നൽകേണ്ടത് എന്ന് ഈ ടേബൾ ചൂണ്ടിക്കാട്ടുന്നു.

ബിരുദ- ബിരുദാനന്തര പഠന കാലത്ത് യുവാക്കളുടെ ശ്രദ്ധ കൂടതലായി സംരംഭകത്വത്തിന്റെ നേട്ടങ്ങളിലേയ്ക്ക് തിരിച്ചുവിടുകയും അതിലേയ്ക്ക് എത്തിച്ചേരാനുള്ള വഴികൾ ചൂണ്ടിക്കാണിക്കുകയും വേണം. പ്രത്യേകിച്ചും കോമേഴ്സ്, എക്കണോമിക്സ് പോലുള്ള വിഷയങ്ങളിൽ പഠനം നടത്തുന്നവർക്ക് ബിരുദ- ബിരുദാനന്തര തലത്തിൽ നിർബന്ധമായും എല്ലാ കോഴ്സുകളിലും സംരംഭകത്വത്തിന്റെ കാതലായ വശങ്ങൾ സിലബസ്സിൽ ഉൾപെടുത്തണം. ശാസ്ത്രഭാഷ വിഷയങ്ങളിലെ വിദ്യാർത്ഥികൾ ഉൾപെടെ സംരംഭകത്വത്തിന്റെ വിജ്ഞാനം നേടണം. എങ്കിൽ മാത്രമേ കണ്ടെത്തലുകളും സൃഷ്ടികളും വാണിജ്യാടിസ്ഥാനത്തിൽ

പ്രയോജനപ്പെടുത്താൻ സാധിക്കൂ.

## പ്രധാനമായ ഇടപെടലുകൾ

വിദ്യാർത്ഥികളിൽ വ്യവസായ സംരംഭകത്വം വളർത്തിയെടുക്കാൻ പ്രധാനമായും വേണ്ട ചില ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

**1. എങ്ങനെയാണ് ഒരു സംരംഭം തുടങ്ങാൻ കഴിയുക എന്ന അറിവ്**

ഒരു സംരംഭം തുടങ്ങുവാൻ സർക്കാർ തലത്തിൽ നിലവിലുള്ള ചട്ടങ്ങളെക്കുറിച്ചും വിവിധ സഹായ ഹസ്തങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതാണ്. ഇതിനായി ഇ. ഡി. ക്ലബ്ബിന്റെയും വ്യവസായ വകുപ്പിന്റെയും നേതൃത്വത്തിൽ, കലാലയങ്ങളിൽ ബോധവത്കരണ സെമിനാറുകളും പരിശീലന കളരികളും സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം സർക്കാർ തലത്തിൽ നടപടി ക്രമങ്ങളും ചട്ടങ്ങളും ഏറ്റവും സാധ്യമായ രീതിയിൽ ലളിതവത്കരിക്കാൻ നിരന്തരമായ ശ്രമവും നടത്തണം.

**2. വിവിധ സംരംഭ സാധ്യതകളെക്കുറിച്ചുള്ള അറിവ്**

യുവാക്കളിൽ പ്രത്യേകിച്ചും വിദ്യാസമ്പന്നരിൽ കഴിവും താൽപര്യവും ഉണ്ടെങ്കിലും ഓരോ പ്രത്യേക മേഖലകളിലെയും സാധ്യതകൾ അവർ അറിയുന്നില്ല. ഓരോ പ്രദേശത്തിന്റെയും സാമൂഹ്യ- ഭൗമ ശാസ്ത്രപരമായ പ്രത്യേകതകൾ പഠനം നടത്തി അവിടങ്ങളിൽ അനുയോജ്യമായ സംരംഭങ്ങൾ തുടങ്ങുവാൻ പ്രേരണ നൽകേണ്ടതുണ്ട്. അതിനാവശ്യമായ സമഗ്ര പഠനങ്ങൾ വിദ്യാർത്ഥികൾക്ക് തനിച്ച് ചെയ്യുക എളുപ്പമല്ല. അവിടെയാണ് വ്യവസായ വകുപ്പിന്റെ ഇടപെടൽ അനിവാര്യമാകുന്നത്.

**3. സാങ്കേതിക വിദ്യയുടെ അറിവും സഹായവും**

വിദ്യാർത്ഥികൾ ബിരുദ- ബിരുദാനന്തര തലങ്ങൾ പൂർത്തിയാക്കി തൊഴിൽ മേഖലകളിലേയ്ക്ക് ചേക്കേറാൻ തുടങ്ങുമ്പോൾ അവർക്കു മുമ്പിൽ സംരംഭകത്വവും ഒരു സാധ്യതയായി വരാറുണ്ട്. എന്നാൽ അതിനാവശ്യമായ സാങ്കേതിക വിദ്യയുടെ അറിവില്ലായ്മയും അത് നേടിയെടുക്കാൻ വേണ്ടുന്ന ഭീമമായ നിക്ഷേപവും അവരെ പിന്നോട്ടടുപ്പിക്കുന്നു. കേരളത്തിൽ സ്റ്റാർട്ട് അപ്പ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അവയുടെ വികാസവും വളർച്ചയും ഇനിയും വേണ്ടത്ര പാകപ്പെട്ടിട്ടില്ല. ഐ. ടി. പോലുള്ള മേഖലകളിൽ മാത്രം പരിമിതപ്പെടുത്താതെ ഉല്പാദന മേഖലയുടെ വിവിധ തലങ്ങളിലേയ്ക്കും സ്റ്റാർട്ട് അപ്പുകൾ വ്യാപിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം അത്തരം പദ്ധതികൾ ലളിതമായ രീതിയിൽ സംരംഭകർക്ക് പ്രാപ്യമാവുകയും വേണം. സ്റ്റാർട്ട് അപ്പുകൾ പ്രയോജനപ്പെടുത്താനാവശ്യമായ പ്രാഥമിക പരിശീലനം കലാലയങ്ങളിൽ നൽകേണ്ടതുണ്ട്.

**4. സാമ്പത്തികവും മറ്റു വിഭവങ്ങളുടെയും ലഭ്യത**

സംരംഭങ്ങൾ തുടങ്ങുവാനും നടത്തിക്കൊണ്ടു പോകുന്നതിനും സാമ്പത്തിക- സാമ്പത്തികേതര വിഭവങ്ങൾ കൂടിയേ തീരൂ. നിലവിലെ സംരംഭങ്ങൾക്ക് അവ ആർജിക്കാൻ സാധിക്കുമെങ്കിലും പുതുതായി സംരംഭകത്വത്തിലേയ്ക്ക് പ്രവേശിക്കുന്നവർക്ക് അത്ര അനായാസമല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അവയുടെ സാങ്കേതിക കുരുക്കുകളും അപര്യാപ്തതകളും പലരെയും സംരംഭകത്വത്തിൽ ഇറങ്ങുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നു. സിഡ്കോ പോലുള്ള സ്ഥാപനങ്ങൾ അസംസ്കൃത വസ്തുക്കളും യന്ത്രങ്ങളും നൽകാൻ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം സംസ്ഥാന വ്യാപകമായി ഇനിയും വളർന്നിട്ടില്ല. സംസ്ഥാനത്തിലെ വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകാൻ സ്ഥാപിച്ചിട്ടുള്ള കെ.-ബിപ്പ്, കെ. എഫ്. സി, കെ. എസ്. ഐ. ഡി. സി പോലുള്ള സ്ഥാപനങ്ങളും അവയുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

മേൽ പ്രസ്താവനകൾ വ്യക്തമാക്കുന്നത് കലാലയങ്ങളിൽ നിന്നും ഭാവി സംരംഭകരെ വളർത്തിയെടുക്കാൻ ഊർജ്ജിതമായ ശ്രമങ്ങളാണ് ഉണ്ടാകേണ്ടത് എന്നാണ്. പഠനകാലയളവിന്റെ ഭാഗമായി വ്യവസായ യൂണിറ്റുകളിൽ ഇന്റേൺഷിപ്പുകൾ പോലുള്ള പരിശീലനം നൽകാവുന്നതാണ്. കോമേഴ്സ്, എക്കണോമിക്സ് ബിരുദ- ബിരുദാനന്തര കോഴ്സുകളിലെ സിലബസ്സിൽ നിർബന്ധമായുള്ള പ്രോജക്ടുകൾ ഒരു ഇന്റേൺഷിപ്പിന്റെ അറിവോടെ

അടിസ്ഥാനത്തിൽ തയ്യാറാക്കുന്നത് കൂടുതൽ പ്രയോജനം നൽകും. അതിനായി നിലവിലെ വ്യവസായ യൂണിറ്റുകൾ കലാലയങ്ങളുമായി പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ യോജിച്ചു പ്രവർത്തിക്കണം. വ്യവസായങ്ങൾ അവർക്കാവശ്യമായ കഴിവുകളും മികവും എന്താണ് എന്നത് കലാലയങ്ങളെ അറിയിക്കുന്നതിനും ഇത് വഴിയൊരുക്കും. മാത്രമല്ല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ (ഐ. ക്യു. എ. സി) വ്യവസായ ലോകത്തിൽ നിന്നുള്ള പങ്കാളിത്തം ഉണ്ടാവണം എന്നുള്ള നാക്കിന്റെ (യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ കീഴിലുള്ള നാഷണൽ അസ്സെസ്സ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ) നിർദ്ദേശവും ഇതുവഴി പാലിക്കപ്പെടും. ഇതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ വിദ്യാർത്ഥികൾക്ക് സമീപ പ്രദേശങ്ങളിലെ സംരംഭങ്ങൾ സന്ദർശിക്കാനും സംരംഭകരുടെ അനുഭവ സമ്പത്ത് പങ്കിടാനും സാധിക്കും. അതോടൊപ്പം തന്നെ കലാലയങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനാവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരാനും, പഠന കരിക്കുലത്തെ സംരംഭക ലോകത്തിനു പ്രയോജനപ്പെടുത്തുന്ന രീതിയിൽ പുതുക്കിയെടുക്കാനും കഴിയും.

ചുരുക്കത്തിൽ 100 ശതമാനം സാക്ഷരത നേടിയ കേരളത്തിൽ സംരംഭകത്വ വികസനം ആദ്യം ലക്ഷ്യമിടേണ്ടത് കലാലയങ്ങളെ തന്നെയാണ്. ഗൗരവത്തിലുള്ള ബോധവത്കരണവും പഠന പ്രക്രിയയുടെ ഭാഗമായി സംരംഭകത്വവും അനുഭവവേദ്യമാക്കിയാൽ ഭാവിയിൽ ഈ മേഖലയിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയും എന്നതിൽ സംശയമില്ല. അതിലൂടെ സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരവും കണ്ടെത്താനാവും.

**(മഞ്ചേശ്വരം ജി. പി. എം. ഗവൺമെന്റ് കോളേജ് വാണിജ്യ വിഭാഗം മേധാവി ആണ് ലേഖകൻ)**

Biju R.

Ph: 9048536607

Sarang, Thoppinkara, Karicara
Pallippuram P.O., Trivandrum

*With Best Compliments from*

# He & She Garments Unit

First Floor, Central Arcade, Near Bus Station, Kadakkal, Kollam District

(mob: 9447012487)

For Ladies & Kids since 2011

(Best Women Entrepreneur Award Winner for Kollam District (2016-17)

**Garments** **Designer Garments**
**Special Occasion Garments for Wedding, Birthday etc.**
**Uniform Clothes** **Expert Stitching**

**(All at Reasonable and Affordable rates)**

**Bulk Orders Undertaken**



ലോറൻസ് മാത്യു

മാറുന്ന ബിസിനസ്സ്

# വിർച്വൽ റിയാലിറ്റിയുടെ മാന്ത്രികലോകം



സ്മാർട്ട് ഫോണുകളിൽ നിന്നും സാങ്കേതികലോകം ഏറെ മുമ്പോട്ട് പോയിരിക്കുന്നു. ഇത് വിർചൽ റിയാലിറ്റിയുടെ കാലം. ദൃശ്യങ്ങൾ കൺമുമ്പിൽ തെളിയുന്ന പ്രതീതി സൃഷ്ടിക്കുന്ന ഈ സാങ്കേതികവിദ്യ രൂപമെടുത്തത് എൺപതുകളിലാണ്. ത്രീഡി ചിത്രങ്ങളേക്കാളും യാഥാർത്ഥ്യലോകത്തെ ചിത്രീകരിക്കാനാണ് വിർചൽ റിയാലിറ്റി എന്ന സാങ്കേതികവിദ്യ ശാസ്ത്രലോകം വികസിപ്പിച്ചെടുത്തത്.

## എന്താണ് വിർച്വൽ റിയാലിറ്റി

ഒരേ സമയം മിഥ്യയും എന്നാൽ

യാഥാർത്ഥ്യമാണെന്ന അനുഭവം തരുന്ന സാങ്കേതികവിദ്യയാണ് ഇത്. ഒരു പ്രത്യേക തരത്തിലുള്ള അന്തരീക്ഷത്തിലേക്ക് ചില ഉപകരണങ്ങൾ വഴി പ്രൊജക്ട് ചെയ്യപ്പെടുന്ന രൂപങ്ങളാണ് നമുക്ക് വിർച്വൽ റിയാലിറ്റി എന്ന അനുഭവം നൽകുന്നത്. വേഗം എത്താൻ കഴിയാത്ത ഒരു സ്ഥലത്തിൽ മനുഷ്യന് വിർച്വൽ കോൺഫറൻസിംഗ് എന്ന സാങ്കേതിക വിദ്യയിലൂടെ ചെന്നുചേരാൻ കഴിയുന്നിടം വരെ എത്തി നിൽക്കുകയാണ് കാര്യങ്ങൾ.

പ്രധാനമായും ഒരു വിർച്വൽ റിയാലിറ്റി സിസ്റ്റത്തിന് നിർബന്ധമായും മൂന്ന് ഘടകങ്ങളാണുള്ളത്. ട്രാക്കർ, ഡിസ്പ്ലേ, ത്രീ ഡി മൗസ് എന്നിവയാണവ. ഉപയോക്താവിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്ന ട്രാക്കറാണ് ഒന്നാമത്തെ ഭാഗം. നാമിപ്പോൾ എന്ത് ചെയ്യുകയാണെന്ന് മനസ്സിലാക്കുകയാണ് ഈ ട്രാക്കറിന്റെ ചുമതല. തലയിൽ വെക്കാവുന്ന, ഒരു ഗ്ലാസ് പോലെ ധരിക്കാവുന്ന രീതിയിലുള്ള ഡിസ്പ്ലേയായ ഹെഡ് മൗണ്ടഡ് ഡിസ്പ്ലേയാണ് (എച്ച്. എം. ഡി) അടുത്ത ഘടകം. സാധാരണ ഡിസ്പ്ലേ ടെക്നോളജിയിലാണ് ഇതും നിർമ്മിക്കുന്നത്. നാം ഉപയോഗിക്കുന്ന മൗസ് പോലുള്ള ഒരു പോയിന്റിംഗ് ഉപകരണമാണ് ഇവിടുത്തെ മൗസ്. നാം ഒരു ദ്വിമാന തലത്തിൽ പോയിന്റ് ചെയ്യുവാനുപയോഗിക്കുന്നത് പോലെ ഒരു വിർച്വൽ റിയാലിറ്റി സിസ്റ്റത്തിൽ ത്രിമാന തലത്തിൽ പോയിന്റ് ചെയ്യുവാനാണ് ഈ മൗസ് ഉപയോഗിക്കുന്നത്. ഇവ കൂടാതെ ഇൻപുട്ട് ഔട്ട് പുട്ട് ഡേറ്റാ സ്ട്രീമുകളുമുണ്ട്.

നാളത്തെ ലോകത്തിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കുവാൻ പര്യാപ്തമായ സാങ്കേതിക വിദ്യയായാണ് വിർച്വൽ റിയാലിറ്റിയെ സാങ്കേതികലോകം വിലയിരുത്തുന്നത്. അതിന്റെ അലയൊലികൾ ഇപ്പോഴെ ആരംഭിച്ചു കഴിഞ്ഞുവെന്നാണ് ഈ രംഗത്ത് നിന്ന് വരുന്ന വാർത്തകൾ കാണിക്കുന്നത്. ഗൂഗിൾ അവതരിപ്പിച്ച ഗൂഗിൾ ഗ്ലാസ് ഈ രംഗത്തെ ശ്രദ്ധേയമായ ചുവട് വെപ്പുകളിലൊന്നാണ്.


Vaijayanthi Garments & Stitchings

Salini B.V.

Ph: 8136803922

Puthmidathu, Meleveedu, Manvila,
Pangappara P.O., Trivanfrum - 695024

*With complement*

V.G. Thilakan,

Vettiyattil House,

Kazhimbram P.O.

## വിർച്വൽ റിയാലിറ്റി– സാധ്യതകൾ

വിനോദം മുതൽ ഗൗരവമേറിയ കാര്യങ്ങളിൽ വരെ വിർചൽ റിയാലിറ്റി ചുവടുറപ്പിക്കുകയാണ്. സാങ്കേതിക വിദ്യയുടെ ചെറു ചലനങ്ങൾ പോലും ബിസിനസ്സിന്റെ ലോകത്ത് വൻ മാറ്റങ്ങളുണ്ടാക്കുവാൻ പര്യാപ്തമായി വരാറുണ്ട്.

## വൈദ്യശാസ്ത്രം

വിർചൽ റോബോട്ടിക് സർജറി ഇന്നൊരു യാഥാർത്ഥ്യമാണ്. ഒരു വിർചൽ അന്തരീക്ഷത്തിൽ ഡോക്ടർ ഓപ്പറേഷൻ നടത്തുമ്പോൾ യഥാർത്ഥ ശരീരത്തിൽ ഈ ചലനം ഒരു റോബോട്ട് അനുസരിക്കുന്നതാണ് വിർചൽ റോബോട്ടിക് സർജറി. ലോകത്തിന്റെ മറ്റേതോ കോണിലിരിക്കുന്ന ഒരു വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുവാനും ശസ്ത്രക്രിയയിൽ അമാനുഷികമായ കൃത്യത കൊണ്ടുവരുവാനുമെല്ലാം ഇത് സഹായിക്കുന്നുണ്ട്. ടെലി സർജറി, റിമോട്ട് സർജറി എന്നിങ്ങനെയെല്ലാം ഇത് അറിയപ്പെടുന്നു. ഗൂഗിൾ ഗ്ലാസിന്റെ സഹായത്തോടെ ലോകത്തെ ആദ്യ വിർചൽ റിയാലിറ്റി ശസ്ത്രക്രിയ ബ്രിട്ടനിൽ നടന്നു. ഡോക്ടർ ശാഫി അഹമദ് നേതൃത്വം നൽകിയ ശസ്ത്രക്രിയ ഗൂഗിൾ ഗ്ലാസിലൂടെ ഗസയിലെ വിദ്യാർത്ഥികളടക്കം ലോകത്തുടനീളം 13,000 ആളുകൾ തൽസമയം കണ്ടു.

റോയൽ ലണ്ടൻ ആശുപത്രിയിൽ 78 വയസായ രോഗിയുടെ ശരീരത്തിൽ നിന്നും കാൻസർ കോശങ്ങൾ എടുത്തുമാറ്റുന്ന ശസ്ത്രക്രിയയാണ് തൽസമയം വിദ്യാർത്ഥികളും ആശുപത്രി ജീവനക്കാരും കണ്ടത്.

ശസ്ത്രക്രിയ കോർഡിനേറ്റർ ഡോക്ടർ അഹമ്മദ്, ഗസയിലെ ഇസ്ലാമിക് സർവകലാശാലയുടെ മെഡിക്കൽ സ്കൂളിലെ ഡോക്ടർ ഖാമിസ് അലസി എന്നിവരാണ് ശസ്ത്രക്രിയ തൽസമയം കാണാനുള്ള സൗകര്യം ഒരുക്കിയത്.

മാത്രവുമല്ല ഓപ്പറേഷനുകൾ ഉൾപ്പെടെ വിവിധ തരത്തിലുള്ള പരിശീലനത്തിനും ഇത് ഉപയോഗിക്കുന്നുണ്ട്. രോഗനിർണ്ണയത്തിനും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ കഴിയും. വെർചൽ റിയാലിറ്റി അനുഭവിക്കുമ്പോൾ രോഗിയുടെ തലച്ചോറിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നത് തലച്ചോറുമായി ബന്ധപ്പെട്ട രോഗങ്ങളുടെ വിശകലനത്തിനും ചികിത്സക്കും സഹായകരമാകുമെന്ന് അടുത്ത കാലത്ത് നിരീക്ഷിക്കപ്പെടുന്നു. വിവിധതരം ഫോബിയകളുടെ ചികിത്സക്കായി രോഗിക്ക് എന്തിനോടാണോ ഭയം ആ സാഹചര്യം പുനഃസൃഷ്ടിച്ച് രോഗിയെ അതുമായി പൊരുത്തപ്പെടുന്ന എക്സ്പോഷൻ തെറാപ്പി കൂടുതൽ സുരക്ഷിതമായി ചെയ്യുവാൻ വെർചൽ റിയാലിറ്റി സഹായിക്കുന്നുണ്ട്. ഇതിനെ വെർചൽ റിയാലിറ്റി എക്സ്പോഷർ തെറാപ്പി (വി. ആർ. ഇ. റ്റി) എന്ന് പറയുന്നു.

മസ്തിഷ്കാഘാതം, വാഹനാപകടങ്ങൾ തുടങ്ങിയ പ്രശ്നങ്ങളാൽ ശരീരത്തിന്റെ ചലനശേഷി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പാനും അവരുടെ വൈദഗ്ദ്ധ്യം വിവിധ മേഖലകളിൽ പ്രയോജനപ്പെടുത്തുവാനും വിർചൽ റിയാലിറ്റി സഹായിക്കുമെന്നാണ് പുതിയ കണ്ടെത്തൽ. കിടക്കയിൽ കിടക്കുന്നുവെങ്കിലും വിർചൽ ലോകത്ത് ശരീര ചലനങ്ങൾ നിയന്ത്രിക്കുവാൻ കഴിയുന്ന ഈ സാങ്കേതികവിദ്യ യാഥാർത്ഥ്യമായാൽ ചലനശേഷി നഷ്ടപ്പെട്ടവർക്ക് മുമ്പിൽ ഒരു പുത്തൻ ലോകമായിരിക്കും തുറക്കപ്പെടുക.

## വിർച്വൽ റിയാലിറ്റി ടൂറിസത്തിൽ


സഞ്ചാര പരിപാടികൾ നമ്മുടെ സ്വീകരണ മുറിയിലെത്തിച്ച ഒരു പിടി സഞ്ചാര പരിപാടികളുണ്ട്. വ്യത്യസ്ത സംസ്കാരത്തെക്കുറിച്ച് അറിവ് പകരുന്ന ആ പരിപാടികൾ നൽകുന്ന സേവനം ചെറുതല്ല. എന്നാൽ ഇവിടെ വെയിലോ മഴയോ ഒന്നും തന്നെ നാം അനുഭവിക്കുന്നില്ല. മാത്രവുമല്ല സഞ്ചാരിയുടെ കഴുത്ത് തിരിക്കുവാൻ നമുക്കധികാരമില്ല. എന്നാൽ നാളെയുടെ വെർചൽ സഞ്ചാര പരിപാടികളിൽ സഞ്ചാരിയുടെ കഴുത്തിന്റെ നിയന്ത്രണവും നമുക്കാണ്. അഥവാ നാം തന്നെയാണ് സഞ്ചാരി. ഓപ്പൺ വേൾഡ്, 360 ഡിഗ്രി വീഡിയോ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ എവിടേക്ക് നോക്കുവാനും ഏത് ദിശയിൽ തിരിഞ്ഞ് നോക്കുവാനും നമുക്കാകും. ഒപ്പം ചുറ്റുപാടിന്റെ യഥാർത്ഥ

അനുഭൂതിയും ആസ്വദിക്കാം. വിപ്ലവകരമായ ഈ ആശയം ടൂറിസം രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ച് തുടങ്ങിയിരിക്കുന്നു. പല ടൂർ കമ്പനികളും ഇപ്പോൾത്തന്നെ വെർച്വൽ ടൂറുകൾ പ്രാവർത്തികമാക്കുവാൻ ശ്രമം തുടങ്ങിയിട്ടുണ്ട്.

ബ്രിട്ടീഷ് രാഞ്ജിയുടെ കൊട്ടാരം സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കായി ഒരു വിർച്വൽ റിയാലിറ്റി ടൂർ ഗൂഗിൾ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ കൊട്ടാരം 360 ഡിഗ്രിയിൽ വീക്ഷിക്കുവാനാകും. ബ്രിട്ടീഷ് മൊണാർക്കിയുടെ യൂ ട്യൂബ് ചാനലിലൂടെയാണിത് സാധ്യമാവുന്നത്. ഇത് ഈ രംഗത്തെ ഉയർന്ന് വരുന്ന സാധ്യതകളിലൊന്നാണ്.

ഈയടുത്തിടെ കേരളത്തിന്റെ മാസ്മരിക പ്രകൃതി സൗന്ദര്യം അനുവഭവവേദ്യമാക്കാൻ ന്യൂഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ കേരള ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അവിടെ ഒരു ദിവസം മുഴുവൻ സംസ്ഥാനത്തിന്റെ ആതിഥേയനായി മാറി. ഒരു കെട്ടുവള്ളത്തിലിരുന്ന് യാത്ര ചെയ്യുന്ന പ്രതീതി സൃഷ്ടിച്ച് കേരളത്തിന്റെ കായൽസൗന്ദര്യം പുറംലോകത്തിനു പരിയചപ്പെടുത്തുന്ന ഈ മായിക സംവിധാനം ഏറെ ഹൃദ്യമായിരുന്നുവെന്ന് മന്ത്രിയുടെ സാക്ഷ്യപത്രം. 360 ഡിഗ്രി സാങ്കേതികവിദ്യ ഉപയോഗിച്ച് ആറു ക്യാമറകളിൽ ചിത്രീകരിച്ച കായൽയാത്ര രണ്ടു മിനിറ്റ് നീളുന്ന ദൃശ്യാവിഷ്കാരത്തിലൂടെയാണ് വിർച്വൽ റിയാലിറ്റി കിയോസ്കിൽ ഉപയോഗിച്ചിരിക്കുന്നത്. വിർച്വൽ റിയാലിറ്റി ഹെഡ്സെറ്റ് ഉപയോഗിച്ച് ഈ ദൃശ്യങ്ങൾ കാണുമ്പോൾ 2000 കിലോമീറ്റർ അകലെ കേരളത്തിലെ കായലിലൂടെ യാത്ര ചെയ്യുകയാണെന്നേ തോന്നുകയുള്ളൂ. കായലോരങ്ങളിലെ മനുഷ്യജീവിതവും തെങ്ങിൻതോപ്പുകളും പാടശേഖരങ്ങളും പക്ഷിമൃഗാദികളും സൂര്യാസ്തമയവുമെല്ലാം ഹൗസ് ബോട്ടിലിരുന്ന് കാണുന്ന പ്രതീതി. അങ്ങനെയാണെങ്കിൽ കേരളം കാണാത്ത ഒരു വ്യക്തിക്ക് എന്തായിരിക്കും അനുഭവമെന്ന് വിവരിക്കാനാവില്ല. അതായത് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ നമുക്ക് ഏറ്റവും നൂതനമായ ഈ വിപണനതന്ത്രം ഉപയോഗിക്കാമെന്നർത്ഥം. ഇതിലപ്പുറം കേരളത്തെ മറുനാട്ടുകാർക്ക് പരിചയപ്പെടുത്തുന്ന മറ്റൊരു ഉപാധിയില്ല.

യാത്രകൾ ആസൂത്രണം ചെയ്യുമ്പോഴും പ്രാവർത്തികമാക്കുമ്പോഴും വിർച്വൽ റിയാലിറ്റി പോലുള്ള സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ പരമാവധി ചൂഷണം ചെയ്തു കൊണ്ട് അവ ഏറെ ഫലവത്താക്കാൻ സാധിക്കും. ഒരു വിനോദ സഞ്ചാരിക്ക് താൻ സഞ്ചരിക്കാൻ പോകുന്ന സ്ഥലത്തെക്കുറിച്ചുള്ള സ്വാഭാവികമായ അനുഭവ പരിചയം സമ്മാനിക്കുന്ന വിർച്വൽ റിയാലിറ്റി ഗാഡ്ജറ്റുകൾ ഇതിനകം ഒരനുഗ്രഹമായി മാറിക്കഴിഞ്ഞു. ഈ രീതിയുടെ സാമാന്യമായ ഒരു ഏകീകരണം വരും നാളുകളിൽ ഈ മേഖലയെ ഏറെ സ്വാധീനിക്കും.



ആയതിനാൽത്തന്നെ യാത്ര സ്ഥലങ്ങളുടെ ത്രിമാന ഉള്ളടക്കങ്ങളും വിർച്വൽ റിയാലിറ്റി അനുഭവങ്ങളും കോർത്തിണക്കി പുത്തൻ ടൂർ അനുഭവങ്ങളും പ്രദാനം ചെയ്യുവാൻ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക് കഴിയേണ്ടതായിട്ടുണ്ട്.



നമ്മുടെ ടൂറിസം മേഖല ശ്രദ്ധ വയ്ക്കേണ്ട രംഗമാണിത്. യാത്രകളും യാത്ര അനുബന്ധ ക്രമീകരണങ്ങളും, ഗതാഗത സമ്പ്രദായങ്ങളും ഒക്കെ എല്ലായ്പോഴും ഉപഭോക്തൃ കേന്ദ്രീകൃതമായാണ് നടപ്പിലാക്കാറുള്ളത്. അതുപോലെ തന്നെ അയുടെ പദ്ധതി ആവിഷ്കാരങ്ങളും ഉണ്ടാവേണ്ടത് ഉപഭോക്താവിനെ മുന്നിൽക്കണ്ടു കൊണ്ടാകണം. നമുക്ക് ഏറെ വിദേശനാണ്യം നേടിത്തരുന്ന ടൂറിസം മേഖലയിൽ സാങ്കേതിക വിദ്യയുടെ സമന്വയം കൂടിയുണ്ടായാൽ ഇനിയും നേട്ടങ്ങളുണ്ടാക്കാവുന്നതേയുള്ളൂ. അതിനാൽ തന്നെ സാങ്കേതിക മികവിനെ ആശ്രയിച്ചുള്ള യാത്രാ ഗതാഗത അനുബന്ധ മേഖലകളിലെ വികസനമാകണം നാം ലക്ഷ്യമിടേണ്ടത്.


ഗെയിമിങ്ങ്

നിലവിലെ ത്രീ ഡി ഓപ്പൺവേൾഡ് ഗെയിമുകളെല്ലാം വിർചൽ റിയാലിറ്റി ഗയിമുകളാണെന്ന് കാണാം. കാരണം ഇവിടെ നമുക്ക് ഇഷ്ടമുള്ളിടത്തേക്ക് നടക്കാം, എങ്ങോട്ട് തിരിഞ്ഞും നോക്കാം. ഇതിനെ സ്റ്റീരിയോ സ്കോപ്പിക് ത്രീ ഡി ആക്കുകയും ഹെഡ്സെറ്റ് വഴി 360 ഡിഗ്രി അനുഭൂതി നൽകുകയുമാണ് അധികമായി ചെയ്യുന്നത്. ലോകത്ത് ആദ്യമായി വിർചൽ റിയാലിറ്റി ഗെയിമിംഗ് പ്ലേ സ്റ്റേഷൻ കഴിഞ്ഞ മാസം ലോഞ്ച് ചെയ്തത് ദുബായിയിൽ ആയിരുന്നു. ഇപ്പോൾ ഇത് തിരുവനന്തപുരത്തേക്ക് വന്നിട്ടുണ്ട്. ഇതിന്റെ പ്രത്യേകത 360 വ്യൂവിൽ ഗെയിം കാണാനും കളിക്കാനും സാധിക്കുകയും, മോഷൻ മൂവ്മെന്റ് വഴി കളിക്കാനും സാധിക്കുന്നു എന്നത് തന്നെയാണ്. അതായത് എന്റർടെയ്ൻമെന്റ് രംഗത്തെ ബിസിനസ്സുകൾക്ക് മാറ്റങ്ങൾ സംഭവിക്കുന്നുവെന്നർത്ഥം.

വി. ആർ. ഹെഡ്സെറ്റ്

പുതിയ ഗെയിമിങ്ങ് കൺസോളുകളാണ് മാർക്കറ്റിലെ പുത്തൻ ട്രെൻഡ്. ഒക്യൂലസ് എന്ന അമേരിക്കൻ കമ്പനി അവതരിപ്പിച്ച വി ആർ ഹെഡ്സെറ്റ് ഈ രംഗത്ത് ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒന്നാണ്. തലയിൽ ഹെൽമറ്റ് പോലെ അണിയാവുന്ന ഈ അത്ഭുത ഗാഡ്ജെറ്റ് സിനിമ, ഗെയിമിങ്ങ് തുടങ്ങിയ വിനോദ വ്യവസായ രംഗത്ത് വിപ്ലവം സൃഷ്ടിക്കുവാൻ പര്യാപ്തമായ ഒന്നാണെന്നാണ് പ്രവചനം.





റിയാലിറ്റി നമുക്ക് നൽകുക. തീർത്തും ദുർലഭമായ പല വസ്തുക്കളും ഇത്തരത്തിൽ കണ്ട് പഠിക്കുവാൻ ഇത് വഴി കഴിയും. തവളയെ കീറി മുറിക്കുന്നത് പോലുള്ള വിഷയങ്ങളിലെ ധാർമികത പ്രശ്നങ്ങൾക്ക് പരിഹാരമാകുവാനും ഇത് വഴി കഴിയും.

ആയതിനാൽത്തന്നെ ഈ കമ്പനിയെ ഫെയ്സ് ബുക്ക് ഏറ്റെടുത്ത് കഴിഞ്ഞു. അതിനുശേഷം ഒക്യുലസ് അവതരിപ്പിച്ച വി ആർ ഹെഡ്സെറ്റ് ആണ് ഒക്കുലസ് റിഫ്റ്റ്.

കാണികൾ സ്വതന്ത്രമായി സീറ്റിലിരുന്ന് 360 ഡിഗ്രി ആംഗിളിൽ സിനിമ കാണുവാൻ കഴിയുന്ന വി ആർ തിയേറ്റർ നെതർലാന്റിന്റെ തലസ്ഥാനമായ ആസ്റ്റർഡാമിൽ ഒരുങ്ങുന്നുണ്ട്. താമസിയാതെ നമ്മുടെ നാട്ടിലും ഇത്തരത്തിലുള്ള തിയേറ്ററുകൾ ഉയർന്ന് വരുമെന്ന് പ്രതീക്ഷിക്കാം.

## വിനോദവും വിദ്യാഭ്യാസവും

വിനോദ വ്യവസായ രംഗത്ത് മാറ്റങ്ങൾ കൊണ്ടു വരുവാൻ പര്യാപ്തമായ സാങ്കേതിക വിദ്യയാണ് വിർച്വൽ റിയാലിറ്റി. വിർച്വൽ കാഴ്ചബംഗ്ലാവുകളുടെ കാലമാണ് വരുവാൻ പോകുന്നത്. ഒരു നിമിഷം കൊണ്ട് പാരീസിലെ ലോവ് മ്യൂസിയത്തിലെത്തുവാനും ഡാവിഞ്ചി അടക്കമുള്ളവരുടെ സൃഷ്ടികളാസ്വദിക്കുവാനും നാളെ കഴിഞ്ഞേക്കും. ഇതിനുള്ള സാങ്കേതികവിദ്യ ഇപ്പോൾത്തന്നെ ലഭ്യമാണ്. ആർക്കും ലോകത്തിലെ ഏത് മ്യൂസിയവും ഞൊടിയിടയിൽ സന്ദർശിച്ച് അറിവ് നേടുവാനുള്ള അവസരമാണ് ഇതിലൂടെ കരഗതമാവുക. അനതി വിദൂര ഭാവിയിൽ ഇത്തരത്തിലുള്ള നിരവധി നൂതന സംരംഭങ്ങളെ നമ്മുടെ നാട്ടിലും കാണാവുന്നതാണ്.

അപകടകരമായ പല വസ്തുക്കളും കണ്ട് പഠിക്കുവാനുള്ള അവസരമാണ് വിർച്വൽ

## കായികരംഗം

കായിക രംഗമാണ് ഈ സാങ്കേതിക വിദ്യക്ക് മാറ്റങ്ങളുണ്ടാക്കുവാൻ കഴിയുന്ന മറ്റൊരു മേഖല. കായിക പരിശീലനത്തിലും ഉപകരണങ്ങളുടെ ഡിസൈനിങ്ങിലും കായിക മത്സരങ്ങളുടെ സംപ്രേഷണത്തിലും വിർച്വൽ റിയാലിറ്റിക്ക് കാര്യമായ ഇടപെടൽ നടത്തുവാൻ കഴിയും. കായിക ഉപകരണങ്ങളുടെ നിർമ്മാണത്തിന് കമ്പ്യൂട്ടർ സിമുലേഷനും വിർച്വൽ സാങ്കേതികവിദ്യയും ഉപയോഗിക്കുമ്പോൾ ഡിസൈനിങ്ങ് കുറ്റമറ്റതാക്കുവാനും സമയവും പണവും അധ്വാനവും ലാഭിക്കുവാനും കഴിയും. അപകടകരമായ കായിക ഇനങ്ങൾ പരിശീലിക്കുവാനും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ കഴിയും. ഇപ്പോഴുള്ള സപ്രേഷണത്തിൽ നിന്നും ഏറെ വ്യത്യസ്തമായ ഒന്നായിരിക്കും വിർച്വൽ റിയാലിറ്റി ഉപയോഗപ്പെടുത്തിയുള്ള സംപ്രേഷണം. ശരിക്കും സ്റ്റേഡിത്തിലിരുന്ന് കളി കാണുന്ന അതേ അവസ്ഥ സൃഷ്ടിക്കുവാൻ സാധിക്കുമെന്നതിനാൽ ഏറെ വാണിജ്യ സാധ്യതയുള്ളയൊന്നായിട്ടാണ് ഈ രംഗത്തെ വികാസത്തെ സാങ്കേതിക ലോകം നോക്കി കാണുന്നത്.

## കുറ്റാന്വേഷണം

ഒരു കുറ്റകൃത്യം നടന്നാൽ ആദ്യം ചെല്ലുന്ന ഉദ്യോഗസ്ഥർക്ക് മാത്രമാണ് ആയതിന്റെ പൂർണ്ണ വിവരങ്ങൾ ഏറെക്കുറെയെങ്കിലും ലഭിക്കുക. രംഗം

അപ്പോൾത്തന്നെ വൃത്തിയാകുന്നതിനാൽ തുടരന്വേഷണത്തിന് ഏതാനും ഫോട്ടോകൾ മാത്രമായിരിക്കും പിന്നീട് ആശ്രയം. എന്നാൽ വിർച്വൽ റിയാലിറ്റി ചിത്രീകരണം പ്രാവർത്തികമായാൽ ഇത്തരം രംഗങ്ങളുടെ വിശദമായ റൊക്കോർഡുകൾ സൂക്ഷിക്കുവാനും ആവശ്യമുള്ളപ്പോൾ വിശകലനം ചെയ്യുവാനും സാധിക്കും. കോടതിവാദങ്ങളിൽ പ്രധാനപ്പെട്ട തെളിവായി ഉയർത്തിക്കാട്ടുവാൻ പോലും ഇത്തരം റെക്കോർഡുകൾക്ക് കഴിഞ്ഞേക്കും.

## സൈനീക മേഖല

സൈനിക മേഖലയിൽ വിമാനം പറത്തൽ, അപകടകരമായ കാര്യങ്ങൾ അഭിമുഖീകരിക്കൽ എന്നിവയിൽ പരിശീലനം




ആവശ്യമാണ്. ഈ പരിശീലനത്തിന് വിർച്വൽ റിയാലിറ്റിയുടെ സഹായം തേടുവാൻ കഴിയും. ഫ്ളൈറ്റ് സിമുലേഷൻ, ബാറ്റിൽ ഫീൽഡ് സിമുലേഷൻ എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ട പരിശീലനം. വിമാനം പറത്തുന്നതിന്റെ പ്രതീതി ജനിപ്പിക്കുന്നതാണ് ഫ്ളൈറ്റ് സിമുലേഷൻ. ഇതൊരു യഥാർത്ഥ വിമാനമായിരുന്നുവെങ്കിൽ ജാലകത്തിലൂടെ എന്ത് കാണുന്നുവോ അതാണ് മോണിറ്ററിൽ തെളിയുക. ബാറ്റിൽ ഫീൽഡ് സിമുലേഷനിൽ ഒന്നിലധികം പേർക്കാണ് പരിശീലനം നൽകുക. അവരാകട്ടെ ഹെഡ് മൗണ്ടുകൾ ധരിച്ച് സ്വതന്ത്രരായി നടക്കുകയാണ്. അവരുടെ ചലനവും ആയുധങ്ങളിൽ നിന്നുള്ള സന്ദേശങ്ങളും കണക്കിലെടുത്താണ് സിമുലേഷൻ. ഇതുകൂടാതെ സൈനീക മേഖലയിൽ അന്തർവാഹിനികളിലും ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ട്. യുദ്ധ രംഗത്തെ ചികിത്സയിൽ ചികിത്സകരെ പരിശീലിപ്പിക്കുവാനും വിവിധതരം തെറാപ്പികൾ നടത്തുവാനും വിർച്വൽ റിയാലിറ്റി ഉപയോഗപ്പെടുത്തുവാൻ കഴിയും.

## ഡിസൈനിങ്ങ്

എഞ്ചിനിയറിങ്ങിലും അല്ലാത്തതുമായ എല്ലാ ഡിസൈനിങ്ങിലും വിർച്വൽ റിയാലിറ്റി ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. ത്രീ ഡി ഡിസൈനുകൾ വളരെവേഗം തയ്യാറാക്കുവാനും തെറ്റുകൾ എളുപ്പത്തിൽ കണ്ടെത്തുവാനും കഴിയുമെന്നതാണ് ഇതിന്റെ ഗുണം. വാഹന ഡിസൈൻ ഉൾപ്പെടെയുള്ള ഡിസൈനിൽ ഇത് ഏറെ പ്രയോജനപ്രദമാണ്. ഒക്കുലസ് റിഫ്റ്റ് ഉപയോഗിക്കുക വഴി ഫോർഡ് മോട്ടേഴ്സ് ഇപ്പോൾത്തന്നെ അവരുടെ ഡിസൈനിങ്ങ് പ്രക്രിയ വിർച്വൽ ആക്കിയിട്ടുണ്ട്.

വളർന്ന് വരുന്നയൊരു സാങ്കേതിക വിദ്യ എന്ന നിലക്ക് ഭാവിയുടെ ബിസിനസ്സ് മേഖലകളിൽ മാറ്റങ്ങളുണ്ടാക്കുവാനും ഒപ്പം പുത്തൻ സ്റ്റാർട്ടപ്പുകൾക്ക് വഴിയൊരുക്കുവാനും പ്രാപ്തമായയൊന്നാണ് വിർച്വൽ റിയാലിറ്റി എന്നത്. ബിസിനസ്സുകാർക്ക് അവരുടെ യാത്രകൾ പരമാവധി കുറയ്ക്കുവാൻ കഴിയുന്നയൊരു സാങ്കേതിക വിദ്യയാണിത്. നമ്മുടെ ഗവേഷണലോകം ഈ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ യുവ തലമുറയെ കൂടുതലായി സംരംഭകത്വത്തിലേ ക്കാകർഷിക്കുവാൻ കഴിയുമെന്ന് നിസ്സംശയം പറയാം.



സംരംഭവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങൾ, അപേക്ഷ സമർപ്പിക്കൽ , പ്രൊജെക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ സേവനങ്ങൽ നൽ ന്നതിനായി കോഴിക്കോട് തലൂക്ക് വ്യവസായ ഓഫീസിലെ സംരംഭക സ്വയം സഹായ കേന്ദ്രം കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ബഹു: ജനറൽ മനേജർ ശ്രീ സൈമൺ സക്കറിയാസ് ഉദ്ഘാടനം ചെയ്തു.

---

## എസ്. സി/ എസ്. റ്റി ഹബ്ബ്

എസ്. സി./ എസ്. റ്റി സംരംഭങ്ങൾക്ക് സാങ്കേതിക പരിജ്ഞാനം നൽകി പൊതു സമ്പാദക പ്രക്രിയ (പബ്ലിക് പ്രൊക്വയർമെന്റ് പ്രോസസ്സ്) യിൽ കാര്യക്ഷമമായ പങ്കാളിത്തം നൽകുക എന്ന ലക്ഷ്യത്തോടെ 2016-ൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് എസ്. സി/ എസ്. റ്റി ഹബ്ബ്. ടി പദ്ധതിയുടെ ഭാഗമായി സംരംഭകരിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും കെ. ബിപ്- തിരുവനന്തപുരത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 19.04.2018- ൽ ചെറുതോണി കരാർ ഭവൻ ഓഡിറ്റോറിയത്തിൽ ഏകദിന ശില്പശാല നടന്നു. ശില്പശാലയിൽ സംരംഭകരും എസ്. സി/ എസ്. റ്റി പ്രൊമോട്ടർമാരുമായി 116 പേർ പങ്കെടുത്തു.

കെ. ബിപ് ഡെപ്യൂട്ടി മാനേജർ വാൻ റോയിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ഇടുക്കിയുടെ തനത് ഉല്പന്നങ്ങളായ ഈറ്റ, മുള എന്നിവയിൽ നിന്നും നിർമ്മിക്കുന്ന ചെറിയ കരകൗശല ഉല്പന്നങ്ങൾ പോലും പൊതുമേഖലാ ഹോട്ടലുകൾ വഴി വിറ്റഴിക്കുന്നതിന് ടി പദ്ധതി പ്രകാരം സാധിക്കുമെന്ന് ജനറൽ മാനേജർ ചൂണ്ടിക്കാട്ടി. തൊടുപുഴ ഉപജില്ലാ വ്യവസായ ഓഫീസർ രഞ്ജുമാണി സ്വാഗതവും ദേവികുളം ഉപജില്ലാ വ്യവസായ ഓഫീസർ ബോബൻ സാമുവൽ നന്ദിയും പ്രകാശിപ്പിച്ചു.



# തൃശൂർ പൂരം ജില്ലാപഞ്ചായത്ത് പവലിയൻ തുടങ്ങി



തൃശൂർ പൂരം എക്സിബിഷന്റെ ഭാഗമായുള്ള ജില്ലാ പഞ്ചായത്ത് പവിലിയൻ തുടങ്ങി. പവിലിയന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ പത്മിനി ടീച്ചർ, മഞ്ജുള അരുണൻ, മുൻ ജില്ലാ പഞ്ചായത്ത് ഷീല വിജയകുമാർ, വികസന സ്റ്റാന്റിംഗ് കമ്മറ്റി അംഗം വിഷ്ണു. വി. ജി, ജില്ലാ പഞ്ചായത്ത് അംഗം സിജി മോഹൻദാസ്, ലില്ലി ഫ്രാൻസിസ്, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡോ. കെ. എസ്. കൃപകുമാർ, മാനേജർ ടി. എസ്. ചന്ദ്രൻ, ജി. പ്രണാബ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടി. എസ്. മജീദ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. 20 ബൊക്സും, 62 സ്റ്റാളുകളും ഉൾപ്പെടെ 82 പ്രദർശന സ്ഥാപനങ്ങൾ ഇതിൽ പങ്കെടുക്കുന്നുണ്ട്.



# സംരംഭകരെ മുതലാളിമാരായി ചിത്രീകരിക്കരുത്



സ്വയം തൊഴിൽ കണ്ടെത്തുന്ന സംരംഭകരെ മുതലാളിമാരായി കാണുന്ന സമീപനത്തിൽ മാറ്റം ഉണ്ടാകണമെന്ന് വ്യവസായ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ പ്രസ്ഥാവിച്ചു. അവർ നേരിടുന്ന മുഖ്യപ്രശ്നമായ ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സർക്കാർ ശ്രമിച്ചു വരികയാണ്. അതിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്ത് നിലനിന്നിരുന്ന 7 നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചത്. ഈ നിയമം പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. തൃശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കുമുള്ള ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം ഒരു തരത്തിലും കവർന്നെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ അവർ ബാധ്യസ്ഥരാകും എന്നു മാത്രം അദ്ദേഹം കൂട്ടിച്ചേർത്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡോ. എ. കൗശിഗൻ ഐ. എ. എസ്, കെ. എസ്. എസ്. ഐ. ജില്ലാപ്രസിഡന്റ് ഫിലിപ്പ്. എം. മുളയ്ക്കൽ, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡോ. കെ. എസ്. കൃപകുമാർ, മാനേജർ ടി. എസ്. ചന്ദ്രൻ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ച് സംസാരിച്ചു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ''കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017'' എന്ന വിഷയത്തെ അധികരിച്ച് കെ. എസ്. ഐ. ഡി. സി. ഡെപ്യൂട്ടി മാനേജർ വി. പ്രശാന്ത് വ്യവസായ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പും പ്രാദേശിക സാമ്പത്തിക വികസനവും എന്ന വിഷയത്തെക്കുറിച്ച് കിലയിലെ പ്രൊഫസർ ജെ. ബി. രാജനും ക്ലാസുകൾ നയിച്ചു.

ഹോട്ടൽ ഗരുഡയിൽ വച്ച് 2017 മാർച്ച് 17 നായിരുന്നു പരിപാടി.







നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക

**വ്യവസായകേരളം**

## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം






എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Regn.No.KL/TV(N)/183/2016-2018
Volume 50 Issue 12
May 2018

Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd May 2018




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor : Baiju R.S.